പുസ്തകം 11 ലക്കം 3
ഫെബ്രുവരി 2021
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക



## ഒന്ന് തിരിഞ്ഞുനോക്കുന്നത് നല്ലതാണ്



*കലയും കൈക്കോട്ടും എന്ന പേരിൽ തനിമ കലാസാഹിത്യ വേദി പാലക്കാട്ട് സംഘടിപ്പിച്ച പരിപാടി ഏക തത്ത്വ ചീഫ് എഡിറ്റർ ഇ. ടി. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു.*

# കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം

പാലക്കാട് : കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യവുമായി കലയും കൈക്കോട്ടും തലക്കെട്ടിൽ തനിമ കലാസാഹിത്യ വേദി ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ പാലക്കാട് സ്റ്റേഡിയം സ്റ്റാൻഡിനു മുന്നിൽ പരിപാടി സംഘടിപ്പിച്ചു. ചിത്രകലാകാരന്മാർ ഉൾപ്പടെ കവികൾ, എഴുത്തുകാർ, മാന്ത്രികർ എന്നിവർ സംബന്ധിച്ചു.

ഏക തത്ത്വ ചീഫ് എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരൻ ഉദ്ഘാടനം നിർവ്വഹിച്ചു. തനിമ കലാസാഹിത്യവേദി ജില്ല പ്രസിഡന്റ് സലാം വല്ലപ്പുഴ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ആദം അയൂബ് മുഖ്യപ്രഭാഷണം നടത്തി. രക്ഷാധികാരി ശ്രീ. ബഷീർ ഹസൻ നദ്‌വി, അഡ്വ. ഗിരീഷ് നൊച്ചുള്ളി, പാലക്കാട് കൗൺസിലർ ശ്രീ. എം. സുലൈമാൻ, ശ്രീ. ബഷീർ പുതുക്കോട്, ശ്രീമതി. റഹീമ ടീച്ചർ, ശ്രീ. യാസിർ മാസ്റ്റർ, ശ്രീമതി. സൽമ ബഷീർ എന്നിവർ സംസാരിച്ചു.

ശ്രീ. ജയരാജ് കുലുക്കല്ലൂർ, ശ്രീ. രാമകൃഷ്ണൻ വെള്ളിനേഴി എന്നിവർ കവിതകൾ അവതരിപ്പിച്ചു. ശ്രീ. സുഹൈൽ ഒറ്റപ്പാലം, ശ്രീ. അൻസാർ മാസ്റ്റർ ഗാനങ്ങൾ ആലപിച്ചു. ശ്രീ. റിയാസ് പാലക്കാട് ഓടക്കുഴലും തെരുവ് മാന്ത്രികൻ ശ്രീ. ശംസുദ്ദീൻ സ്ട്രീറ്റ് മംഗോ ട്രീയും മജീഷ്യൻ ശ്രീ. ഷഹബാസ് ഖാൻ മാജികും അവതരിപ്പിച്ചു. തനിമ ജില്ല സെക്രട്ടറി ശ്രീ. ഹംസ കാരക്കാട് സ്വാഗതവും പ്രോഗ്രാം കൺവീനർ ശ്രീ. ഷഫീഖ് അജ്മൽ നന്ദിയും പറഞ്ഞു.



₹ 15

# ഏക തത്ത്വ

## മാസിക

**പുസ്തകം 11 ലക്കം 3**
**ഫെബ്രുവരി 2021**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർ ഫോട്ടോ**
നടരാജൻ
അമ്മു ഡിജിറ്റൽസ്, 9447750857

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**
വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

You can also use KSFE Palakkad Branch II, Sugama A/c No.3337

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**
10 – അഹങ്കാരത്തിനുമില്ലേ അതിര് – ഉദയകുമാർ. ജി
11 – വ്യക്തിത്വവികാസവും ചില മാനസീകാരോഗ്യ പ്രശ്നങ്ങളും – പ്രൊഫ. വി. കെ. എം. നായർ
16 – സമയം – സൈനുദീൻ മുണ്ടക്കയം
25 – ശ്രീനാരായണ ഗുരുവും മഹാത്മാ ഗാന്ധിയും – എൽ. ശ്യാമള

**കഥ**
15 – യാഥാർത്ഥ്യം – ടി. വി. ഹരികുമാർ
18 – യുക്തിവാദി – തുളസി കേരളശ്ശേരി
30 – രാത്രിയുടെ തേങ്ങലുകൾ – പ്രേം മധുസൂദനൻ
31 – കനൽയാത്ര – ജയശ്രീ രാജേഷ്
33 – ഭ്രമം – സുധ തെക്കേമഠം
39 – ഒറ്റക്കൊലുസ്സ് – ബിതാ ദാസ്
41 – രണ്ട് ആണുങ്ങൾ – ഇന്ദു മാരാത്ത്
42 – തെക്കീട്ടിൽ കഥകൾ – സുരേഷ് തെക്കീട്ടിൽ

**കവിത**
15 – നാളേയ്ക്കായി – സുകുമാരൻ കോങ്ങാട്
17 – തിരിഞ്ഞുനോട്ടം – സതീഷ് കോങ്ങാടൻ
20 – നിന്നിലെ ഞാൻ – ഷൈല സുനിൽ
24 – അഞ്ചുകവിതകൾ – ദിലീപൻ
29 – രക്ഷകന്റെ വരവ് – നിർമ്മല ടീച്ചർ
32 – ഒറ്റയാൾക്കൂട്ടം – റീന രാധ
34 – നീയിപ്പോഴും – ദീപ സന്തോഷ്
38 – ഉച്ചയൂൺക്കൂട്ട് – രാജീവ് മാമ്പുള്ളി
40 – നുറുങ്ങുകവിതകൾ – മുരളീധർ കൊല്ലത്ത്
40 – കുറുങ്കവിതകൾ – ദിനേഷ് കന്നിമാരി

**ഓർമ്മച്ചിത്രങ്ങൾ**
07 – പടപ്പാട്ടുകൾ പൂത്തകാലം – മുക്കം ഭാസി

**ഗായകരത്നങ്ങൾ**
17 – മാധുരി, അമ്പിളി – ടി. വി. നാരായണൻ കുട്ടി

**യാത്രാവിവരണം**
19 – ഓർമ്മയിൽ ഒരു അമൃതസർ യാത്ര – ഡോ. സുനീത് മാത്യു

**വിജ്ഞാനച്ചെപ്പ്**
21 – നാടിനെ അറിയാം, നാട്ടാരേം – ഡോ. ഒ. സി. പ്രമോദ്

**ആരോഗ്യം**
27 – കണ്ണിനെ ബാധിക്കുന്ന രോഗങ്ങൾ – ഡോ. സി. രാമകൃഷ്ണൻ

**കാഴ്ചപ്പുറങ്ങൾക്ക(ഇ)പ്പുറം**
29 – കളകളകറ്റാം വിളവുകൾ സംരക്ഷിക്കാം – രാജേന്ദ്രൻ വയല

**നോവൽ**
35 – മണ്ണിന് ജീവൻ കൊടുക്കുന്നവർ – ടി. കെ. ഉണ്ണികൃഷ്ണൻ



# ഒന്ന് തിരിഞ്ഞുനോക്കുന്നത് നല്ലതാണ്

**ഇ. ടി. മുരളീധരൻ**

**സ്**കൂളിലും കോളേജിലുമൊക്കെ പഠിക്കുന്ന കാലത്തെ കുറിച്ചൊന്ന് ചിന്തിച്ചുനോക്കൂ. പലരും അവസാന വർഷ പരീക്ഷയുടെ തലേ ദിവസമേ പുസ്തകം തുറക്കൂ. ഏറിയാൽ അവസാനത്തെ ഒരു മാസം ഗംഭീര പഠിത്തമായിരിക്കും. എങ്ങനെയെങ്കിലും ജയിക്കണം. ചിലർ പഠിപ്പിസ്റ്റുകളുടെ നോട്ടുപുസ്തകങ്ങൾ അടിച്ചു മാറ്റും. എന്നിട്ടെന്തുകാര്യം ? പലതും അന്നേരം വായിച്ചാൽ മനസ്സിലാകുക പോലുമില്ല. ദിനവും ക്ലാസ്സിൽ കയറിയിരുന്ന് പഠിച്ചാൽ മതിയായിരുന്നു എന്ന് പരീക്ഷയുടെ തലേന്നാൾ അവർക്ക് തോന്നും. എന്തായാലും അവർ കള്ളക്കോപ്പി അടിച്ചിട്ടാണെങ്കിലും പരീക്ഷ ജയിക്കും. അങ്ങനെ ചുളുവിൽ പാസ്സായവരാണ് വിദ്യാഭ്യാസത്തിന്റെ വില കളയുന്നത്. വേണ്ടത്ര വിവരമില്ലാതെ പാസ്സായിട്ടെന്തുകാര്യം ? ഇതിലും എത്രയോ ഭേദമാണ് സ്കൂളിന്റെ പടിപോലും ചവിട്ടാത്തവർ. അവർക്കുള്ള അറിവുപോലും പഠിച്ചവർക്കില്ല എന്നുപറയുന്നതും അതുകൊണ്ടാവാം. എന്റെ ഒരു കൂട്ടുകാരൻ പണ്ട് എന്നോട് പറയുമായിരുന്നു നീ പഠിച്ചു വലിയ കലക്ടറായാലും ശരി രാഷ്ട്രീയത്തിലിറങ്ങി മന്ത്രിയാവാൻ പോകുന്ന എന്റെ മുന്നിൽ വന്ന് ഒരു നാൾ കൈയുംകെട്ടി നിൽക്കേണ്ടി വരും. സംഗതി ശരിയാണ്. വിദ്യാഭ്യാസത്തിനും അറിവിനും ആദർശത്തിനും ഒന്നും ഇന്നും ഒരു വിലയുമില്ല.

പരീക്ഷയുടെ തലേന്നാൾ പഠിക്കാനായി ഒരുങ്ങുന്ന കുട്ടിയെപ്പോലെ ജനനായകന്മാർ, രാഷ്ട്രീയ നേതാക്കൾ നെട്ടോട്ടമോടുകയാണ്. ഇലക്ഷൻ അടുക്കാറായല്ലോ. ഈയൊരു മാസം വെയിലുകൊണ്ട് വിയർപ്പൊഴുക്കിയാൽ പിന്നെ ശീതീകരിച്ച റൂമിലിരുന്ന് ബാക്കിയുള്ളവർക്ക് തൊഴലില്ലായ്മയും വിലക്കയറ്റവും സൃഷ്ടിച്ച് പണികൊടുത്തു കൊണ്ടിരിക്കാം. അവരുടെ ജീവിതത്തിൽ അശാന്തിയും അരക്ഷിതാവസ്ഥയും വരുമ്പോൾ, ജീവിതപ്രശ്നങ്ങളുടെ ഇടയ്ക്ക് അവർ നമ്മളെ ശ്രദ്ധിക്കുകയേയില്ല. അങ്ങനെ അഞ്ചുവർഷം നമുക്ക് സുഖമായി ജീവിക്കാം. ഭക്ഷണം, താമസം, യാത്ര അങ്ങനെ എല്ലാം ഗവൺമെൻറ് ചെലവിൽ നടന്നുകൊള്ളും. ഇടയ്ക്കിടെ മേക്കപ്പിട്ട് ടി.വി.ക്ക് മുന്നിൽ ഇരുന്ന് ചർച്ചയിൽ പങ്കെടുക്കണം. നേരെചൊവ്വേ സംസാരിക്കാൻ അറിയാത്തവർ അതിനൊന്നും മെനക്കെടാറില്ല. എന്തായാലും അഞ്ചുകൊല്ലം കഴിഞ്ഞ് പ്രജകളെ കാണാനായി വിദേശനിർമ്മിത കാറിൽ ഗ്രാമഗ്രാമാന്തരങ്ങളിലൂടെ വരും, നമ്മുടെ ദുഃഖത്തിൽ മുതലക്കണ്ണീർ വിടും. നമ്മുടെ മനസ്സലിയും. 'കഴിഞ്ഞതവണ എന്നെ ജയിപ്പിച്ചിട്ട് പിന്നെ കണ്ടതേയില്ല ? എന്തെങ്കിലും പരാതിയുമായി വരാമായിരുന്നില്ലേ' എന്ന് ചിലപ്പോൾ സ്ഥാനാർത്ഥി വോട്ടറോട് ചോദിച്ചേക്കാം. അതു കേട്ട വോട്ടർ സംപ്രീതനാകുന്നു. ഇത്തവണ വോട്ട് ഇവർക്കുതന്നെ എന്ന് മനസ്സിൽ ഉറപ്പിക്കുന്നു പക്ഷേ ചിലരെ അങ്ങനെയൊന്നും കൈപ്പിടിയിൽ ഒതുക്കാനാവില്ല. അവർക്കായി ബിരിയാണിയും വിദേശനിർമ്മിത മദ്യവും പണവും എല്ലാം കരുതിവെച്ചിട്ടുണ്ട്. ഇതിലേതെങ്കിലും ഒന്നിൽ വീഴാത്തവരായി ആരുമില്ലെന്ന് രാഷ്ട്രീയക്കാർക്ക് നന്നായിട്ടറിയാം. പണ്ട് പണം കൊടുത്ത് വോട്ട് നേടുന്ന ഏർപ്പാട് മറ്റു സംസ്ഥാനങ്ങളിലേ ഉണ്ടായിരുന്നുള്ളൂയെങ്കിൽ ഇന്ന് നമ്മുടെ സംസ്ഥാനത്തും അതെത്തി. നമുക്ക് ഒരു നേരത്തെ ഭക്ഷണം കിട്ടി. അവർക്ക് അഞ്ചുകൊല്ലത്തേയ്ക്ക് പുട്ടടിക്കാനുള്ള വകുപ്പ് കിട്ടി, ഇരുവരും അല്പനേരത്തേക്ക് ഹാപ്പിയായി.

ഭാര്യാഭർത്താക്കന്മാരിൽ ആർക്കെങ്കിലും ഒരാൾക്ക് സർക്കാർ ജോലി ഉണ്ടെങ്കിലേ ഇന്നത്തെ കാലത്ത് പിടിച്ചുനിൽക്കാനാവുകയുള്ളൂ. പരീക്ഷ എഴുതിയാൽ ജോലി കിട്ടില്ല, എങ്ങനെയെങ്കിലും രാഷ്ട്രീയ സ്വാധീനമുപയോഗിച്ചോ അല്ലാതേയോ ആദ്യം താൽക്കാലിക ജോലിക്കാരനാവും. പിന്നെ പണം കൊടുത്ത് സ്ഥിരജോലിക്കാരനായി മാറും. അതുപോലെ ഈയിടെയായി ചില രാഷ്ട്രീയക്കാരുടെ അടുത്ത ബന്ധത്തിൽ പെട്ടവർക്ക് ചുളുവിൽ സർക്കാർ ജോലി ഒപ്പിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ പരീക്ഷ പാസ്സായവർ റോഡിലിരുന്ന് ജോലിക്കായി സമരം ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി ഇതാകുമ്പോൾ മറ്റു സംസ്ഥാനങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്ന് ഊഹിക്കാമല്ലോ. ആര് ഭരണത്തിൽ കയറിയാലും സ്ഥിതി ഇതുതന്നെ. അവർക്ക് വേണ്ടപ്പെട്ടവരെയൊക്കെ അവർ പിൻവാതിലിലൂടെ വൻതുക കൈപ്പറ്റി നിയമനം നടത്തും. ഇവിടെ ആരും ഹരിശ്ചന്ദ്രൻമാരല്ലല്ലോ. ഗവൺമെന്റ് ജോലി ചുളുവിന് ലഭിച്ചാൽ എന്താ പുളിക്കുമോ ? തരം കിട്ടിയാൽ ആദർശങ്ങളെ കാറ്റിൽ പറത്തി പിൻവാതിൽ വഴി ജോലിയ്ക്ക് കയറും, പിന്നെ സർക്കാർ ശമ്പളവുമായി സർക്കാർ ജോലി നേടിത്തന്ന രാഷ്ട്രീയ പാർട്ടിക്ക് വേണ്ടി പണിയെടുക്കും. ഹൊ, എന്തൊരു കൂറ് ?

ഇലക്ഷൻ അടുത്തെത്തിയിട്ടും ലാവിലിനും സോളാർ വനിതയും വന്നില്ലല്ലോ എന്ന് ചിന്തിച്ചിരിക്കുമ്പോഴാണ് പുതിയ തൊഴിൽ തട്ടിപ്പുമായി സോളാർ ചേച്ചിയുടെ വരവ്. അഞ്ചുകൊല്ലങ്ങൾക്കുമുമ്പ് കണ്ടതാണ്, കേട്ടതാണ് ഇവരുടെ ശബ്ദം. വീണ്ടും ഇലക്ഷൻ എത്തി, അവരും എത്തി. സർക്കാറിന് തലവേദനയായി. അഞ്ചു വർഷങ്ങൾക്കുമുമ്പ് തെളിവ് തരാം, അത് സിഡിയിലുണ്ട്, പെൻഡ്രൈവിലുണ്ട് എന്നു പറഞ്ഞു കേരളം മുഴുവൻ പോലീസുമായി ചുറ്റിനടന്നു. സിഡിയും കിട്ടിയില്ല, പെൻഡ്രൈവും കിട്ടിയില്ല. അതിലാർക്കും പരാതിയുമില്ല. ആണും പെണ്ണും കെട്ട് നടക്കുന്നവരെ കൂട്ടുപിടിക്കുമ്പോൾ ഓർക്കണമായിരുന്നു ഇങ്ങനെ പലതും പിറകെ വരുമെന്ന് പക്ഷെ ആര് ചിന്തിക്കുന്നു ? ഇ

പ്പോഴത്തെ കാര്യം ഇപ്പോൾ, പിന്നെ വരുന്നത് വരുന്നിടത്തുവെച്ച് കാണാം. ഇലക്ഷനാകുമ്പോൾ ആരേയും കൂട്ടു പിടിക്കും, എങ്ങിനേയും ജയിക്കണം. എന്തായാലും ജയിച്ചാലും തോറ്റാലും ഒരു ചുക്കുമില്ല. ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും കാര്യങ്ങൾ നടക്കും. ലാഭവിഹിതത്തിന്റെ അനുപാതത്തിൽ ചെറിയ മാറ്റം സംഭവിക്കുമെന്ന് മാത്രം പിന്നെന്താ വേണ്ടത് ?

'തന്റെ തന്നെ ഗൃഹത്തിങ്കൽ നിന്നുടൻ കൊണ്ടുപോന്ന ധനം കൊണ്ടു നാമെല്ലാം മറ്റെങ്ങാനുമൊരേടത്തിരുന്നിട്ടു വിറ്റൂണെന്നു പറയും കണക്കിനേ' പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലെ വരികളാണ്. ഇത് ഇന്നും പ്രസക്തം. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കോർപ്പറേറ്റിനു വിറ്റുതുലയ്ക്കും. ഒന്നും സ്വപ്രയത്നം കൊണ്ടുണ്ടാക്കിയതല്ലല്ലോ. നമ്മളെയെല്ലാം കൂട്ടത്തോടെ അടിമകളാക്കും. ദാരിദ്ര്യവും പട്ടിണിയും സ്വാതന്ത്ര്യവും എല്ലാം ഇനിയും നാം രുചിച്ചറിയും ഒരുപക്ഷേ ദൈവ നിയോഗമായിരിക്കാം. ഒരു നിശ്ചിത ഇടവേളകളിൽ ചരിത്രം ഉൾക്കൊണ്ട് ജീവിക്കാത്തവർക്കായി, പഠിക്കാത്തവർക്കായി വീണ്ടും പഴയ പാഠങ്ങൾ പുതിയ രൂപത്തിൽ ആവർത്തിക്കപ്പെടുന്നു.

ജാതി മാറി കല്യാണം കഴിച്ചതിന് സ്വന്തം മകളുടെ ഭർത്താവിനെ ഒരു പിതാവ് ഈയിടെ കൊന്ന വാർത്ത് നാം വായിച്ചു. നാമതിനെ ഒരു പേര് നല്കി ദുരഭിമാനക്കൊല. അത്തരം കൊലകൾ കൂടുന്നു അതോടൊപ്പം അന്ധവിശ്വാസങ്ങളുടെ പേരിൽ ഉള്ള കൊലയും വർദ്ധിക്കുന്നു. ഈയിടെ ഒരു അമ്മ സ്വന്തം മകനെ ദൈവത്തിന് ബലികൊടുത്തതും നാം കണ്ടു. നല്ല വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ മാത്രമേ അന്ധവിശ്വാസങ്ങളെ തുടച്ചുനീക്കാനാവുകയുള്ളു. പക്ഷെ അതിലാർക്കും താല്പര്യമില്ല കാരണം ബഹുഭൂരിപക്ഷം വരുന്ന വിവരമില്ലാത്തവരെ അതേപടി നിലനിർത്തിയാലേ പല ഉൽപ്പന്നങ്ങൾ ചെലവാകൂ.

ചില പ്രത്യേക മരുന്ന് ഷോപ്പുകളിൽ മരുന്നുകളുടെ വിലയിൽ എഴുപതുശതമാനം വരെ വിലക്കുറവ്. എന്താ ഓരോ സൗകര്യങ്ങളേ... ഇനി ആരും മരുന്നുകിട്ടാതെ മരിക്കേണ്ടിവരില്ല പക്ഷെ ഈ മരുന്നുകളുടെ യഥാർത്ഥ വിലയെന്തെന്ന് ആര് അറിയുന്നു ? ഇതിന് വിലയിട്ടതാര് ? എഴുപത് ശതമാനം കിഴിവ് എന്നതിനുപകരം യഥാർത്ഥ വില അച്ചടിച്ചാൽ പോരെ ? ഈ ഷോപ്പിൽ ലഭിക്കുന്ന ഒട്ടുമിക്ക മരുന്നുകളും മറ്റു ഷോപ്പുകളിലില്ല താനും. ഓരോരോ പുതിയ സംവിധാനങ്ങൾ...

കള്ളപ്പണം പിടിക്കാനായി കൊണ്ടുവന്ന നോട്ടുനിരോധനം ലക്ഷ്യം കണ്ടില്ല എങ്കിലും എല്ലാവരേയും ഒന്ന് പിടിച്ചുകുലുക്കി. പിന്നാലെയെത്തി ജി. എസ്. ടി. സിമന്റിന് ഇരുപത്തെട്ട് ശതമാനം ജി എസ് ടി, ഗോൾഡിനാകട്ടെ മൂന്നുശതമാനവും. പണക്കാരൻ ഗോൾഡ് വാങ്ങി അദ്ദേഹത്തിന്റെ നിക്ഷേപങ്ങൾ കൂട്ടിക്കൊണ്ടു പോകുന്നു. പാവപ്പെട്ടവന് സിമന്റ് വാങ്ങി വീടുവയ്ക്കാനായില്ലെങ്കിലെന്ത്, ഗോൾഡണിഞ്ഞ് പാതയോരത്ത് കിടന്നോട്ടെ. ജി എസ് ടി ഗംഭീരം... ഇത് യഥാർത്ഥത്തിൽ വിഭാവനം ചെയ്ത ജിഎസ്ടി അല്ല. വിരിയാൻ വെച്ച കോഴിമുട്ട എടുത്തു പൊട്ടിച്ചു നശിപ്പിച്ചതു പോലെ കൃത്യമായി ഓരോ മേഖലയെക്കുറിച്ച് പഠിക്കാതെ കൊണ്ടുവന്ന സംഗതിയാണ്. വൺ ഇന്ത്യ വൺ ടാക്സ് ആണ് സ്വപ്നം ! എന്നാൽ പെട്രോളിന് ജി.എസ്.ടി. ബാധകമല്ല താനും. ഡൽഹിയിലെത്തുമ്പോൾ വില 27. 96 പൈസയാണ്. സ്റ്റേറ്റും സെന്ററും നികുതി ചുമത്തുന്നു. കൂട്ടത്തിൽ പ്രളയവും കൊറോണയും അതിന്റെ സെസ്സും... അങ്ങിനെ ഒരു സാധാരണക്കാരന് പെട്രോൾ ലഭിക്കുന്നത് തൊണ്ണൂറു രൂപയ്ക്കാണ്. എന്താല്ലേ ? പണ്ട് നാം ഭീതിയോടെ കേട്ടിട്ടുള്ള ചില ചന്തയിലെ ഗുണ്ടാപിരിവിനേക്കാളും മോശമായിരിക്കുന്നു. വല്ലാത്തൊരു കപ്പം, കടുപ്പം.

നോട്ടുനിരോധനം പോലെ, ജി എസ് ടി പോലെ, പൗരത്വ ഭേദഗതി ബില്ല് പോലെ, കർഷക ബില്ലും ആദ്യമായി കേൾക്കുമ്പോൾ എല്ലാവർക്കും ഇഷ്ടമാകും. അതിൽ ഓരോന്നിലും ഒളിഞ്ഞിരിക്കുന്ന അപകടത്തെയാണ് നാം തിരിച്ചറിയേണ്ടത്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയലിന്റെ വിലയ്ക്കാനുപാതികമായി പെട്രോളിന്റേയും ഡീസലിന്റേയും വില നിയന്ത്രിക്കാനാകും എന്നുപറഞ്ഞ് പറ്റിച്ചു. ക്രൂഡോയലിന്റെ വില കൂടിയാലും കുറഞ്ഞാലും പെട്രോളിന്റെ വില കൂടിക്കൊണ്ടുപോകുന്നു. പെട്രോളിന്റെ വില റിക്കോർഡ് വിലയിലെത്തിയിരിക്കുന്നു. അതുപോലെ നോട്ടുനിരോധനത്തിന്റേയും ജി.എസ്.ടി.യും പ്രാവർത്തികമാക്കിയതിലെ മുൻകാല തിക്താനുഭവങ്ങൾ നാം മറക്കുന്നത് നല്ലതിനല്ല. പണ്ട് ദീർഘവീക്ഷണമുള്ളവരാണ് ഭരിച്ചിരുന്നത്. പത്തും ഇരുപതും വർഷത്തിനുശേഷം വരുന്ന ഒരു വലിയ മാറ്റത്തെ സ്വപ്നം കണ്ടാണ് അവർ കാര്യങ്ങൾ ചെയ്തിരുന്നതെങ്കിൽ ഇന്ന്, ഇപ്പോൾതന്നെ റിസൾട്ട് വേണം, കാത്തിരിക്കാൻ വയ്യ, കൈയ്യടി കിട്ടണം. ഇരുപത് വർഷത്തിനു ശേഷം താനില്ലാതെ തനിക്ക് കയ്യടി കിട്ടിയാലെന്ത് കിട്ടിയില്ലെങ്കിലെന്ത് എന്നതാണ് ചിന്ത. ഈ പോക്ക് പോയാൽ പത്തു വർഷം കഴിയുമ്പോൾ പട്ടിണിയും ദാരിദ്ര്യവും ഈ രാജ്യത്ത് രൂക്ഷമാകും.

സംഭരിക്കുന്ന നികുതിയുടെ നല്ലൊരു ശതമാനവും വരുന്നത് മദ്യപാനിയുടെ കയ്യിൽ നിന്നാണ്. വെയിലത്തും മഴയത്തും പണിയെടുത്ത് കിട്ടുന്ന കൂലിയുടെ തൊണ്ണൂറ് ശതമാനവും മദ്യഷോപ്പിൽ കൊടുത്തു പത്ത് ശതമാനവും കൊണ്ട് വീട്ടിലെത്തുന്ന മദ്യപാനിക്ക് ദാരിദ്ര്യം വിട്ടുമാറില്ല. അതുപോട്ടെ കർമ്മദോഷം അതുമല്ലെങ്കിൽ ദുശ്ശീലത്തിനുള്ള ശിക്ഷ. പക്ഷേ കേടുവന്ന പഴവർഗ്ഗങ്ങളും മറ്റും ഒരുപക്ഷേ കാക്കയ്ക്കും പശുവിനും നായ്ക്കും കൂടി വേണ്ടാത്തവയെ ഇട്ട് വാറ്റിയെടുക്കുന്ന വിലകുറഞ്ഞ മദ്യത്തിന്റെ പുറത്താണ് ഇമ്മാതിരി നികുതി ചുമത്തി കൊല്ലാക്കൊല ചെയ്ത് പണം സ്വരൂപിക്കുന്നത്. അതുകൊണ്ടുതന്നെ ആ പണം ചിലവഴിച്ച് ആർക്കും യഥാർത്ഥ ലക്ഷ്യത്തിലെത്താനാവില്ല. ആ പണം കൈകാര്യം ചെയ്യുന്നവർക്ക് സമാധാനവുമുണ്ടാവില്ല. കാരണം മദ്യപാനിയുടെ പണമാണ്. മദ്യപാനിയുടെ കുടുംബജീവിതം ശിഥിലമാക്കുന്ന ഈ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാനല്ല എല്ലായിടത്തും സുലഭമായി കിട്ടുന്ന രീതിയാക്കിയിട്ടുണ്ട്. നാട്ടിൽ വികസനം വേണമെങ്കിൽ മദ്യപൻ വേണം എന്ന സ്ഥിതിയായി. മദ്യപന്മാരെ ബോധവൽക്കരിക്കാൻ ശ്രമിക്കാതെ മദ്യപാനികളായിത്തന്നെ നിലനിർത്തി നിരവധി മദ്യഷോപ്പുകളും ബാറുകളും തുടങ്ങി സർക്കാറും പ്രൈവറ്റ് സ്ഥാപനങ്ങളും മദ്യക്കച്ചവടം പൊടിപൊടിക്കുകയാണ്. അതിലൂടെ ഇരുകൂട്ടരും പണമുണ്ടാക്കുന്നു. എന്നിട്ട് അവർ ഈ പണത്തെ ഒരർത്ഥത്തിൽ വളരെനല്ല കാര്യങ്ങൾക്കായാണ് ഉപയോഗിക്കുന്നത്. ടീച്ചർമാർക്കും ഡോക്ടർമാർക്കും തുടങ്ങി ഒരുപാടുപേർക്ക് ശമ്പളമായി നൽകുന്നു. എന്നിട്ടും എന്തേ പഠിച്ചുവരുന്ന ബഹുഭൂരിപക്ഷം കുട്ടികളും മദ്യവും മയക്കുമരുന്നും സേവിക്കുന്നവരായി മാറുന്നു, പഠിച്ചിട്ടും വിവരമില്ലാത്തവരായിത്തീരുന്നു. കാരണം ലളിതം ശമ്പളമായി നല്കി

യ പണം വന്ന വഴി ശരിയല്ലല്ലോ. ചിലർ പാപക്കറ കളയാനായി, കുറ്റബോധം കുറയ്ക്കാനായി അനധികൃതമായി സമ്പാദിച്ച പണത്തിന്റെ ഒരംശം ആത്മീയ കച്ചവടക്കാർക്ക് നൽകുന്നു. അവരും സ്കൂളുകളും കോളേജുകളും മറ്റു സ്ഥാപനങ്ങൾ നിർമ്മിച്ചിട്ടും നല്ലൊരു വ്യക്തിയെ വാർത്തെടുക്കാൻ ആവാത്തതിനുകാരണവും ഇതു തന്നെ. പണത്തിൽ പാപക്കറയുണ്ട്. അനീതിയുടെ ഇടത്തുനിന്നാണ് പണം വന്നത്. അതിന്റെ പങ്ക് പറ്റുന്ന ഓരോരുത്തരും അറിഞ്ഞോ അറിയാതെയോ ശിക്ഷിക്കപ്പെടുന്നുണ്ട്. വളരെ ലളിതമായി വേറൊരു വിധത്തിൽ പറയാം. നിവൃത്തികേടുകൊണ്ട് ഒരു ഭിക്ഷക്കാരൻ കൈനീട്ടുന്നു എന്ന് കരുതുക. നിങ്ങൾ മനസ്സറിഞ്ഞിട്ടാണോ പണം കൊടുക്കുന്നത് ? അങ്ങനെ കൊടുക്കുന്നവർ വളരെ വിരളം. എന്തു കൊടുത്താലും കാര്യമില്ല, കൊണ്ടുപോയി കള്ളുകുടിക്കും എന്ന് പറഞ്ഞോ മനസ്സിൽ കരുതിയോ ആവും പണം നല്കുക. ഈ മനോഭാവം തന്നെയാണ് കുഴപ്പമായി മാറുന്നത്. ഈ പണവും, കൊണ്ടുപോകുന്ന ആളെ സ്വാധീനിക്കുന്നു. വേണ്ടെന്ന് കരുതിയാലും മദ്യഷോപ്പ് അദ്ദേഹത്തെ ആകർഷിക്കുന്നു. നിങ്ങൾ പണം കൊടുക്കുമ്പോൾ അവൻ കുടിക്കും എന്ന് കരുതിയാണല്ലോ നൽകിയത്. അവൻ കുടിച്ച് ബോധമില്ലാതെ പാതയോരത്ത് കിടക്കും. പറഞ്ഞുവന്നത് പണത്തിൽ പുരളുന്ന കറയെ കുറിച്ചാണ്. നിങ്ങൾ നല്ല മനസ്സാടെ കൊടുക്കുക, ഓരോരുത്തരും നന്നാവും. അതുപോലെ നിങ്ങൾ കൊടുക്കുന്ന പണം കറ പുരളാതെ ഉണ്ടാക്കിയതാവണം അല്ലെങ്കിൽ അതിന്റെ ദോഷം നിങ്ങൾക്കും വന്നു ചേരും തീർച്ച. നമ്മുടെ രാജ്യത്തിന്റെ വികസനത്തിനായി ചിലവാക്കുന്ന പണത്തിന്റെ ഭൂരിഭാഗവും കറപുരണ്ട നോട്ടുകളാണ്. അതുകൊണ്ടുതന്നെ യാവാം നമ്മുടെ പ്രവർത്തനങ്ങൾ വിജയിക്കാത്തതും നമ്മുടെ പ്രശ്നങ്ങൾ തീരാത്തതും നമ്മുടെ നാട് ശരിയായ ദിശയിൽ വളരാത്തതും...

ഇപ്പോൾ ഏതു രാഷ്ട്രീയക്കാർക്കും വിമർശനങ്ങൾ ഇഷ്ടമല്ല. അതുകൊണ്ട് അവരോടൊപ്പം ചേർന്നുനിന്ന് ഹിരണ്യായ നമഃ എന്ന് പറയാനേ നിവൃത്തിയുള്ളൂ, പറയുന്നവർക്കേ നിലനിൽപ്പുള്ളൂ. വല്ലാത്തൊരു കാലം...

കൊറോണയ്ക്ക് മരുന്ന് കണ്ടുപിടിച്ചതിനാലാണോ അതോ ഇലക്ഷൻ അടുത്തതിനാലാണോ എന്നറിയില്ല രോഗബാധിതരുടെ എണ്ണം ദിനംപ്രതി കൂടിക്കൊണ്ട് വരുന്നു. കൂട്ടം കൂടി നിന്ന് സംസാരിക്കേണ്ട, സമരം ചെയ്യേണ്ട. കൊറോണയെ മറയാക്കി നീങ്ങുകയാണ് ചിലർ. മറ്റുചിലർ മരുന്ന് നല്കുന്ന തിരക്കിലാണ്. എന്തായാലും കൊറോണയ്ക്കല്ല മനുഷ്യന് വല്ല ജനിതകമാറ്റവും സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ട സമയമായിരിക്കുന്നു. അങ്ങനെയെങ്കിൽ ഈ മരുന്നൊന്നും ഇനി മനുഷ്യർക്ക് എല്ക്കില്ല.

നല്ല ഫലഭൂയിഷ്ഠമായ ഭൂപ്രദേശമുള്ള നാടാണ് നമ്മുടേത് പക്ഷേ വിദേശങ്ങളിലുള്ള കെട്ടിടങ്ങളും റോഡുകളും കണ്ടിട്ട് വന്ന് ഇവിടെയുള്ള മരങ്ങളായ മരങ്ങളേയെല്ലാം വെട്ടിമാറ്റി, കൃഷി ഭൂമിയേയും നികത്തി, കെട്ടിടങ്ങളും റോഡുകളും പണിതു. അധികം താമസിയാതെ ഭക്ഷണത്തിനുള്ള ധാന്യങ്ങൾ ഇറക്കുമതി ചെയ്യേണ്ട സ്ഥിതിവരും. കർഷകരാണ് നമ്മുടെ നാടിന്റെ നട്ടെല്ല്. കർഷക സമരം അറുപത് ദിവസം പിന്നിട്ടിരിക്കുന്നു. ഈ കർഷക സമരത്തെ നാമോരോരുത്തരും പൂർണ്ണമനസ്സാടെ പിന്തുണയ്ക്കണം. അവരുടെ അദ്ധ്വാനത്തിൽ വിരിയുന്ന ധാന്യങ്ങളാണ്, പച്ചക്കറികളാണ് നാം കഴിക്കുന്നത്. കർഷകർക്ക് നീതി ലഭിക്കണം. തിരഞ്ഞെടുക്കപ്പെടുന്നതുവരെ മാത്രമേ നേതാക്കൾക്ക് ജനത്തിനെ വേണ്ടു. ജയിച്ചുകഴിഞ്ഞാൽ പിന്നെ കോർപറേറ്റുകൾക്കു വേണ്ടി പണിയെടുക്കും.


കൃഷിയോട് താല്പര്യമുള്ളവർ പോലും വളരെ ബുദ്ധിമുട്ടിയാണ് കൃഷിചെയ്യുന്നത്. ഒന്നു രണ്ട് ഗ്രോബാഗ് വെച്ച് വീട്ടിൽ ചെറുതായി ഒരു പച്ചക്കറി തോട്ടം ഉണ്ടാക്കി നോക്കിയാൽ തന്നെ മനസ്സിലാകും കൃഷിപ്പണിയുടെ ബുദ്ധിമുട്ട്. പണ്ട് കാലാവസ്ഥയേയും കീടങ്ങളേയും കുട്ടിക്കള്ളന്മാരേയും പേടിച്ചാൽ മതിയായിരുന്നു പക്ഷേ ഇന്ന് നേതാക്കന്മാരേയും നിയമങ്ങളേയും കോർപ്പറേറ്റുകളേയും കൂടി പേടിക്കേണ്ട സ്ഥിതിയായി.

അഹിംസാ സിദ്ധാന്തത്തിലുറച്ച് ഗാന്ധിയൻ മാർഗ്ഗത്തിൽ സമരം ചെയ്യുന്ന കർഷകരെ പ്രതിക്കൂട്ടിലാക്കി റിപ്പബ്ലിക് ദിനത്തിൽ കർഷകരുടെ വേഷമണിഞ്ഞ് നുഴഞ്ഞുകയറിയവർ ചിലത് നമ്മെ ഓർമ്മപ്പെടുത്തുന്നു. പണ്ട് സ്വാതന്ത്ര്യസമരത്തിലും ചിലർ സമരം പൊളിക്കാനായി സമരപ്പന്തലിൽ നുഴഞ്ഞുകയറി സമരം ചെയ്യുന്നവരെ ഒറ്റിക്കൊടുത്തിട്ടുണ്ട്. പിന്നീട് ബ്രിട്ടീഷുകാർക്ക് മുന്നിൽ അവർ മാപ്പുസാക്ഷിയായി രക്ഷപ്പെട്ടു. ഈ സമരവും എങ്ങനെയും പൊളിക്കണം, അതൊരു അഭിമാനപ്രശ്നമാണ് ചിലർക്ക്, കർഷകർക്കോ അവരുടെ ജീവിത പ്രശ്നവും.

ആകെ ജനതയുടെ മുപ്പത് ശതമാനം പേരുടെ പിന്തുണയിലാണ് എക്കാലത്തും ഒരു രാഷ്ട്രീയ പാർട്ടി ഭരണത്തിൽ കയറുന്നത് എന്നത് മറന്ന് അതേക്കുറിച്ച് ഒരു ബോധവുമില്ലാതെ കയറി ഭരിക്കുകയാണ്. ജനം സഹിക്കുന്നതിന് ഒരു പരിധിയുണ്ട്. പെട്രോൾ വില നൂറിലേക്ക് അടുക്കുന്നു, ഗ്യാസിന്റെ വില ഒറ്റയടിക്ക് ഇരുപത്താറ് രൂപ കൂട്ടി, ഇനിയും കൂട്ടും. ഈ വില വർദ്ധനയ്ക്ക് ആനുപാതികമായി എല്ലാ അവശ്യസാധനങ്ങളുടേയും വില വർദ്ധിക്കും, ജനം സഹിക്കും. അതാണ് ശീലം. കർഷകർ പ്രതികരിച്ചതുപോലെ എന്താണ് ആരും പെട്രോളിന്റേയും ഗ്യാസിന്റേയും ഡീസലിന്റേയും വില വർദ്ധനയിൽ പ്രതികരിക്കാത്തത് ? എങ്ങനെ പ്രതികരിക്കും ? എല്ലാവരും തവളകളെ പോലെയാണ്. എല്ലാവരേയും ഒരുമിച്ച് കിട്ടില്ല. എങ്കിലും അധികാരവും പദവിയും നിലനിർത്താൻ വേണ്ടി കൂടെനില്ക്കുന്നവരേയും, ദേശത്തിന്റെ കാവൽഭടന്മാരുടേയും ജീവൻ ബലിയർപ്പിക്കേണ്ടി വന്നാലും വേണ്ടില്ല ദേശീയതയുണർത്തി എല്ലാവരേയും ഒന്നാക്കാനറിയാം. അപാരബുദ്ധി!

ഒരു രാജ്യത്തിലെ ജനത നന്നല്ലെങ്കിൽ ഞാൻ ആ രാജ്യത്തിലെ ഭരണകർത്താക്കളിലൂടെ അവർക്ക് ശിക്ഷ നൽകുമെന്ന് വേദങ്ങൾ പറയുന്നു. നോട്ടു നിരോധനവും ജി. എസ്. ടി.യും ഭരണകർത്താക്കളുടെ വകയായി നാമോരോരുത്തരുടേയും ജീവിതത്തെ താറുമാറാക്കിയെങ്കിൽ അതിലും ഒരു പടി കടന്ന് പ്രളയവും കൊറോണയും നമ്മളെ കൂടുതൽ ബുദ്ധിമുട്ടിലാക്കി. തെറ്റ് നമ്മൾ ഓരോരുത്തരുടേയും ഭാഗത്താണ്. നമ്മുടെ ഭരണകർത്താക്കൾ നമുക്കിടയിൽ നിന്നും വന്നവരാണ്. അവരിൽ നിന്നും നാമിതേ പ്രതീക്ഷിക്കാവൂ. ഇനി നമുക്കൊന്നേ ചെയ്യാനുള്ളൂ, വളർന്നുവരുന്ന പുതുതലമുറയിൽ നാമോരോരുത്തരും ശ്രദ്ധ ചെലുത്തുക. അവരെ മാനുഷികമൂല്യമുള്ളവരായി തീർക്കുകയാണെങ്കിൽ ഇരുപത് വർഷം കഴിഞ്ഞാണെങ്കിലും നമുക്ക് കുറേ നല്ല വ്യക്തികളേയും നേതാക്കളേയും കിട്ടും. നല്ലത് പ്രതീക്ഷിച്ച്, നല്ലൊരു ജനതയ്ക്കായി നമുക്ക് കാത്തിരിക്കാം...

# പടപ്പാട്ടുകൾ പൂത്തകാലം !



**മുക്കം ഭാസി**
**9846138693**

ഇടതുപക്ഷ പ്രസ്ഥാനത്തിന്ന് - വിശിഷ്യ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്ക് - വെള്ളവും വളവും നൽകി ഈ മണ്ണിൽ പൂത്തുലയാൻ അവസരമൊരുക്കിയത് ഇവിടുത്തെ കലാകാരന്മാരും കവികളും നാടകകൃത്തുക്കളും ഒക്കെയാണെന്ന് പറഞ്ഞാൽ അത് നിഷേധിയ്ക്കാൻ ആരും ധൈര്യം കാണിയ്ക്കുമെന്ന് തോന്നുന്നില്ല.

ചങ്ങമ്പുഴയും പി. ഭാസ്ക്കരനും വയലാറും ഒ. എൻ. വി.യും പടപ്പാട്ടുകാരുടെ മുൻനിരയിൽ വിപ്ലവത്തിന്റെ കാഹളധ്വനിയുമായി മുന്നേറിയപ്പോൾ കെ. ദാമോദരനും തോപ്പിൽ ഭാസിയും പി. ജെ. ആന്റണിയും ചെറുകാടും കെ. ടി. മുഹമ്മദും നാടക കലയെന്ന ദൃശ്യാവിഷ്കാരങ്ങളിലൂടെ പ്രേക്ഷകന്റെ ഹൃദയത്തിൽ സാമൂഹ്യവ്യവസ്ഥിതിയുടെ അസമത്വങ്ങളുടെ കനൽക്കട്ടകൾ വാരിവിതറി അവരെ പൊള്ളിച്ച് കർമ്മോത്സുകരാക്കിയില്ലേ ?

ചങ്ങമ്പുഴയുടെ 'വാഴക്കുല' കഥാപ്രസംഗരൂപത്തിൽ എത്രയെത്ര ശ്രോതാക്കളെയാണ് പ്രസ്ഥാനത്തോടടുപ്പിച്ചത് ! ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ, 'പതിതരെ നിങ്ങൾ തൻ പിൻമുറക്കാർ' എന്ന കവിയുടെ ക്രാന്ത ദർശിത്വം മറ്റൊരു കവിയെക്കൊണ്ട് ഇങ്ങനെ പാടിച്ചില്ലേ ?

*'തൊണ്ടടിച്ചവർ, വണ്ടി വലിച്ചവർ*
*നാടു ഭരിയ്ക്കാറായില്ലേ ?'*

പൂർണ്ണതയിലെത്തിയെന്ന അവകാശവാദമല്ല പക്ഷെ, വർത്തമാനകാല തിരഞ്ഞെടുപ്പുകൾ പരിശോധിച്ചാൽ ഇത് ഏറെക്കുറെ യാഥാർത്ഥ്യമാണെന്ന് ആരും സമ്മതിയ്ക്കും. എം. എസ്. ബാബുരാജും കോഴിക്കോട് അബ്ദുൾ ഖാദറും എത്രയെത്ര പാർട്ടി സ്റ്റേജുകളിലാണ് തങ്ങളുടെ വിപ്ലവഗാനങ്ങളുമായി അക്കാലത്ത് പ്രത്യക്ഷപ്പെട്ട് ശ്രോതാക്കളെ ത്രസിപ്പിച്ചിട്ടുള്ളത് !

വയലാറിന്റെ 'ബലി കുടീരങ്ങളെ... സ്മരണകളിരമ്പും രണാസ്മാരകങ്ങളെ...!' എന്ന വിപ്ലവഗാനം കാലത്തിന്റെ ബ്ലോട്ടിങ്ങ് പേപ്പറുകൊണ്ട് മാച്ചുകളയാനാവുമോ ? ദേവരാജൻ മാസ്റ്റർ സംഗീതം നൽകിയ ഈ കോറസ്സ് പാടിയത് കെ. എസ്. ജോർജ്ജ്, സുലോചന, സി. ഒ. ആന്റോ തുടങ്ങിയ നൂറോളം ഗായകർ ചേർന്നായിരുന്നുവത്രെ ! തിരുവനന്തപുരം വി. ജെ. ടി. ഹാളിൽ ഇന്ത്യയുടെ ആദ്യ പ്രസിഡണ്ട് ഡോ. രാജേന്ദ്ര പ്രസാദ് 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ നൂറാം വാർഷികം ഉദ്ഘാടനം ചെയ്യാൻ വന്ന വേളയിൽ ! വിപ്ലവഗാനങ്ങളുടെ മുൻനിരയിലാണ് ഇന്നും 'ബലികുടീരങ്ങളേ...'

ചെറുകാടിന്റെ 'നമ്മളൊന്ന്' എന്ന നാടകത്തിന്റെ അഭിവാദനഗാനം ഇന്നും എന്റെ കാതിൽ മുഴങ്ങുന്നുണ്ട്.

*'ഇരുനാഴി മണ്ണിന്നായുരുകുന്ന*
*കർഷകൻ*
*ഇരുകാലിമാടുകളായിരുന്നു'* -

എന്നു തുടങ്ങുന്ന ഗാനത്തിന്റെ ഒടുവിൽ

'മതി, മതി, മതി ജന്മിത്വം
വേണ്ടേവേണ്ടാ...'

- എന്ന് ബാബുരാജ് ഉച്ചസ്ഥായിയിൽ ആകാശം ഭേദിക്കുമാറ് പാടി അവസാനിപ്പിയ്ക്കുമ്പോൾ പ്രേക്ഷക മനസ്സിൽ തൃശ്ശൂർ പൂരത്തിന്റെ അമിട്ടുകൾ പൊട്ടി അമരുകയായിരുന്നു. കോഴിക്കോട്ടുകാരൻ പി. എം. കാസിമിന്റെ 'ചോരയിൽ കുതിർന്ന മണ്ണ്' എന്ന രാഷ്ട്രീയ നാടകം കേരളത്തിൽ മാത്രമല്ല മദ്രാസ്, മൈസൂർ തുടങ്ങിയ സംസ്ഥാനങ്ങളിലും ഏതാനും വേദികൾ പങ്കിട്ടു. ബാലൻ കെ. നായർ, എം. എസ്. ബാബുരാജ്, ഇരിങ്ങൽ ലീല, സോമവല്ലി, ടി. ടി. ശ്രീധരൻ തുടങ്ങിയവരോടൊപ്പം ഈ ലേഖകനും ഒരു പ്രധാന വേഷം ചെയ്തു. 1960-കളിൽ പുറത്തിറങ്ങിയ ഈ നാടകത്തിലെ അവതരണഗാനം ഒരു വെടിക്കെട്ട് തന്നെയായിരുന്നു.

*ചെങ്കൊടികൾ കൈയ്യിലേന്തി*
*ഇൻക്വിലാബിന്റൊച്ച പൊന്തി*
*ചങ്കിലുണ്ടയേറ്റുതിർന്ന*
*ചോരയിൽ കുതിർന്ന മണ്ണ്*
*ചോരയിൽ കുതിർന്ന മണ്ണ്...(3)*

നിലയ്ക്കാത്ത കൈയ്യടികളുടെ അകമ്പടിയോടുകൂടിയാണ് ഞങ്ങൾ വേദിയിൽ കാലുകുത്തിയത്. എല്ലാം ബാബുരാജിന്റെ കണ്ഠവൈഭവം !

*ഏല... ഏലോം...*
*ഏല... ഏലോം... മാമലമേലെ*
*മേലിലൊരു ചെങ്കതിരിൻ*
*പൂവിടരുന്നേ...*
*ഏല ഏലോം... ഏല ഏലോം...*
*മാമലനാട്ടിൽ*
*കോടികോടി കൈകളിലാ-*
*കൊടിയുയരുന്നേ...*
*ചെങ്കൊടിയുയരുന്നേ...!*

കെ. പി. എ. സി.യുടെ അഭിവാദനഗാനം ! കെ. എസ്. ജോർജ്ജും കൂട്ടരും.

പി. ജെ. ആന്റണിയുടെ 'ഇൻക്വിലാബിന്റെ മക്കൾ' കണ്ടവരാരും മറക്കില്ല. അദ്ധ്വാനിയ്ക്കുന്ന വർഗ്ഗത്തെ ഒരു കൊടിക്കീഴിൽ അണിനിരത്തുന്നതിൽ ആ നാടകം

വഹിച്ച പങ്ക് ചില്ലറയല്ല. പോഞ്ഞിക്കര ഗംഗാധരൻ എന്ന ഒരു യുവനടന്റെ പ്രകടനം ഇന്നും എന്റെ ഓർമ്മച്ചിത്രത്തിൽ ജ്വലിച്ചുതന്നെയുണ്ട്. കഷ്ടം! അദ്ദേഹത്തിന്റെ ചരമവാർത്തയറിഞ്ഞപ്പോൾ എന്റെ മനസ്സ് തേങ്ങി.

*വിഭാതതാരകം*
*കുതിച്ചുയർന്നിടുന്നു നോക്കുക -*
*ഇതാ*
*ഇതാ നിനക്ക് മംഗളം*
*ഉണർന്നെണീറ്റ ഗായകാ...*

എന്ന ഗംഗാധരന്റെ പാട്ടും ദൃശ്യവും എത്ര ശ്രമിച്ചാലും എനിയ്ക്ക് മറക്കാനാവില്ല. കെ. പി. എ. സി.യുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' നാടകത്തിലെ ജന്മി അഡ്വ. ജനാർദ്ദനക്കുറുപ്പാണ്. കർഷകത്തൊഴിലാളിയായ തന്റെ അടിയാത്തി മാലയോട് ശൃംഗാരഭാവത്തിൽ പറയുന്ന ഒരു ഡയലോഗുണ്ട് - 'ഇട്ടുതിന്നോ... പക്ഷെ, ആ വിചാരം വേണം...!

മാല ജന്മിയെ തീക്ഷ്ണമായ ഒരു നോട്ടം നോക്കുന്നു. ആ മൗനനിമിഷത്തിന്റെ പശ്ചാത്തലത്തിൽ ഒരു ഈരടി പ്രേക്ഷകന്റെ കാതിൽ അലയടിയ്ക്കുന്നു.

*നാളെ കൊയ്ത്തിനു*
*ചെല്ലാമ്പറഞ്ഞിട്ട്*
*നാണക്കേടും പറയിണ തമ്പ്രാൻ,*
*ചൂളിപോ,മെടി കൊയ്തരിവാള്-*
*രാകിതേയ്ക്കുന്ന, കിങ്കിലം കേട്ടാൽ*
*എണ്ണക്കറുപ്പുള്ള മാല പെണ്ണാളെ*
*നിന്നെ 'ചെരിയ്ക്കുമറിയില്ല'*
*തമ്പ്രാൻ !*

അക്കാലത്ത് (1957കളിൽ) കേരളം മുഴുവൻ വിപ്ലവഗാനങ്ങളുമായി പാടിനടന്ന രണ്ടുപേരെ ഞാനോർക്കുന്നു. ഒരു പന്തളം പരമേശ്വരനും മേദിനിയും. വിപ്ലവഗായകർ ! പടപ്പാട്ടുകാർ !

1957-ലെ പൊതുതിരഞ്ഞെടുപ്പ്. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം നടക്കുന്ന ആദ്യ തിരഞ്ഞെടുപ്പ്. ഞാനന്ന് മുക്കം ഹൈസ്കൂൾ വിദ്യാർത്ഥിയാണ്. ഒരു കമ്മ്യൂണിസ്റ്റ് അനുഭാവിയും അഞ്ചു ഗാനങ്ങളടങ്ങുന്ന ഒരു രാഷ്ട്രീയ ഗാനസമാഹാരം ഞാൻ പുറത്തിറക്കി - 'പുലരി'. ഒരണയായിരുന്നു പുസ്തകത്തിന്റെ വില. പാർട്ടി തിരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ എന്റെ സാന്നിദ്ധ്യം റെഡി. യോഗാരംഭത്തിനുമുമ്പായി എന്നെ പോലുള്ളവരുടെ പാട്ടും പാട്ടുപുസ്തക വില്പനയും കാണും.

കോഴിക്കോടിനടുത്തുള്ള ചെട്ടിക്കടവിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു തെരഞ്ഞെടുപ്പ് പൊതുയോഗം. പി. ടി. ഭാസ്കര പണിക്കർ സാറാണ് ഉദ്ഘാടകൻ. യോഗാരംഭത്തിനുമുൻപായാണ് ഞങ്ങളുടെ പാട്ട്. ഒരു സംഘാടകന്റെ സമ്മതത്തോടെ ഞാൻ സ്റ്റേജിൽ കയറി. ഒന്നു രണ്ടു പാട്ടുകൾ 'കാച്ചി' !

*പണിയെടുക്കും കർഷകാ*
*പതറിടാതെ നിൽക്കുക*
*കതിര് കൊയ്ത് പതിരു തിന്നും*
*നീതിയെ,യകറ്റുവാൻ...*
എന്നും,

ചെങ്കൊടി പൊങ്ങിയുയർന്നവരും -
അന്ന് ചെങ്കതിരോൻ
പ്രഭവീശിനിൽക്കും...
എന്നും

*പുന്നാരമോളെ*
*നീ കേഴേണ്ട ലേശവും*
*പൊന്നോണനാളുവരും...*
എന്നൊക്കെയുള്ള
എന്റെ ആഹ്വാ നം !!

അടുത്ത പാട്ടുകാരൻ പിൽക്കാലത്ത് സിനിമാരംഗത്ത് പ്രശസ്തനായ നെല്ലിക്കോട് ഭാസ്ക്കരൻ. ഭാസ്ക്കരന്റെ പാട്ട് ഒരു മാപ്പിളപാട്ട് രീതിയിൽ. അതിങ്ങനെ...

*ഏറിയ കാലായല്ലോ*
*നാടു ഭരിയ്ക്കണ പേരും പറഞ്ഞ്*
*നിങ്ങള് നടക്കുന്നു.*
*ഇനി,ഏതൊരു കാലത്താണ്*
*നാട്ടിലുള്ള മുസീബത്ത്*
*തീർത്തിട്ടീ, നാടു നന്നാക്ക്ണു... !*

നിലയ്ക്കാത്ത കൈയ്യടികളോടെ ഈ പാട്ട് പ്രേക്ഷകർ ഒന്നാം സ്ഥാനത്തെത്തിച്ചെന്ന് പറയേണ്ടതില്ലല്ലോ. കാലത്തിന്റെ കുത്തൊഴുക്കിൽ പാർട്ടി പലതായി. പലരും വിസ്മരിയ്ക്കപ്പെട്ടു. ചോരയും നീരും നൽകി പ്രസ്ഥാനത്തെ വളർത്തിയ ചിലരെങ്കിലും പരിധിയ്ക്കപ്പുറത്തായി. ഇടതും വലതും തീവ്രനും ഒക്കെയായി വിഭജിയ്ക്കപ്പെട്ടു. ചിലർ സ്വന്തമായി ഗ്രൂപ്പുകളുണ്ടാക്കി, ചിലതൊക്കെ അഗ്നിശലഭങ്ങളായി മാറി. 'ഒന്നിന്നുമില്ല നില...' എന്നാണല്ലോ കവിവചനം. ആശ്വസിയ്ക്കാൻ നമുക്ക് എത്രയെത്ര കവിവചനങ്ങൾ !!

●

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

സഹൃദയനും സ്നേഹസമ്പന്നനും നിഷ്കളങ്കനുമായ സുഹൃത്ത് മുഹമ്മദ് കനിയുടെ നിര്യാണം എന്നെ വല്ലാതെ വേദനിപ്പിയ്ക്കുന്നു. ഞങ്ങൾ നിരന്തരം ഫോണിൽ ബന്ധപ്പെടാറുണ്ടായിരുന്നു !! ഏക തത്ത്വ എനിയ്ക്ക് നൽകിയ ആ വിലപ്പെട്ട സമ്മാനം എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിയ്ക്കുന്നു.

പരേതാത്മാവിന് നിത്യശാന്തി
ലഭിയ്ക്കട്ടെ...

പ്രാർത്ഥനയോടെ,
മുക്കം ഭാസി, 9846138693

പ്രിയപ്പെട്ട മുരളീധരാ,

കൊറോണയെ അതിജീവിച്ച് നമ്മുടെ മാസിക മുന്നേറുന്നു എന്നു കാണുന്നതിൽ സന്തോഷം. കൂടുതൽ വിഭവങ്ങളും വൈവിധ്യങ്ങളും ഉൾക്കൊള്ളുന്നതാവട്ടെ ഏക തത്ത്വത്തിൽ നാനാത്വം പുലർത്തുന്ന നമ്മുടെ മാസിക. പുതിയ കാലഘട്ടത്തിൽ അതിനജീവനത്തിനുള്ള ഊർജ്ജവും ആർജ്ജവും താങ്കൾക്കുണ്ടാവട്ടെ എന്ന് ആശംസിക്കുന്നു. താങ്കൾക്കതിനുള്ള ശേഷിയും കരുത്തുമുണ്ടെന്ന് എനിക്ക് ബോധ്യമുണ്ട്. ഈശ്വരൻ തുണയ്ക്കട്ടെ. ക്ഷേമാശംസകളോടെ,

ജോസഫ് പൂതക്കുഴി
9846751749

പ്രിയപ്പെട്ട മുരളീധരൻ,

മാസിക കിട്ടി. നീണ്ട ഇടവേള കഴിഞ്ഞുള്ള തുടക്കം, നന്നായി. മുക്കം ഭാസിയുടെ 'ഭാഗ്യരേഖ' വായിച്ചപ്പോൾ എന്റെ ഓർമ്മകൾ മുക്കത്തെ ഇടവഴികളിലൂടെ ചൂട്ടും കത്തിച്ച് നടന്നുനീങ്ങി. ആ കുറിപ്പിന്റെ അവസാനം ഹസ്തരേഖ എന്നാണ് വേണ്ടിയിരുന്നത് വാസ്തുരേഖ അല്ല. മറ്റെല്ലാം തന്നെ ഉഗ്രൻ. നിനക്ക് പറയാനുള്ളത് പതിവുപോലെ ധൈര്യമായി പറയുന്നു, എഴുതുന്നു. സന്തോഷം. ഏക തത്ത്വ പ്രവർത്തകർക്ക് എന്റെ സ്നേഹം നിറഞ്ഞ പുതുവത്സരാശംസകൾ...

ജയൻ പുതുമന, 8330086062

---

പറഞ്ഞതൊക്കെ സത്യം തന്നെ

ഐശ്വര്യമാർന്ന കടുവയുടെ മുഖചിത്രവുമായി ഏക തത്ത്വ കിട്ടി. ലോകം മുഴുവൻ വറുതിയുടേയും കാലക്കേടിന്റേയും കാലമാണല്ലോ. കൊറോണ നമുക്ക് പലതും നഷ്ടപ്പെടുത്തി. വ്യക്തിസ്വാതന്ത്ര്യം പ്രിയപ്പെട്ടവരേയും കൊറോണ കൊണ്ടുപോയി. ഏക തത്ത്വ കുടുംബത്തിനുതന്നെ മുഹമ്മദ് കനി സാറിനെ നഷ്ടമായി. നല്ലൊരു സ്നേഹസമ്പന്നൻ. മുരളി സാർ എഴുതിയതുപോലെ ഭൂമിയിലെ തീർത്ഥാടനം കഴിഞ്ഞ് അദ്ദേഹം മടങ്ങി. സ്നേഹസമ്പന്നനായ അദ്ദേഹത്തിന്റെ സ്മരണ തന്നെ നമുക്ക് കരുത്താകട്ടെ. ഏക തത്ത്വ പേജ് തുറന്നപ്പോൾ തന്നെ മുഖക്കുറി പുലി വരുന്നേ പുലി. സത്യമാണ് മുരളി സാർ എഴുതിയത് നൂറു ശതമാനം സത്യം തന്നെ. രാജ്യം തന്നെ പണയപ്പെടുത്തിയും വിറ്റുതീർത്തും ഭരണകർത്താക്കൾ നമ്മെ ഭരിക്കുന്നു. അപകടങ്ങൾ ആര് മുന്നറിയിപ്പ് തന്നാലും നമുക്ക് നേരംപോക്കാണ്. പുലി വരുമ്പോൾ ആരും കാണില്ല. മതപണ്ഡിതരും മനുഷ്യദൈവങ്ങളും കൊറോണയെ പേടിച്ചു. കൊറോണ നമ്മെ പലതും പഠിപ്പിച്ചു, സത്യം. മനുഷ്യൻ ആരോ ആണെന്ന അബദ്ധധാരണയ്ക്ക് ഭംഗം വന്നു. വിദ്യാഭ്യാസം നിലവാരത്തകർച്ചയിൽ ആണ്. അത് കൂടുതൽ അപകടത്തിലാകാൻ ഇടയാക്കുന്ന ലക്ഷണം തന്നെ. കുട്ടികൾ സ്വതന്ത്രരാണ് അവർക്ക് ആരോടും വിധേയത്വമില്ലാത്ത അവസ്ഥയാണ്. വരും കാലം എങ്ങനെയെന്ന് പറയാൻ കഴിയില്ല. മുരളി സാറിന്റെ മുഖമൊഴി അർത്ഥവത്തായി. കഥകൾ, ലേഖനം ഒക്കെ നന്ന്. ഏക തത്ത്വ കൈകളിൽ വന്നപ്പോൾ അതിയായ സന്തോഷം. ആശംസകൾ...

ടി. വി. ഹരികുമാർ കണിച്ചുകുളങ്ങര 9446118387

---

ബഹുമാനപ്പെട്ട മുരളീധരൻ സാർ,

നവവത്സരാശംസകൾ, പുത്താണ്ട് വാഴ്ത്തുക്കൾ, കൊത്ത സമന്ത്രം ശുഭകാഞ്ചന

ഭാഷയിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും കാര്യം ഒന്നുതന്നെയാണല്ലോ ! അതുതന്നെയാണ് പുതുതലമുറക്കാർ പ്രസിദ്ധീകരിക്കുന്ന ഏക തത്ത്വയുടെ വിശേഷങ്ങളും. പുലി വരുന്നേ പുലി എന്ന ലേഖനം ഈ നവവത്സരത്തിൽ വായനക്കാർക്ക് ഒരു സ്നേഹോപദേശമായി തോന്നി. ലേഖനം, കഥ, കവിത, ഓർമ്മച്ചിത്രം, യാത്രാനുഭവം, ആരോഗ്യം, നാടകം എല്ലാം ഒന്നിനൊന്ന് മെച്ചം. ഈ പ്രയാണം തുടരട്ടെ- അനന്തമായി- വായനക്കാർക്കായി...

എന്ന് വിനയപൂർവ്വം

ടി. ജെ. നായർ, മഞ്ചേരി, 9446630412

---

## പുനഃസമാഗമം

കണ്ടു കണ്ടു കൊതിച്ചതാം നിന്മുഖം
കണ്ടിടാതാക്കി ദുഷ്ടനാം 'കോവിഡ്'
ഇണ്ടലോടെ കഴിയുന്ന നാളിതിൽ
കണ്ടുഞാനിന്നു 'ഏക തത്ത്വാ'മുഖം
രണ്ടുകൈകൊണ്ടു വാരിപ്പുണർന്നുടൻ
ചെണ്ടണിയിച്ചുഹർഷബാഷ്പങ്ങളാൽ
വീണ്ടുമെന്നടുത്തെത്തിയ നിന്മുഖം
കണ്ടു ഞാനിവിടാനന്ദ ചിത്തനായ്.

ചീഫ് എഡിറ്ററുടെ വിജ്ഞാനപ്രദമായ മുഖപ്രസംഗവും ഭാസി സാറിന്റെ ഓർമ്മച്ചിത്രങ്ങളും ഡോ. സി. രാമകൃഷ്ണന്റെ ആരോഗ്യശാസ്ത്രവും തെക്കീട്ടിൽ കഥകളും എല്ലാമെല്ലാം നിറഞ്ഞ 'ഏക തത്ത്വ' ഒരു മധുര സ്മരണയായി ഇത്രനാൾ കഴിച്ചു. ഇന്നിപ്പോൾ എല്ലാം നേരിട്ട് അനുഭവവേദ്യമായപ്പോഴുള്ള ആനന്ദം അനവദ്യസുന്ദരമാണ്. കിട്ടിയ മാത്രയിൽ ഒരാവർത്തി ഓടിച്ചുവായിച്ചു, മനസ്സ് നിറഞ്ഞു.

പ്രിയ സുഹൃത്ത് മുഹമ്മദ് കനിയുടെ അകാലനിര്യാണത്തിൽ അനുശോചിക്കുന്നതോടൊപ്പം ആ പുണ്യാത്മാവിന് നിത്യശാന്തി നേരുന്നു. ഈടുറ്റ ലേഖനങ്ങളും ഹൃദ്യമായ കഥകളും രാജീവ് മാമ്പുള്ളി, മോഹൻദാസ് പറളി, ഇ. എൻ. നാരായണൻ എന്നിവരുടെ കവിതകളും ഏറ്റവും ശ്രദ്ധേയങ്ങളാണ്. എല്ലാവർക്കും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ. ഏക തത്ത്വയ്ക്ക് സർവ്വമംഗളങ്ങളും നേർന്നുകൊണ്ട് നിറുത്തട്ടെ,

സ്നേഹപൂർവ്വം

ആർ. കെ. വള്ളിച്ചിറ, 9496161911

**മറുപടി**

പ്രോത്സാഹനങ്ങളറിയിച്ചവർക്കും തെറ്റുകൾ ചൂണ്ടിക്കാട്ടിയവർക്കും കത്തുകളയച്ചവർക്കും നന്ദി

എഡിറ്റർ

**തിരുത്ത്**

മുക്കം ഭാസി സാറുടെ 'ഭാഗ്യരേഖ' എന്ന ലേഖനത്തിൽ ഹസ്തരേഖ എന്നതിനുപകരം വാസ്തു രേഖ എന്ന് തെറ്റായി അച്ചടിച്ചുവന്നിട്ടുണ്ട്. അത് ഹസ്തരേഖ എന്ന് തിരുത്തി വായിക്കുവാൻ അപേക്ഷ. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.

എഡിറ്റർ

■ലേഖനം

# അഹങ്കാരത്തിനുമില്ലേ അതിര്




**ഉദയകുമാർ. ജി**
**9447533672**

വിദേഹനും വിജ്ഞാനിയും ഗൃഹസ്ഥരിൽ അഭിമാനിയുമായ മിഥിലാധിപൻ ജനകരാജൻ, ജ്ഞാനിയും സിദ്ധനും ജീവന്മുക്തനുമായി. അദ്ദേഹത്തെ അന്വേഷിച്ച്, മാർഗ്ഗദർശനം തേടി നിരവധി പണ്ഡിതരും മുമുക്ഷുക്കളും രാജസദസ്സിലെത്തി. അവരും ജനകനെ ജീവന്മുക്തൻ എന്നു വാഴ്ത്തി. രാജൻ സ്വയം അതിൽ അഹങ്കരിച്ചു. അക്കാലത്ത് സുലഭ എന്ന ഭിക്ഷുകി തീവ്ര വൈരാഗ്യാനുഭൂതിയിൽ പരിവ്രാജനം ചെയ്തിരുന്നു. തന്നെപോലെ ആത്മജ്ഞാനം നേടിയ ജനകന്റെ വൈഭവവും യോഗ്യതയും കേട്ടറിഞ്ഞ ഭിക്ഷുകി അദ്ദേഹത്തെ നേരിൽ കാണാൻ തീരുമാനിച്ചു, മിഥിലയിലെത്തിയ ആ യോഗിനി തന്റെ സിദ്ധി വൈഭവംകൊണ്ടു സൗന്ദര്യവും തേജസ്സുമുള്ള ഒരു യുവതിയായി അരമനയിലേക്കു പ്രവേശിച്ചു. താനൊരു ഭിഷുകിയാണെന്നും മഹാരാജനെ സന്ദർശിച്ച് ഭിക്ഷ സ്വീകരിക്കാൻ വന്നതാണെന്നും അറിയിച്ചു. രാജസന്നിധിയിലേക്കു പ്രവേശനം ലഭിച്ച സുലഭ ജനകനെ കണ്ടു. അദ്ദേഹം ജീവന്മുക്തനായിട്ടില്ലെന്ന് അവർക്കു ബോധ്യപ്പെട്ടു ആ ഭിക്ഷുവേഷത്തെ മാനിച്ചു വേണ്ട ഉപചാരങ്ങൾ നൽകി രാജാവ് അനേകം പണ്ഡിതന്മാരും വിശിഷ്ട വ്യക്തികളും പ്രഭുക്കന്മാരും സാമന്തന്മാരും നിറഞ്ഞ സഭാമണ്ഡപത്തിലേക്കു അവരെ ആനയിച്ചു. ഉത്തമാസനം കൊടുത്ത് ഇരുത്തി. പിന്നീട് സിംഹാസനത്തിലിരുന്ന രാജാവ് ഭിക്ഷുകിയോട് സംസാരിച്ചു തുടങ്ങി : അങ്ങാരാണ്? കാഴ്ചക്ക് ഭിക്ഷുകിയെങ്കിലും ശരീരപ്രകൃതിയും പ്രായവും സമ്പ്രദായവും ഭിക്ഷുകിക്കു യോജിച്ചതായി തോന്നുന്നില്ല. യൗവ്വനയുക്തയായ ഒരു സ്ത്രീ ഭിക്ഷുകിയാണെന്നും പറഞ്ഞു രാജ്യം മുഴുവൻ തെണ്ടി നടക്കുന്നത് പരിവ്രാജനമാവുമോ? ഇത്തരക്കാരാണ് വർണ്ണസങ്കരത്തിന്റെ വിത്തുപാകുന്നത്. മോക്ഷമാണ് ഉദ്ദേശമെങ്കിൽ അത് സ്വന്തം ഗൃഹത്തിലിരുന്നും നേടാവുന്നതല്ലേ ? അതിന് മാതൃകയായി ഞാൻ തന്നെയുണ്ടല്ലോ. വെള്ളത്തിൽ താമരയെന്ന പോലെയാണ് ഞാൻ ഗൃഹത്തിൽ കഴിഞ്ഞുവരുന്നത്. ഒന്നിനോടും യാതൊരു ബന്ധവും എനിക്കില്ല. എന്റെ ഒരു കൈ ചന്ദനച്ചാറിൽ മുക്കുമ്പോൾ മറുകൈ തീകുണ്ഡത്തിലാണ് വെയ്ക്കുന്നത്. എന്തെന്നാൽ രണ്ടും എനിക്കൊരുപോലെ! എത്രയോ ജിജ്ഞാസുക്കൾക്ക് ആത്മതത്വം ഉപദേശിക്കുന്നു. മുമുക്ഷുക്കൾക്ക് മോക്ഷമാർഗ്ഗം ചൂണ്ടി കാണിക്കുന്നു! ജ്ഞാനോപദേശവും രാജ്യകാര്യ വിചാരവും ഗൃഹകാര്യങ്ങളും എല്ലാം എനിക്കൊരു പോലെയാണ്. സുലഭയെ തരംതാഴ്ത്തിയും സ്വയം അവനവനെ ഉയർത്തികാട്ടിയും അഹന്തയിൽ കുളിച്ച രാജൻ ദീർഘനേരം സംസാരിച്ചുകൊണ്ടേയിരുന്നു. എല്ലാം ക്ഷമയോടെ കേട്ടതിനു ശേഷം സുലഭ തുടർന്നു: "മഹാരാജൻ ഞാനാരാണെന്നല്ലേ ആദ്യം ചോദിച്ചത്, കർമ്മവൈചിത്ര്യം കൊണ്ടു വിഭിന്ന രൂപങ്ങളുണ്ടാവുന്നു. അവയ്ക്കു വിവിധപേരുകൾ പറയുകയും ചെയ്യുന്നു. ആ നിലക്ക് എന്നെ മനുഷ്യസ്ത്രീ എന്ന് പറയാം. എന്നാൽ സംസ്കാരം കൊണ്ട് ഞാൻ ആത്മചൈതന്യമാണ്, ക്ഷണം തോറും മാറിക്കൊണ്ടിരിക്കുകയാണ് ഈ ലോകം, അത്രയും വേഗത്തിലാണ് പരിണാമം. അങ്ങു ജീവന്മുക്തനാണെന്നാണല്ലോ അഭിമതം. എന്നാൽ എന്താണ് മുക്തന്റെ ലക്ഷണം? അതങ്ങു വിവരിച്ചില്ല പോട്ടെ, സാധാരണ ഒരാൾക്കുള്ള മനസ്ഥിതിയെങ്കിലും അവിടത്തേക്കുണ്ടോ? ജീവന്മുക്തനെന്നു സ്വയം ഘോഷിക്കുന്ന അങ്ങ് എന്റെ സ്ത്രീ രൂപത്തെയും അതിലെ ലാവണ്യത്തെയുമല്ലേ കണ്ടത് വേറെന്തെങ്കിലും എന്നിൽ കാണാൻ കഴിഞ്ഞോ ? സാമാജികന്മാർക്കിടയിൽ വെച്ച് ഒരു സ്ത്രീയെ അധിക്ഷേപിക്കാൻ താങ്കൾക്ക് ലജ്ജയില്ലേ? ഞാൻ വർണ്ണസങ്കരത്തിന്റെ വക്താവാണെന്നു അങ്ങക്കെങ്ങിനെ പറയാൻ കഴിഞ്ഞു? രാജാവേ അങ്ങ് വിചാരിക്കുന്നപോലെ ഞാൻ ഹീനയല്ല. കുലീനയും വേദശാസ്ത്രങ്ങൾ പഠിച്ച് ജ്ഞാനം കൊണ്ട് ആത്മാനുഭവ സമ്പന്നയുമാണ്. ബ്രഹ്മനിഷ്ഠയിൽ ഞാനെപ്പോഴും വിലീനയുമാണ്. എന്നാലും ഗൃഹത്തിലിരിക്കുന്നത് ഉചിതമല്ലെന്ന് എനിക്കറിയാം. എനിക്കങ്ങയെപോലെ ജീവന്മുക്താഭിമാനമില്ല; ഇത്രയും പറഞ്ഞ സുലഭ ജനകൻെറ അഹങ്കാരത്തിനു സ്വയം അതിര് കൽപ്പിക്കാനാവശ്യപ്പെട്ടു. ഈശ്വരേച്ഛയാണ് പ്രപഞ്ചമെന്ന പരമാർഥം മറക്കുമ്പോൾ മനുഷ്യനു വഴി തെറ്റുന്നു. വാടകവീട് സ്വന്തം വീടെന്നു നടിക്കുമ്പോൾ എല്ലാ കുഴപ്പങ്ങളും പടി കയറി വരുന്നു! ഭൗതിക ജീവിത വഴിത്താരയിലൂടെ നടക്കുമ്പോൾ ഈശ്വരൻ ചിലരെ വഴിമാറ്റി വിടും ചില വിജയങ്ങൾക്കൊക്കെ ഒത്താശകൾ ചെയ്തുതരുമെങ്കിലും തോൽക്കാതെ പൊരുതുന്നവരെ തോൽപ്പിക്കാനാവുമോ എന്നുകൂടി നോക്കാറുണ്ട് അദ്ദേഹം. അധികാരവും സ്വാധീനവും ധനവും കൈവരുമ്പോൾ മദ്യത്തെക്കാൾ ലഹരി ഇവയ്ക്കാണ്. ഇത് ചിലപ്പോൾ ജീവിതത്തെ മത്തുപിടിപ്പിക്കും. എന്താണ് നേട്ടങ്ങൾ. ഇന്ന്, നാം നേടിയതെല്ലാം ഇന്നലെ മറ്റാരുടേതോ ആയിരുന്നു. നാളെ ഇതു മറ്റാരുടേതെങ്കിലുമാകുമെന്നതിൽ സംശയമില്ല. എന്റേതെന്നവകാശപ്പെടാൻ പ്രാണൻ മാത്രമേ ഉള്ളു. ദേഹാഭിമാനജന്യമായ അഹംബുദ്ധിയാണ് മനുഷ്യനെ വഴി തെറ്റിക്കുന്നത്. അഹത്തിൽനിന്ന് എത്രയ്ക്ക് അകന്നുപോകുന്നുവോ അത്രയ്ക്ക് അവനുയരുന്നു. സ്വന്തം മേൽവിലാസം നഷ്ടപ്പെടുമ്പോഴാണ് നേട്ടമുണ്ടാകുന്നത്. തന്നെ മറക്കുക എന്നതാണ് സുഖരഹസ്യം. ●

# വ്യക്തിത്വ വികാസവും ചില മാനസീകാരോഗ്യ പ്രശ്നങ്ങളും

ഭാഗം 2



പ്രൊഫ. വി. കെ. എം. നായർ
9497504782, 0491 2951782

**പെ**ൺകുട്ടികളുടെയും ആൺകുട്ടികളുടെയും 10 നും 20 നും ഇടയ്ക്കുള്ള വളർച്ചയിൽ സാമൂഹ്യ സംഘടനകൾക്ക് പ്രത്യേക പങ്കുണ്ട്. ലൈംഗികാസക്തി ക്രമാതീത വേഗത്തിൽ വളരുകയും, അതിനോടൊപ്പം ബുദ്ധിയും മാനസിക വികാസവും സംഭവിക്കാത്തവരുമായ വരെ സാമൂഹ്യതലത്തിൽ വച്ചു തന്നെ കണ്ടുപിടിക്കാൻ സാമൂഹ്യസേവചെയ്യുന്ന സംഘടനകൾക്ക് കഴിയും, കഴിയണം. സാമൂഹ്യസേവയെന്നാൽ സദാചാര പോലീസിംങ്ങല്ലായെന്നോർക്കുക. സദാചാര പോലീസിംങ്ങ് മാനസികവൈകല്യത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ്.

കുട്ടികളിൽ സ്നേഹവും സേവന മനോഭാവവും വളർത്തുക. വിദ്യാഭ്യാസനിലവാരം മോശമാണെങ്കിൽ, അവരെ പ്രത്യേകം ശ്രദ്ധിക്കാൻ പാകത്തിനുള്ള സമാന്തരവിദ്യാഭ്യാസ ക്ലാസ്സുകൾ arrange ചെയ്യുക. പിന്നോക്കം നിൽക്കുന്ന മിടുക്കരായ കുട്ടികൾക്ക് പ്രത്യേക ആനുകൂല്യവും കൂടുതൽ നല്ല വിദ്യാഭ്യാസവും ലഭിക്കാൻ വേണ്ടത് ചെയ്യുക. വിദ്യാഭ്യാസമില്ലാത്തവരുടെ അദ്ധ്വാനശേഷി ചൂഷണം ചെയ്യപ്പെടുന്നില്ലായെന്നുറപ്പ് വരുത്തുക. കാടുകൾ വെട്ടിനശിപ്പിക്കുന്നവരേയും പ്രകൃതിയുടെ ആവാസനില തകിടം മറിക്കാൻ ശ്രമിക്കുന്നവരേയും കണ്ടറിഞ്ഞ് ശിക്ഷിക്കാൻ അവർ മന്ത്രിമാരായാലും അവരെ യഥാവിധി ശിക്ഷിക്കാൻ ജനം തയ്യാറായെ മതിയാവു. ഭരിക്കുന്നവർ ജാതിയുടെയോ മതത്തിന്റെയോ കാരണത്താൽ അതിനൊരുമ്പെടുന്നില്ലെങ്കിൽ മറ്റ് പരിഹാരം അന്വേഷിച്ച് കണ്ടെത്തുക. ഇങ്ങനെ എത്രയോ നല്ല കാര്യങ്ങൾ ചെയ്യാൻ സാമൂഹ്യ സേവാസമിതികൾക്ക് കഴിയും ! വീണ്ടും പറയട്ടെ ഇതാർക്കാണ് അറിയാത്തത്? എന്തുകൊണ്ടിത് പ്രായോഗികമാകുന്നില്ലാ എന്നതാണ് ചോദ്യം? വിദ്യാഭ്യാസ മേഖലയിലും മാറ്റങ്ങൾ അത്യാവശ്യം. ആഗോള തലത്തിൽ അറിയപ്പെടുന്ന ഒരു സർവ്വകലാശാല പോലും നമ്മുടെ നാട്ടിൽ ഇല്ലായെന്നത് അപഹാസ്യം തന്നെ. ജാതി രാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കിയാലെ സർവ്വകലാശാലാ വിദ്യാഭ്യാസം മെച്ചപ്പെടൂ. ഗുണമേന്മയാണാവശ്യം, അതുറപ്പുവരുത്താൻ വിദ്യാഭ്യാസ വിചക്ഷണരെ വേണം ഭരണമേൽപിക്കാൻ. സർട്ടിഫിക്കറ്റ് തിരുത്തി ജാതിയുടെ പേരിൽ വി. സി. യും പി. വി. സി. യുമായി നിയമിക്കപ്പെടുന്ന സമ്പ്രദായം എന്നന്നേക്കുമായി അവസാനിപ്പിക്കണം. സ്വയം ഭരണമെന്നത് പേരിനുമാത്രം പോരാ. പൂർണ്ണമായും സ്വയംഭരണമാവണം. അതിനു കഴിവുള്ളവരാവണം ചുമതലയേൽക്കാൻ. രാഷ്ട്രീയ ചൂഷണം വിദ്യാർത്ഥി തലത്തിലും ഔദ്യോഗിക തലത്തിലും ഒഴിവാക്കി സംശുദ്ധമായ ഒരുഭരണരീതി കൊണ്ടുവരാൻ ബന്ധപ്പെട്ടവർ ആത്മാർത്ഥമായി ശ്രമിച്ചാലെ പൊതുവിദ്യാഭ്യാസം ഗുണം പിടിക്കൂ. ഉന്നതവിദ്യാഭ്യാസം ജാതി മതഭേദമില്ലാതെ അർഹതയുള്ളവർക്കായ് മാറ്റിവയ്ക്കുക (ഉന്നത വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത് graduate level തുടങ്ങിയുള്ള വിദ്യാഭ്യാസം എന്നാണ് അർത്ഥമാക്കുന്നത്.

സ്കൂൾ വിദ്യാഭ്യാസ നിലവാരവും ശോചനീയം തന്നെ. പരീക്ഷ എഴുതുന്നവരെയെല്ലാം പാസാക്കണമെന്ന മന്ത്രിയുടെ order എന്തർത്ഥത്തിലാണെന്നു മനസ്സിലാകുന്നില്ല. അതുകൊണ്ടുണ്ടായത് പഠിക്കലും, പഠിപ്പിക്കലും ഇല്ലാതായി എന്നതാണ്. എങ്ങനെയും പാസാകാമെന്നുവന്നപ്പോൾ കുട്ടികൾ പഠിത്തത്തിൽ ശ്രദ്ധിക്കാതെ രാഷ്ട്രീയത്തിൽ കണ്ണുവച്ചു തുടങ്ങി, സമരങ്ങളോടായി അവരുടെ കമ്പം. പഠിപ്പിക്കലിനോട് അദ്ധ്യാപകരും വിമുഖത കാട്ടാനാരംഭിച്ചു. ഇപ്പോൾ ബുദ്ധിയുള്ള കുട്ടികൾക്കുപോലും അവരുടെ ആവശ്യത്തിനൊത്ത് പഠനം കിട്ടുന്നില്ലായെന്ന സങ്കടകരമായ അവസ്ഥയാണുള്ളത്. രാഷ്ട്രീയ അതിപ്രസരം

വിദ്യാഭ്യാസമേഖലയ്ക്ക് ചേർന്ന തല്ലായെന്നതാണ് സത്യം. കുട്ടികളുടെ വ്യക്തിത്വവളർച്ചയെ അത് തീർച്ചയായും ബാധിക്കും. കുട്ടികൾക്ക് ബുദ്ധിയുണ്ടായാൽ മാത്രം പോരാ, അത് വേണ്ടവണ്ണം പ്രകാശിപ്പിക്കാനവസരം കൂടി നൽകണം. അതിനു രാഷ്ട്രീയം തടസ്സമാവരുത്. രാഷ്ട്രത്തിന്റെ ഭാവി കെട്ടിപ്പടുക്കേണ്ടവർ ബുദ്ധിയുള്ളവരായിരിക്കണം. ജാതി മത ഭ്രാന്തുള്ളവരാകരുത്. അതിനു വേണ്ട കരുക്കൾ നീക്കിത്തുടങ്ങേണ്ടത് സ്കൂൾലെവൽ വിദ്യാഭ്യാസത്തോടെ വേണം. ജാതി മതകക്ഷിനേതാവായാൽ ഭരിക്കാനർഹൻ എന്ന അന്ധവിശ്വാസം, മാറ്റി ചിന്തിക്കാൻ കഴിവുള്ളവൻ മാത്രമെ ഭരണാധികാരിയാകാവൂ എന്ന നിലയുണ്ടാവണം. അത് രാഷ്ട്രനന്മയ്ക്ക് ഒഴിച്ചുകൂടാനാവാത്തതാണെന്ന് ഓർക്കുക. ചിന്തിക്കാനുള്ള കഴിവ് അളക്കുന്ന രീതിയും ജാതിമത ഭാഷാ പരിഗണനകൾക്ക് അതീതമാവണം. പ്രാദേശികത്വവും പൂർണ്ണമായി ഉപേക്ഷിക്കുന്നതായിരിക്കും നല്ലത്. കുറേപേരുടെ സ്വാർത്ഥതാത്പര്യ സംരക്ഷണം മുൻനിറുത്തിയാവരുത് ഭരണകർത്താക്കളെ തിരഞ്ഞെടുക്കൽ. ഇന്നത്തെ സ്ഥിതിയെന്തെന്നാൽ, 1. ഏറ്റെടുക്കുന്ന ജോലി ശരിക്ക് സമയബന്ധിതമായി ചെയ്തു തീർക്കാൻ കഴിവുള്ളവരല്ല, അധികാരികളാവുന്നത്. 2. അവർ ഒന്നിനോടും പ്രത്യേകതാത്പര്യം ഇല്ലാത്തവരും സമ്പത്തിനോടും സുഖസമൃദ്ധിയോടുംകൂടിയ ജീവിതം ആഗ്രഹിക്കുന്നവരുമാണ്. 3. ആത്മാർത്ഥത അശ്ശേഷം തീണ്ടാത്ത കൂട്ടർ. ഈ സ്ഥിതിക്ക് കാരണം നമ്മുടെ സാമൂഹ്യ പശ്ചാത്തലവും വിദ്യാഭ്യാസ നിലവാര താഴ്ചയുമാണ്. അധികാരികൾ വ്യക്തികളല്ല, വെറും എറാൻമൂളികൾ, സ്വരക്ഷമാത്രം കാത്ത് ദിവസം തള്ളിവിടുന്ന സ്വാർത്ഥ താത്പര്യക്കാർ!! ജാതി മത കോമരങ്ങൾ! ഹിപ്പോക്രിറ്റ്സുകൾ!

വിദ്യാഭ്യാസം പ്രതിഭകളെ മെനയാനാവണം പ്രധാനമായും ഉപയോഗപ്പെടുത്തേണ്ടത്. അങ്ങനെ സംഭവിക്കുമ്പോൾ, പ്രതിഭകൾ ഭരണനിർവഹണത്തിന്റെ ഭാഗമായി മാറും. ഭരണ നിർവഹണ നിലവാരം സ്വയം ഉയർത്തപ്പെടും. പ്രതിഭകളാരാണെന്നല്ലേ?. ജാതിമതകക്ഷി രാഷ്ട്രീയത്തിനതീതരാണ് പ്രതിഭകൾ. ഏത് പ്രശ്നത്തിന്റെ ആഴത്തിലും അരനിമിഷംകൊണ്ട് ഊളിയിട്ടിറങ്ങി, എല്ലാവശങ്ങളും പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ കഴിവുള്ള അതിമാനുഷ ബുദ്ധിയുള്ളവരാണ് പ്രതിഭകൾ. നേരത്തെ സൂചിപ്പിക്കപെട്ടപോലെ പ്രതിഭകളാണ് പ്രസ്ഥാനം ഉണ്ടാക്കുന്നതും നിലവിലുള്ള വ്യവസ്ഥകൾക്ക് മാറ്റങ്ങൾ നിർദ്ദേശിക്കുന്നതും. സമ്പത്തും ശാസ്ത്രവും ഭാഷയും കലയുമെല്ലാം കൈകാര്യം ചെയ്യാൻ കഴിവുള്ള അത്ഭുത ജ്യോതിസ്സുകളാണ് പ്രതിഭകൾ. ഭരണം mediocre ആവുന്നത് ഭരണതലത്തിലും രാഷ്ട്രീയത്തിലും mediocrity ഇഴഞ്ഞു കയറി രക്തം കുടിക്കുന്നതുകൊണ്ടാണ്. ഇനി വ്യക്തി വൈഭവത്തിന്റെ കാലമാണ്, നമുക്കും സമുന്നതരായ വ്യക്തികൾ എല്ലാതുറയിലും ഉണ്ടായാലെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക സ്ഥിതിയിൽ മാറ്റമുണ്ടാക്കാനാവൂ. ആഗോളതലത്തിൽ നമുക്ക് നിലനില്പുണ്ടാവൂ. അതിനു ഇപ്പോഴേ വിദ്യാഭ്യാസത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കാൻ അധികാരികൾ താത്പര്യം കാണിക്കണം. വിദ്യാഭ്യാസം ജാതിക്കും മതത്തിനും അതീതമായിരിക്കണമെന്നത് എല്ലാവരും ഓർക്കേണ്ട വിഷയമാണ്, ഒരു പ്രതിഭയ്ക്ക് അയാൾക്ക് യോജിച്ച പ്രവർത്തന മണ്ഡലം നിരസിക്കപ്പെടുകയും ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു സാധാരണക്കാരനെ അവിടെ കുടിയിരുത്തുകയും ചെയ്യുന്നത് ഏതു ഭരണ സംവിധാനത്തിലും ആശാസ്യമല്ലായെന്ന് വേണ്ടപ്പെട്ടവർ ഓർക്കണം. വിദ്യാഭ്യാസനിലവാരം താഴ്ത്താനും വിദ്യാഭ്യാസ മേഖലയിലെ ബിസ്സിനസ്സുകാരെയും മത ഭ്രാന്തരേയും പോഷിപ്പിക്കാനും കോഴ വാങ്ങി orders പുറപ്പെടുവിക്കുന്നവരുടെ രാജ്യസ്നേഹം ചോദ്യം ചെയ്യപ്പെടാവുന്നതാണ്. രാജ്യം ഏത് വിധേനയും തകർക്കുക എന്ന ലക്ഷ്യത്തോടെ ഭരണം കൈയ്യാളുന്നവരെ രാജ്യദ്രോഹക്കുറ്റം ചുമത്തി ശിക്ഷിക്കപ്പെടേണ്ടതാണ്. അവരുടെ രഹസ്യ 'അജണ്ട' നാശം വിതയ്ക്കലും അരാജകത്വം വളർത്തലുമാണ്. രോഗം ചികിത്സിക്കാൻ നല്ല ഡോക്ടേഴ്സ് ഇല്ലെങ്കിൽ രോഗി മരിക്കുമെന്നത് തീർച്ചയല്ലേ? പാലം പണിയാൻ വിവരമുള്ള എഞ്ചിനീയേഴ്സ് ഇല്ലെങ്കിൽ പാലം പൊളിയുമെന്നും അത് വീണ്ടും പണിയേണ്ടി വരുമ്പോൾ നമ്മുടെ സാമ്പത്തിക ഭദ്രത തകരുമെന്നും മനസ്സിലാക്കാൻ ആർക്കാണ് അറിയാത്തത്? കഴിവുള്ള അദ്ധ്യാപകരുടെ അഭാവം വിദ്യാഭ്യാസ മേഖലയിലൊട്ടാകെ നാശം വിതറുമെന്ന് അറിയാത്തവരാണോ ഭരണാധികാരികൾ! ജനങ്ങളുടെ ബുദ്ധിനിലവാരം തകരാറിലാകുമ്പോഴാണ്, മാനസികനില തുരങ്കം വയ്ക്കപ്പെടുമ്പോഴാണ് രാജ്യത്ത് അരാജകത്വം വിളയാടുക. ഇത് ചൂഷണത്തിന് വഴിവയ്ക്കുന്നു. ജനങ്ങൾ ചൂഷണം ചെയ്യപ്പെടണമെന്നു ഭരണാധികാരികൾ രഹസ്യമായി ആഗ്രഹിക്കുന്നു. അതിനു വേണ്ടതെല്ലാം രഹസ്യമായും പരസ്യമായും ബുദ്ധിപൂർവ്വം ചെയ്തുവയ്ക്കുന്നു. കാടുവെട്ടി നശിപ്പിക്കലും പ്രളയം

സൃഷ്ടിക്കലും ധനകാര്യ ധൂർത്തടിയും വിദ്യാഭ്യാസ നിലവാര തകർച്ചയും ഉദ്യോഗസ്ഥരെ അഴിമതി ചെയ്യാൻ പ്രേരിപ്പിക്കലുമെല്ലാം ഈ ചൂഷണസ്വഭാവത്തിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്. അരാജകത്വം ക്ഷണിച്ചുവരുത്താനുള്ള ദുരുദ്ദേശമാണിതിന്റെ പിന്നിൽ. ജനങ്ങളെ അടിമകളാക്കാനുള്ള കുതന്ത്രം.

ലൈംഗിക അരാജകത്വത്തിനു എന്താണ് കാരണം? ഗീതയും ഖുർ-ആനും ബൈബിളും ഉപനിഷത്തും ദസ്ക്യാപിറ്റലുമെല്ലാം ഉണ്ടായിട്ടും ലൈംഗിക അരാജകത്വം നടമാടുന്നില്ലേ? സാമ്പത്തിക അസമത്വം മാറുന്നുണ്ടോ? മതപരമായ അനാചാരങ്ങളും ദുരാചാരങ്ങളും ചോദ്യം ചെയ്യാൻ ധൈര്യമുള്ള എത്ര ഭരണാധികാരികളാണ് നമുക്കുള്ളത്? ജാതി മത ദുർമ്മേദസ്സുകളുടെ വിളയാട്ടം തടയാൻ കഴിവുള്ളവർ ഭരണ തലത്തിൽ എത്തിപ്പെടാറുണ്ടോ? ജനങ്ങളുടെ മൊത്തത്തിലുള്ള ബുദ്ധി നിലവാരത്തകർച്ച, സാമ്പത്തിക ശേഷിക്കുറവ്, ചിന്താ ശക്തിക്ഷയം, മനസ്സ് മുരടിക്കൽ ഇതൊക്കെയാണ് കാരണങ്ങൾ എന്നറിഞ്ഞിട്ടും പരിഹാരം കാണാതെ യാന്ത്രികമായ രീതിയിൽ ഭരണം നടത്തിപ്പോരുന്ന വ്യവസ്ഥ അവസാനിക്കുക തന്നെ വേണം.

സ്ത്രീ ഗർഭിണിയാകുമ്പോഴേ ഗർഭിണിക്ക് വേണ്ട പോഷകാഹാരം നൽകാൻ ശ്രദ്ധിക്കുക. കുഞ്ഞു ജനിച്ചു കഴിഞ്ഞാലും രണ്ടുപേർക്കും നല്ല ആഹാരം നൽകാൻ വേണ്ടത് ചെയ്യുക. കുടുംബത്തിലെ ആണിന്റെ അദ്ധ്വാനശേഷിയെ ചൂഷണം ചെയ്യപ്പെടാതെ നോക്കുക. പെൺകുഞ്ഞുങ്ങൾ ജനിച്ചാൽ, ജനിച്ചാലുടനെ കൊല്ലുന്ന ക്രൂര സംഭവം നിറുത്തിയ്ക്കാൻ വേണ്ട സമഗ്ര സാമൂഹ്യ വിദ്യാഭ്യാസ പദ്ധതി ഉടൻ നടപ്പിലാക്കുക. ശാരീരികാരോഗ്യത്തോടൊപ്പം കുടുംബാംഗങ്ങളുടെ മാനസികാരോഗ്യവും നല്ല നിലവാരത്തിലാണോ എന്ന് ശ്രദ്ധിക്കുക മുതലായ നിസ്സാര കാര്യങ്ങളിൽ ഭരണാധികാരികളുടെ ശ്രദ്ധ പതിഞ്ഞാൽ മതി ഗുണ്ടായിസ്സവും ലൈംഗിക അരാജകത്വവും കുറയ്ക്കാനാവും. മാനസികാരോഗ്യസ്ഥിതി മോശമായതു കാരണം എത്രയെത്ര രോഗങ്ങളാണ് കുടുംബാംഗങ്ങൾ അനുഭവിക്കേണ്ടി വരുന്നത്? പിറന്നുവീണ കുഞ്ഞുമുതൽ മുതിർന്നവർ വരെയുള്ളവർക്ക് ഇതിൽ നിന്ന് മോചനമില്ല. ലൈംഗിക അരാജകത്വവും ഗുണ്ടായിസവും മാനസിക നിലവാര തകർച്ച മൂലമാണെന്നറിയുക. അത് പ്രോത്സാഹിപ്പിച്ചെ മതിയാവൂ എന്ന് കരുതുന്ന രാഷ്ട്രീയ കക്ഷികൾ വർദ്ധിക്കുന്നു.

ഇപ്പോഴും മ്ലാനമുഖവുമായി അലഞ്ഞുതിരിയുന്ന യുവാക്കളെ നിങ്ങൾ കണ്ടുകാണും. ആലസ്യം അവരുടെ കൂടപ്പിറപ്പാണ്. പലരും അനാരോഗ്യം പിടിപെട്ടവരും. ആഗ്രഹിച്ചതൊന്നും നേടാൻ കഴിയാതെ വരുമ്പോഴുള്ള 'ഷോക്കിൽ' നിന്ന് മോചനം നേടാത്ത ദുർബല മനസ്സുകളുടെ ഉടമസ്ഥരാണിവർ. ഇവർക്കറിയാവുന്ന രണ്ട് വികാരങ്ങൾ വെറുപ്പും വ്യസനവുമാണ്. ഇവരിൽ പലരും വിശപ്പിന്റെ അസഹനീയാവസ്ഥയിൽ പ്രലോഭനങ്ങൾക്ക് വശംവദരായി അരാജകത്വത്തിന്റെ ഇരകളായി മാറുന്നു. അവരെ ചൂഷണം ചെയ്ത് കാശാക്കാൻ കാത്തുകഴിയുന്ന കൂട്ടർ എല്ലായിടത്തും തമ്പടിച്ച് പരീക്ഷണങ്ങൾ നടത്തികൊണ്ടേയിരിക്കും. ജനിക്കും മുമ്പേ ലഭിച്ച 'സാമ്പത്തിക പ്രതികൂല ഭാവവും' ജനിച്ച് വളരാൻ തുടങ്ങിയപ്പോൾ കിട്ടിയ 'പാരമ്പര്യ വൈചിത്ര്യവും' അവരെ മനോരോഗികളാക്കി കഴിഞ്ഞിരിക്കും. അവരുടെ മ്ലാനമുഖത്തിനും ആലസ്യത്തിനും ഇതാണ് കാരണം. അച്ഛനമ്മമാരുടെ സാമ്പത്തിക ഞെരുക്കം, സ്വരചേർച്ചയില്ലാത്ത, എപ്പോഴും കലഹിക്കുന്ന ജീവിതവും ഭരണാധികാരികളുടെ വിമുഖതയും അവരെ അരാജകത്വത്തിന്റെ ആയുധങ്ങളാക്കി മാറ്റുന്നു. ഇത്തരം അധഃപതനം വളർന്നാലെ ഭരിക്കാനാവൂ എന്ന് കരുതുന്ന ഭരണാധികാരികളും. പോരെ പൂരം?

അച്ഛനമ്മമാരുടെ സ്നേഹവും സാമ്പത്തിക ഭദ്രതയോടുമുള്ള ജീവിതവും പോലെ പ്രധാനമാണ് കുഞ്ഞുങ്ങളുടെ പോഷഹാകാര ലഭ്യതയും. രക്ഷകർത്താക്കളിൽ ഒരാളിന്റെ മാനസിക നില താളം തെറ്റിയതാണെങ്കിൽ കുഞ്ഞിന്റെ മാനസിക നിലയും മുരടിച്ചുപോകും. കുടുംബഭദ്രത തകർക്കുന്ന രീതിയിൽ establishment ന്റെ പെരുമാറ്റവും ശ്ലാഘനീയമല്ല. ജോലിയുള്ള ഭാര്യയും ഭർത്താവും രണ്ടു സ്ഥലങ്ങളിൽ ജോലി ചെയ്യാൻ വിധിക്കപ്പെട്ടാൽ കുഞ്ഞുങ്ങളുടെ ഭാവിയും തകരാറിലാവും. ഇഷ്ടമില്ലാത്ത ജോലിഭാരം നൽകുക, യോഗ്യതയുണ്ടെങ്കിലും യോഗ്യതയ്ക്ക് അനുസൃതമായ ജോലി നൽകാതിരിക്കുക, ജാതിമതത്തിന്റെ പേരിൽ ഒറ്റപ്പെടുത്തുക, അർഹത നോക്കാതെ ആനുകൂല്യങ്ങൾ നൽകുക തുടങ്ങി എത്രയോ അസ്വീകാര്യങ്ങളായ കാര്യങ്ങളാണ് അധികാരിയുടെ അൽപബുദ്ധിയിൽ ഉദിക്കുക. ഫലമോ, വ്യക്തിയുടെ മാനസിക നില തകരുമ്പോൾ കുടുംബത്തിന്റെ സ്നേഹാന്തരീക്ഷമാണ് തകർക്കപ്പെടുന്നതെന്ന് അധികാരികൾ അറിയുന്നുണ്ടോ? അതുമൂലം പുത്തനൊരു തലമുറയുടെ സ്വാഭാവിക ശക്തിയാണ് നശിക്കുന്നത് എന്ന ബോധം ഈ അധികാര വ്യഭി

ചാര വീരന്മാർ മനസ്സിലാക്കുന്നുണ്ടോ ? കുട്ടികൾക്കാണെങ്കിൽ അവരർഹിക്കുന്ന വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു. ബുദ്ധിയുണ്ടെങ്കിലും അത് പ്രകടിപ്പിക്കാൻ അവസരം നൽകാത്ത ഭരണാധികാരികൾ, ശിക്ഷാർഹരല്ലേ? അതെ ബുദ്ധിയില്ലാത്തവർ എഞ്ചിനീയർമാരും, ഡോക്ടർമാരും, MLA മാരുമായി വിലസുന്നു. ഈ നാശോന്മുഖ വൈരുദ്ധ്യം നാടിന്റെ ശാപമാണ്. ഈ വൈരുദ്ധ്യം കണ്ട് വളരുന്ന പുത്തൻ ജനതയാണ് മനോരോഗികളായി മാറുകയും അരാജകത്വത്തിന് കളമൊരുക്കുകയും ചെയ്യുന്നത്. ഈ നാട്ടിൽ മാവോയിസം വളർന്നില്ലെങ്കിലേ അതിശയിക്കേണ്ടു!

മാനസിക രോഗങ്ങൾക്ക് പലേ കാരണങ്ങളുണ്ടെങ്കിലും അതിൽ പ്രധാനം തലച്ചോറിനുണ്ടാകുന്ന ക്ഷതം തന്നെ. ഗർഭപാത്രത്തിൽനിന്നു പുറത്തേയ്ക്ക് വരുമ്പോഴോ ചിലപ്പോൾ ഗർഭപാത്രത്തിൽ വച്ച് തന്നെയോ ക്ഷതമേൽക്കാം എന്ന് ഭിഷഗ്വരന്മാർ അഭിപ്രായപ്പെടുന്നു. പുറത്തുവന്നു കഴിഞ്ഞ് വളരാൻ തുടങ്ങുമ്പോഴേ മുലപ്പാലിന്റെ ലഭ്യത ഇല്ലായ്മയും പോഷകാഹാരക്കുറവും ക്ഷതം ക്ഷയമായി മാറുന്ന അവസ്ഥ സംജാതമാക്കുന്നു. വലിയ അപാകതകളൊന്നുമില്ലാതെ ശാരീരിക വളർച്ച നിലനിറുത്തിയാലും ബാല്യകാല മാനസിക വളർച്ച ശോഷിച്ചുപോകുന്നത് അച്ഛനും അമ്മയും തമ്മിലുള്ള സ്നേഹക്കുറവും സ്വരചേർച്ചയില്ലായ്മ മൂലവുമാണ്. ചില അമ്മമാർ കൃത്രിമ 'possessive tendancy' കുട്ടികളുടെ മേൽ കാണിക്കാറുമുണ്ട്. ഉദ്ദേശം അച്ഛനെ കുട്ടികളിൽ നിന്ന് അകറ്റുക എന്ന ദുരുദ്ദേശമാവാം. പക്ഷെ പരിണതഫലം കുട്ടികളുടെ മാനസിക വളർച്ചയ്ക്ക് തകരാറു സൃഷ്ടിക്കുന്നു.

വളർന്നുവരുന്ന ഒരു കുട്ടിയ്ക്ക് ഒരു പ്രത്യേക ചുറ്റുപാടിനെ നേരിടാൻ കഴിയാതെ വന്നാൽ, അവനിൽ വൈകാരിക സംഘട്ടനങ്ങൾ ഉടലെടുക്കുകയും അവന്റെ ആന്തരിക ആത്മീയ ശക്തി പ്രശ്നം ലഘൂകരിക്കാൻ അവനെ സഹായിക്കുകയും ചെയ്തു എന്ന് വരാം. പക്ഷെ ഈ ആന്തരിക ശക്തിക്ക് കേടു വന്നാൽ സംഘട്ടനം പുറത്താവുകയും അവനൊരു മാനസിക രോഗിയായി മാറുകയും ചെയ്യും. ദീർഘകാല മദ്യസേവമൂലം തലച്ചോറിന് ക്ഷതം സംഭവിക്കാം, മദ്യത്തിലെ വിഷാംശം അടിഞ്ഞുകൂടി ബുദ്ധിയ്ക്ക് ക്ഷതം സംഭവിക്കുമ്പോൾ അത് മാനസിക രോഗത്തിന് കാരണമാകുന്നു. മദ്യസേവ മൂലം ഒരു കുടുംബം തകരുന്നു. മദ്യ വ്യാപാരികളും, അതിന്റെ നടത്തിപ്പുകാരായ ഉദ്യോഗസ്ഥരും മന്ത്രിമാരും തഴച്ചുവളരുന്നു. സ്ത്രീകളുടെ മാനസികനില തെറ്റാനും 'മദ്യം' ഒരു കാരണമല്ലേ? മദ്യരാജാക്കന്മാരിൽ നിന്ന് പണം പറ്റുന്ന മന്ത്രിമാർക്ക് മദ്യം നിർത്താനുള്ള ആത്മധൈര്യം ഉണ്ടൊ? അഴിമതി വീരരാം മന്ത്രിമാർ അഴിമതിയ്ക്കെതിരായി പടനയിക്കുമെന്നത് വെറും സ്വപ്നം മാത്രം. Obsessive compulsive disorder എന്ന മാനസിക രോഗമാണ് മന്ത്രിമാർക്ക്. പണം വാങ്ങാതെ അവർക്കുറങ്ങാനാവില്ല. അതിമോഹം പുണ്ണിലെ പുഴുക്കൾ പോലെ ബോധമണ്ഡലത്തിലെത്തി ഉറുത്തുമ്പോൾ, തടുക്കാനാവാത്ത മാനസിക നിലയിൽ മതിഭ്രമം സംഭവിച്ച്, അർദ്ധരാത്രി agent നെ വിളിച്ച് പണവുമായെത്താൻ ആജ്ഞാപിക്കുന്നു. Obsessive neurosis എന്ന രോഗത്തിൽ നിന്നും mania, scicophrania മുതലായ രോഗങ്ങളിൽ നിന്നും മന്ത്രിമാർ പോലും മുക്തരല്ലായെന്നു വ്യക്തം. ഇത്തരം മന്ത്രിമാരുടെ 'ego' വളരെ brittle ആണ്. വളയാത്തതും കീഴടങ്ങാൻ തയ്യാറാകാത്തതും. അവരുടെ സദാചാര ബോധവും ഭിന്നമല്ല. ഇവർ രോഗികളായിത്തീരുമ്പോൾ പണ്ടുണ്ടായ പരിഹാരം കണ്ടിട്ടില്ലാത്ത വൈകാരിക സംഘടനങ്ങളുടെ ആവർത്തനമാണ് ഉണ്ടാവുക. അതൊഴിവാക്കാനുള്ള ശ്രമം ചെന്നവസാനിക്കുന്നത് തീരാത്ത, അടക്കാനാവാത്ത പുത്തൻ ദുരാഗ്രഹത്തിലാണ്. അതിനെ മുറുകെ പിടിക്കാൻ അബോധ മനസ്സ് ആജ്ഞാപിക്കുമ്പോൾ സ്വയം കീഴടങ്ങുകയാണ് ചെയ്യുക. പുത്തൻ ആഗ്രഹം ഒരു obsession ആയി മാറുന്നു. പെൺകുട്ടികളിലും വളർച്ചയിൽ നേരിടേണ്ടി വരുന്ന സന്മാർഗ്ഗ ചിന്ത ചിലപ്പോൾ obsession ആയി മാറാറുണ്ട്. ഇവരിൽ ഉറങ്ങുന്ന ലൈംഗികാസക്തി മറ്റ് രൂപഭാവങ്ങളിൽ പുറത്ത് വരാം. അന്യരോടുള്ള ലൈംഗിക ബന്ധങ്ങളിലും മറ്റ് കാര്യങ്ങളിലും ഇവർ അനർഹമായ താത്പര്യം കാണിക്കാറുണ്ട്. ഇവരുടെ സംഭാഷണം ശ്രദ്ധിച്ചാൽ ഇവരുടെ കാപട്യം വ്യക്തമാവും. പൊതുവേ പറഞ്ഞാൽ obsessive neurotic ആയ രോഗികളുടെ മാനസിക വളർച്ച വളരെ താണ നിലയിലായിരിക്കും. ഇവരുടെ ബുദ്ധി വളർച്ച സാധാരണ രീതിയിലും. കുഞ്ഞും നാളിലെ ഉണ്ടാകുന്ന രോഗം പുറത്തു ചാടുന്നത് വളരെ വർഷങ്ങൾ കഴിഞ്ഞിട്ടാവും സ്വയം പ്രതിരോധ ശക്തി പരാജയപ്പെട്ടാലും മറ്റേതെങ്കിലും ഒന്നിൽ മുറുകെ പിടിക്കണമെന്ന ബോധം വളരുകയും ചെയ്യുമ്പോഴാണ് പുറംലോകം ഇവരുടെ obsession നെ കുറിച്ചറിയാൻ പോകുന്നത്. obsession ഏതെങ്കിലും നല്ലകാര്യത്തോടുള്ള വാശിയായി പരിണമിച്ചാൽ അത് നല്ല ഫലം തരുകയും ചെയ്യും.

(തുടരും)

# യാഥാർത്ഥ്യം



ടി. വി. ഹരികുമാർ
9446118387

**പു**തിയ ഓഫീസ്സർ എത്തിയപ്പോഴെ ഓഫീസ്സ് അടുക്കും ചിട്ടയുമുള്ളതായി. കട്ടിമീശയും ഗോൾഡൻ ഫ്രെയിമുള്ള കണ്ണടയും സദാ പുഞ്ചിരിക്കുന്ന മുഖവും അദ്ദേഹത്തിന്റെ വ്യക്തിത്വം കൂടുതൽ പ്രശോഭിതമാക്കി. ഒരു സീനിയർ ക്ലാർക്ക് എന്ന രീതിയിൽ മാത്രമല്ല എന്തോ ഒരാകർഷണം കൊണ്ടുകൂടിയാണ് രാഗിണി വളരെ വേഗം അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തായി മാറിയത്. ഒരു ദിവസം രാഗിണി ചോദിച്ചു "സാർ... സാറിന്റെ വീട്...?"

"എന്റെ വീട് ഗ്രാമപ്രദേശത്താണ്. വീട്ടിൽ ഭാര്യയും രണ്ടു കുട്ടികളും. കുട്ടികൾ പഠിക്കുകയാണ്. രാഗിണിക്ക് എന്റെ വീട്ടിലേക്ക് സ്വാഗതം, എപ്പോൾ വേണമെങ്കിലും വരാം."

പിന്നീട് പലപ്പോഴും സ്റ്റാഫ് മീറ്റിങ്ങുകളിലുൾപ്പടെ കുടുംബ ജീവിതത്തിന്റെ കെട്ടുറപ്പിനെക്കുറിച്ച് സാർ വാചാലനാവും. കുട്ടികളെ വളർത്തേണ്ട രീതിയെക്കുറിച്ച് അനുഭവ സമ്പന്നനായ ഒരച്ഛനെപ്പോലെ പറയും. രാഗിണിയുടെ ആരാധനാപുരുഷനായി സജീവ് സാർ മാറിയതങ്ങിനെയാണ്. ഒരു ഞായറാഴ്ച വിവാഹത്തിനെത്തിയതായിരുന്നു ഗ്രാമത്തിലെ പ്രസിദ്ധമായ ക്ഷേത്രത്തിൽ. അവിടെവെച്ച് അവിചാരിതമായി രാഗിണി കോളേജ്മേറ്റ് സുപ്രിയയെ കണ്ടുമുട്ടി. പലതും സംസാരിച്ച കൂട്ടത്തിൽ ജോലിയെക്കുറിച്ചും ഓഫീസ്സിനെക്കുറിച്ചും ഓഫീസ്സറെക്കുറിച്ചും പറഞ്ഞു.

"സജീവ് സാർ ഇവിടെയടുത്താണല്ലോ താമസിക്കുന്നത്."

"ങേ..."

സജീവ് സാറിന്റെ ഭാര്യയെക്കുറിച്ചും കുട്ടികളെക്കുറിച്ചും ഒക്കെ പറഞ്ഞപ്പോൾ സുപ്രിയ പറഞ്ഞു "എങ്കിൽ നിനക്കു തെറ്റി. ഞാൻ പറയുന്ന സജീവ് സാറിന് മക്കളില്ല. ഭാര്യയും അദ്ദേഹവും ഒരേ വീട്ടിൽ കഴിയുന്ന രണ്ടപരിചിതരാണ്."

ഏതായാലും ഒന്ന് അന്വേഷിച്ചുകളയാം. കല്യാണം കഴിഞ്ഞ് വീട് ചോദിച്ചറിഞ്ഞ് രാഗിണി എത്തി. കോളിങ്ങ് ബെൽ ശബ്ദത്തിനൊപ്പം തന്നെ അകത്തുനിന്ന് സജീവ് സാറിന്റെ ശബ്ദം "ഹോ.. രാഗിണി താൻ എത്തിയല്ലെ. വാതിൽ തുറന്നുകൊണ്ട് സാർ പറഞ്ഞു 'ജനലിലൂടെ ഞാൻ തന്നെ കണ്ട് വാതിൽ തുറക്കാൻ വരുമ്പോഴാണ് താൻ കോളിങ്ങ് ബെല്ലമർത്തിയത്. വരൂ."

അകത്തു കയറി. ടീപ്പോയിൽ ചിതറിക്കിടക്കുന്ന പുസ്തകങ്ങൾ.

"ഇരിക്കൂ."


"ഇതെന്താസാർ ഇവിടെ ഒന്നിനും ഒരടുക്കും ചിട്ടയുമില്ലാതെ ?"

"രാഗിണി, മനുഷ്യൻ നല്ലൊരു നടനാണ്. നോക്കൂ കുടുംബ ബന്ധങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിവ് പകർന്നുനൽകുന്ന എനിക്ക് നല്ലൊരു കുടുംബ ജീവിതമില്ല. പിന്നെ രണ്ടു കുട്ടികൾ എന്നല്ലെ ഞാൻ പറയാറ്. എനിക്ക് മക്കളില്ല. ഞാനും ഭാര്യയും പരസ്പരം മിണ്ടിയിട്ട് വർഷങ്ങളായി. പക്ഷെ ഞാൻ പുറത്ത് പറയുന്നതും കാണിക്കുന്നതും എന്റെ മോഹങ്ങളും, സങ്കല്പങ്ങളുമാണ്." രാഗിണിക്ക് സജീവ് സാർ പറയുന്നതൊന്നും മനസ്സിലായില്ല. അന്തിച്ചു നോക്കിയിരുന്നു പോയി. "രാഗിണി ഇതാണു സത്യം. മനുഷ്യൻ അവനവനെ നല്ലതുപോലെ സംരക്ഷിക്കും. അതു സത്യം. പലപ്പോഴും അവൻ കെട്ടിയാടുന്ന നാടകത്തിൽ അവന്റെ റോൾ ഭംഗിയായി ആടും അതാണ് ജീവിതം."

രാഗിണി ഒന്നും പറഞ്ഞില്ല. സജീവ് സാറിന്റെ മുഖത്തുനോക്കി അനങ്ങാതിരുന്നു പോയി... ●



# നാളേയ്ക്കായി



സുകുമാരൻ കോങ്ങാട്
9288900447

മകളേ നിനക്കുവേണ്ടി,
നൽകുന്നിതെൻ കരങ്ങൾ..
പിടിച്ചു കൊൾകീ വിരൽത്തുമ്പിൽ,
പകരുന്നു നിന്നിലേക്കീ
യറിവും നിറവും,
സ്നേഹവും നന്മയും,
സുദൃഢമാം രക്ഷയും,
സഹനവും സത്യവും,
നീതിയും,ധർമ്മ സമസ്തവും.


നൽകുന്നു ഞാൻ വേദവും,
സംസ്കൃതിയും...
അനന്തമാം വിജയതൃഷ്ണയും;
നിഷ്ഠയും നിശ്ചയവും,
സ്ഥൈര്യവും വിനയവും,
സർവ്വവുമേകുന്നു ഞാൻ.

ഇവയേതുമെന്റേതല്ല.
ഇവയൊക്കെയും
നിനക്കു മാത്രവുമല്ല;
ഇന്നലെകളിലെന്നച്ഛ
നെനിക്കേകിയീജ്ഞാനമത്രയും!

ഗുരുവും ദൈവവും സത്തും,
വിത്തും വിതയും വിളവു
മെല്ലാമായൊരാവിരൽത്തുമ്പിൽ
നിന്നാവാഹിച്ചൊരീ
വിശ്വാസവും വിജ്ഞാനവും,
ജീവിത സാരസർവ്വസ്വവും;

ഇനിനീയെടുത്തുകൊൾക !
കരുതുക നൽകാനായ് ..
നാളെ നിൻ കുഞ്ഞിനും,
കരുതുക നൽകാനായ്
പവിത്രമീനാടിനും !!

# സമയം



സൈനുദീൻ മുണ്ടക്കയം
9947253006

**സ**മയമാണ് സത്യം. സത്യമാണ് സമയം. പ്രപഞ്ചത്തിന്റെ നിലനില്പ് പോലും സമയത്തിന്റെ അടിസ്ഥാനത്തിലാണല്ലോ. സമയം ആരേയും ഒന്നിനേയും കാത്തുനില്ക്കുന്നില്ല. തുടക്കവും ഒടുക്കവുമില്ലാത്ത ഒരു പ്രക്രിയ. സമയമായില്ല, സമയം ശരിയല്ല, സമയദോഷം, നല്ല സമയം എന്നൊക്കെ പലരും പറഞ്ഞുകേൾക്കുന്നു. സമയമായി, സമയമായി എന്ന മുഖവുരയോടെ തിടുക്കപ്പെടുന്നവരും കുറവല്ല, സമയത്തെ കുറ്റപ്പെടുത്തിയും വാഴ്ത്തിയും പറയുന്നവരുടെ കൂട്ടത്തിൽ നാമെല്ലാം ഉൾപ്പെടും. ചിലർ ചിലരെപ്പറ്റി 'അവന്റെ സമയം' എന്ന് നിരാശിതരായും അത്ഭുതപരതന്ത്രരായും പറയാറുണ്ട്, ഓരോ അവസരത്തിന്റെ പ്രാധാന്യമനുസരിച്ചുള്ള പ്രയോഗമാണത്.

കൃത്യനിഷ്ഠ എന്നതിന്റെ അടിസ്ഥാനം സമയനിഷ്ഠയിലധിഷ്ഠിതമല്ലെ ? പലർക്കും ഇല്ലാത്തതും ആ ഗുണം തന്നെ. പത്തുമണിക്കെത്താം എന്നേറ്റയാൾ പത്തരയ്ക്കോ പതിനൊന്നിനോ പിന്നേയും വൈകിയോ ഒക്കെ എത്തും. ഒരു പച്ചച്ചിരിയോടെ യാതൊരു ജാള്യതയുമില്ലാതെ ''ക്ഷമിക്കണം അല്പം വൈകിപ്പോയി'' എന്നൊരു ഭംഗിവാക്ക് കൊണ്ട് മറ്റുള്ളവരുടെ അക്ഷമയ്ക്ക് തടയിടുന്നവരാണവർ. സമയനിഷ്ഠയില്ലാത്തവർ, തന്നെയും കാത്ത് മറ്റുള്ളവർ ഇരിക്കട്ടെ, താനൊരു വിലപ്പെട്ടവനാണെന്ന ധാരണ വച്ചുപുലർത്തുന്നവരുമായിരിക്കും. കാത്തിരിക്കുന്ന അനേകരുടെ വിലപ്പെട്ട സമയമാണ് തന്നാൽ അപഹരിക്കപ്പെടുന്നതെന്ന് ചിന്തിക്കുകയുമില്ല. കാത്തിരിക്കുന്നവർ മനസ്സാ ശപിക്കുന്നുണ്ടെന്നറിയാഞ്ഞിട്ടുമല്ല. താൻ പോരിമകാട്ടാനുള്ള ഉത്സാഹം മാത്രം.

സമയാസമയം കാര്യങ്ങൾ കൃത്യമായി ചെയ്തുതൃപ്തരാകുന്ന നല്ലൊരു വിഭാഗമുണ്ടെന്നതും ആശാവഹമാണ്. അസമയത്ത് ചെയ്യുന്ന പ്രവൃത്തികൾ അനർത്ഥമാകാറുമുണ്ട്. മനുഷ്യജീവിതത്തിൽ സമയം സുപ്രധാനമാണ്. ജനനസമയം നല്ലതെങ്കിൽ ഒരാളുടെ ജീവിതം നന്നായിത്തീരുമെന്നാണല്ലോ വിശ്വാസം.

സമയത്തിന് നല്ലത്, കെട്ടത് എന്ന് വരമ്പ് തിരിച്ചതും മനുഷ്യൻ തന്നെയല്ലെ ? സങ്കല്പിക്കുന്നതും തീർച്ചയാക്കുന്നതും നടപ്പിലാക്കുന്നതുമെല്ലാം മനുഷ്യർ തന്നെ. ചെയ്യുന്ന പ്രവൃത്തി നല്ല രീതിയിലായില്ലെങ്കിൽ സമയത്തെ കുറ്റപ്പെടുത്തും. വേണ്ടത് വേണ്ടപ്പോൾ വേണ്ട പോലെ ചെയ്താൽ ഗുണഫലം ഉറപ്പു തന്നെ. തിരിച്ചായാൽ ദോഷവും അതിന് സമയത്തെ പഴിച്ചിട്ടെന്തുകാര്യം ? സമയത്തെ കുറ്റപ്പെടുത്തി സ്വയരക്ഷ ഉറപ്പാക്കുകയാണ് നമ്മൾ !!

സമയനോട്ടം സർവ്വസാധാരണമാണ്. രാഹു, കേതു, ഗുളികൻ എന്നിങ്ങനെ സമയത്തെ വേർതിരിക്കുന്നു. എങ്ങനെ തിരിച്ചാലുമില്ലെങ്കിലും സമയം അത് അതിന്റെ വഴിയേ സഞ്ചരിച്ചുകൊണ്ടേയിരിക്കും. സൂര്യനേയും ഭൂമിയുടെ ഭ്രമണത്തേയും ആസ്പദിച്ചാണല്ലോ സമയക്രമം നിശ്ചയിക്കുന്നത്. പ്രപഞ്ചത്തിന്റെ ക്രമീകരണത്തിനനുസരിച്ചാണല്ലോ നമ്മുടേയും സമയസഞ്ചാരം.

സമയം പോരാ എന്നാവലാതിപ്പെടുന്നവർ സമയത്തോടൊപ്പം എത്തുന്നില്ല എന്നതല്ലെ സത്യം. മാത്രവുമല്ല ഓരോന്നിനും അതാതിന്റെ സമയമുണ്ടെന്നാണല്ലോ. പണ്ഡിതമതം, അതാതു സമയത്ത് അതാതുകർമ്മങ്ങൾ നിർവ്വഹിച്ചാൽ (ശുഷ്കാന്തിയോടെ വർത്തിച്ചാൽ) തീരാവുന്നതേയുള്ളു സമയം പോരാ എന്ന പരാതി.

ഒരുകാലത്ത് നിഴലായിരുന്നു സമയസൂചിക. പിന്നെ പൂഴിയുപയോഗിച്ച് സമയക്രമ സൂചിക സൃഷ്ടിച്ചു. തുടർന്നിങ്ങോട്ട് കണ്ടുപിടുത്തങ്ങളുടെ ഫലമായി യന്ത്ര ഘടികാരം കണ്ടുപിടിക്കുകയും സമയം സൂചീ സൂചകമാകുകയും ചെയ്തു. ആധുനികർ ഇലക്ട്രോണിക് ഘടികാരത്തിലെത്തി. ഇനി പുതിയ സാങ്കേതികത വന്നുകൂടായ്കയില്ല. ആരളന്നാലും എന്തുകൊണ്ടളന്നാലും സമയം ആരുടേയും നിയന്ത്രണത്തിലല്ല എന്നതാണ് സത്യം. നിമിഷങ്ങൾ, മിനിറ്റുകൾ, മണിക്കൂറുകൾ, ദിവസം, ആഴ്ച, മാസം, വർഷം എന്നിങ്ങനെ പൊയ്ക്കൊണ്ടിരിക്കും. ഇക്കാലത്ത് സമയത്തിന്റെ എത്ര ചെറിയ അളവും രേഖപ്പെടുത്താൻ മനുഷ്യന് സാദ്ധ്യമായിരിക്കുന്നു. എന്നിട്ടോ, അളക്കാമെന്നല്ലാതെ കൂട്ടാനോ കുറയ്ക്കാനോ എന്തിനധികം പിടിച്ചുനിർത്താനോ സാധിക്കുമോ ? സമയത്തിനതിന്റെ വഴി. സമയം തെറ്റിയാൽ എല്ലാം തെറ്റി. സമയത്തെ കീഴടക്കാൻ ശ്രമിക്കുന്ന മനുഷ്യന് യഥാർത്ഥത്തിൽ കീഴടങ്ങാനല്ലേ പറ്റൂ.

എന്റെ സമയം, നിന്റെ സമയം അങ്ങനൊന്നില്ല. സമയം സമയരഥത്തിൽ യാത്ര തുടരുന്നു. ഒരിടത്തും നില്ക്കുന്നില്ല, വിശ്രമമില്ലാത്ത അവിരാമയാത്ര. വെല്ലുവിളിക്കുന്നവരോർക്കുക, ജീവിതദൈർഘ്യം അല്ലെങ്കിൽ ഓരോരുത്തരുടേയും സമയം കുറയുകയാണ്. സമയമാം രഥത്തിൽ നാം സ്വർഗ്ഗ (നരക) യാത്ര ചെയ്തു കൊണ്ടേയിരിക്കുന്നു. ജനനത്തിനും, ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾക്കും സമയം നോക്കിയിരിക്കെ മരണത്തിനും ഒരുസമയം, കൃത്യസമയം, ഉണ്ടെന്ന് മറക്കാ

തിരിക്കുക.

സമയമാകട്ടെ, ഒക്കെ ശരിയാകും എന്ന പ്രതീക്ഷയോടെയിരുന്നാൽ ഉദ്ദേശിക്കുന്ന സമയം കഴിഞ്ഞാലും ശരിയാകണമെന്നില്ല. ശരിയായാൽ ഭാഗ്യം അത്ര തന്നെ. എന്നും മുന്നോട്ടു മാത്രമോടുന്ന സമയത്തിനൊപ്പം നടന്നാൽ (ഓടിയാൽ) ഹ്രസ്വമായ നമ്മുടെ ജീവിത പരിധിക്കുള്ളിൽ എത്തേണ്ടിടത്തെത്തിയേക്കാം. അതിനപ്പുറം സമയമോടും നമ്മൾ വീഴും !!

●


---

# തിരിഞ്ഞുനോട്ടം

**സതീഷ് കോങ്ങാടൻ**
**7994161309**

വെറുതെയൊന്നു
തിരിഞ്ഞു നോക്കി,
മുന്നോട്ടുള്ള പാച്ചിലിൽ,
ചവിട്ടി മെതിച്ചതും,
കള്ളക്കോൽകൊണ്ട്
വീഴ്ത്തിയതും,
നിയന്ത്രണമില്ലാത്ത വേഗത്തിൽ
കാണാൻകഴിഞ്ഞില്ലൊന്നും.
ഇടയ്ക്ക് മുന്നിലെ വലിയകല്ലിൽ,
പെരുവിരൽതട്ടി തെന്നിവീണപ്പോൾ
വീണ്ടും...
എല്ലാം വ്യക്തമായ് കാണുന്നു
ഞാൻ,
അറുത്തെറിഞ്ഞ ബന്ധങ്ങളെ,
അറിഞ്ഞു കണ്ണടച്ച സത്യങ്ങളെ,
പഴിച്ച വാർദ്ധക്യങ്ങളുടെ
നോവുകളെ,
വെറുതെ  കളഞ്ഞ വറ്റിനെ,
ജന്മം തന്ന വയറിനെ,
വഴിനടത്തിയ കൈകളെ,
പിറന്നു വീണ മണ്ണിനെ,
മങ്ങിയ കാഴ്ചയിലെല്ലാം ദൂരെ
കൈമോശംവന്നവ,
കയ്യെത്തിപ്പിടിക്കവയ്യ.
ഈ തിരിഞ്ഞുനോട്ടത്തിൽ,
നേട്ടം കുറെകീറിയ നോട്ടുകൾ.
കാക്കകൊത്താത്ത ബലിച്ചോറിൽ,
ഈ നോട്ടിനെന്തു സ്ഥാനം.
തട്ടിവീഴും വരെ ഓർക്കാത്തത്,
ഇനിയോർത്തും ഗുണമില്ലാത്തത്

# മലയാള സിനിമ പിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ



**ടി. വി. നാരായണൻ കുട്ടി**
**9446030344**



## മാധുരി

**പി**ന്നണി ഗായകയായ ഇവരുടെ അരങ്ങിലെ പേരാണ് 'മാധുരി'. യഥാർത്ഥ പേര് 'ശിവജ്ഞാനം'. തെക്കേഇന്ത്യൻ ഭാഷകളായ തെലുങ്ക്, തമിഴ്, മലയാളം ഭാഷകളിലാണിവർ കൂടുതലായി ഗാനാലാപനം നടത്തിയത്. 1943-ൽ തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളിയിൽ ഒരു തമിഴ് കുടുംബത്തിലാണ് ജനനം. ബോംബെ 'മിത്തിഭായ്' കോളേജിൽ നിന്ന് ബിരുദം നേടി. അതിനുമുമ്പ് പതിമൂന്നാം വയസ്സിൽ ശ്രീ. വിജയരാമനുമായുള്ള വിവാഹം നടന്നു. ഏതാണ്ട് നാല് വർഷത്തിനകം രണ്ട് കുട്ടികളുടെ അമ്മയുമായെന്ന് പറയപ്പെടുന്നു.

മദ്രാസിലെ ഒരു അമേച്ചർ നാടക ട്രൂപ്പിൽ പാടിക്കൊണ്ടിരുന്ന മാധുരിയുടെ പാട്ടുകൾ ജി. ദേവരാജൻ കേൾക്കുവാനിടയായി. ഇവരുടെ ആലാപനം ഇഷ്ടപ്പെട്ട അദ്ദേഹം തന്റെ 'കടൽപ്പാലം' എന്ന സിനിമയിലേക്ക് പിന്നണി പാടാൻ ക്ഷണിക്കുകയാണുണ്ടായത്. 1969-ൽ നിർമ്മിച്ച ഈ സിനിമയിൽ 'കസ്തൂരി തൈലമിട്ട് മുടിമിനുക്കി' എന്ന ഒപ്പനപ്പാട്ട് പാടിക്കൊണ്ടിവർ മലയാള പിന്നണി ഗായികയായി അരങ്ങേറി. ഈ ഗാനം  അന്നൊട്ടേറെപേർക്കിഷ്ടമായി. തുടർന്ന് ദേവരാജന്റെ മിക്ക സിനിമകളിലും ഇവർക്ക് പാടാനവസരം ലഭിച്ചു. ഇത് മലയാളസിനിമാ പിന്നണി ഗാനരംഗത്തിന് പുതിയൊരു ശബ്ദത്തിന്നുടമയെ ലഭിക്കാനും കാരണമായി.

1970 ൽ പി. സുശീലയും എസ്. ജാനകിയും കഴിഞ്ഞാൽ മൂന്നാം സ്ഥാനം മാധുരിക്കായിരുന്നു. ഇവയിൽ കൂടുതലും ദേവരാജന്റെ കീഴിലാണ്. മലയാള സിനിമാ പിന്നണി ഗാനചരിത്രത്തിൽ മറ്റാർക്കും അവകാശപ്പെടാനില്ലാത്തൊരു  ബഹുമതിയായിത് നിലകൊള്ളുന്നു. (അതായത് ഒരു സംവിധായകന്റെ കീഴിൽ ഏറ്റവും കൂടുതൽ ഗാനങ്ങളാലപിക്കൽ). ഇവർ പാടിയ ഗാനങ്ങളിൽ നാടോടി പാട്ടുകൾ, പ്രേമ ഗാനങ്ങൾ, ഹാസ്യഗാനങ്ങൾ, ശാസ്ത്രീയം, അർദ്ധശാസ്ത്രീയം,  ഭക്തിഗാനങ്ങൾ, ശോകഗാനങ്ങൾ  എന്നിവയെല്ലാം ഉൾപ്പെട്ടിരുന്നു. ഉയർന്ന പിച്ചിൽ പാടാനുള്ള കഴിവാണിവരെ പ്രശസ്തയാക്കിയത്. അക്കാലത്ത് എം. എസ്. ബാബുരാജ് ഒഴികെ മറ്റെല്ലാ സംഗീതസംവിധായകരുടെ കീഴിലും ഇവർ പാടിയിട്ടുണ്ട്. രണ്ടുതവണ കേരള സർക്കാരിന്റെ മികച്ച പിന്നണി ഗായികയ്ക്കുള്ള  അവാർഡും  ലഭിച്ചിട്ടുണ്ട്. ഏകദേശം 560 ഓളം ഗാനങ്ങൾ മലയാളത്തിലിവർ ആലപിച്ചിട്ടുണ്ട്.

### ചില പ്രധാന ഗാനങ്ങൾ

1. പ്രിയസഖി ഗംഗേ പറയൂ (കുമാര സംഭവം - 1969)
2. ഇന്നെനിക്ക് പൊട്ടുകുത്താൻ (ഗുരുവായൂർ കേശവൻ)
3. കൊതുമ്പുവള്ളം തുഴഞ്ഞുവരും കൊച്ചുപുലക്കള്ളി (നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി - 1970)
4) സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു (അരനാഴിക നേരം - 1970)
5) തൃക്കാക്കര പൂപോരാഞ്ഞ്. തിരുനക്കര (ലൈൻ ബസ്സ് - 1971)
6) തമ്പ്രാൻ തൊടുത്തത് മലരമ്പ് (സിന്ധൂരചെപ്പ് - 1971)
7) കല്യാണി, കളവാണി - ചൊല്ല മ്മിണി ചൊല്ല് (അനുഭവങ്ങൾ പാളിച്ചകൾ - 1971)
8) ചക്രവർത്തിനി നിനക്ക് ഞാനൊരു (ചെമ്പരത്തി - 1972)
9) ഏഴരപ്പൊന്നാനപ്പുറത്തെഴുന്നള്ളും ഏറ്റുമാനൂരപ്പാ (അക്കരപ്പച്ച - 1972)
10) അമ്പാടി തന്നിലൊരുണ്ണി അഞ്ജനക്കണ്ണനാമുണ്ണി (ചെമ്പരത്തി - 1972)
11) കൃഷ്ണപക്ഷക്കിളി ചിലച്ചു (നഖങ്ങൾ - 1973)
12) പ്രാണനാഥനെനിക്ക് നൽകിയ പരമാനന്ദരസത്തെ (ഏണിപ്പടികൾ - 1973)
13) മല്ലികാ ബാണൻ തന്റെ വില്ലെടുത്തു (അച്ചാണി - 1973)
14) കണ്ണാ... ആലിലക്കണ്ണാ... (ദേവി കന്യാകുമാരി - 1974)
15) നീലപ്പൊന്മാനെ എന്റെ നീലപ്പൊന്മാനെ (നെല്ല് - 1974)
16) അരയന്ന കിളിച്ചുണ്ടൻ തോണി അമ്മാനക്കിളിതോണി (തുമ്പോലാർച്ച - 1974)
17) ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം (കൊട്ടാരം വിൽക്കാനുണ്ട് - 1975)
18) പാലാഴി കടഞ്ഞെടുത്തൊരമൃതാണ് ഞാൻ (സ്വാമി അയ്യപ്പൻ - 1975)
19) ഇന്ദുകലാ മൗലി തൃക്കൈയ്യിൽ ഓമനിക്കും
20) വീര, വിരാട, കുമാര വിഭോ (മാധവിക്കുട്ടി - 1973)

## അമ്പിളി

ഒരു കർണ്ണാടക സംഗീതജ്ഞയായിരുന്നു അമ്പിളി 1970 - 80 കാലങ്ങളിൽ മലയാള സിനിമാ പിന്നണിഗാനരംഗത്ത് നിറസാന്നിദ്ധ്യമായിരുന്നു. മലയാളത്തിന് പുറമെ തമിഴ്, ഹിന്ദി, ബംഗാളി എന്നീ ഭാഷകളിൽ 800 ഓളം സിനിമകളിലായി ഏകദേശം മൂവായിരത്തിലധികം ഗാനങ്ങളിവർ ആലപിച്ചിട്ടുണ്ട്.

തിരുവനന്തപുരം സ്വദേശികളായ ആർ. സി. തമ്പിയുടേയും സുകുമാരിയുടേയും അഞ്ചുമക്കളിൽ ഏറ്റവും ഇളയവളാണ് 'അമ്പിളി'. ജനനപ്പേര് 'പത്മജാ തമ്പി' എന്നാണ്. അച്ഛൻ പട്ടാളക്കാരനായിരുന്നെങ്കിലും, വിരമിച്ചശേഷം അദ്ധ്യാപന വൃത്തിയിലേർപ്പെട്ടു. അമ്മ പാട്ടുകാരിയായിരുന്നു. ഈ പാരമ്പര്യമാണ് അമ്പിളിക്ക് പകർന്നുകിട്ടിയത്. പഠനം കൊല്ലം ഫാത്തിമ കോളേജിലും ഡൽഹി സർവ്വകലാശാലയിലുമായിരുന്നു. വി. ദക്ഷിണാമൂർത്തി സ്വാമികളാണ് സംഗീതത്തിൽ ഗുരു.

1970ൽ 'കാരാഗൃഹവാസത്തെ' എന്ന 'ശബരിമല ശ്രീ ധർമ്മശാസ്താവി'ലെ ഗാനമാണാദ്യം ആലപിച്ചത്. മലയാള സിനിമസംവിധായകനായ ശ്രീ. കെ. ജി. രാജശേഖരനാണ് അമ്പിളിയെ വിവാഹം ചെയ്തത്. ഇവർക്ക് രാഘവേന്ദ്രൻ, രഞ്ജിനി എന്നീ രണ്ടുമക്കളാണ്. പിന്നണി ഗാനങ്ങൾക്ക് പുറമെ ഇവർ സ്വന്തമായി 'മായംപൂ' എന്നൊരു സംഗീത സംഘമുണ്ടാക്കി സ്റ്റേജ് പരിപാടികൾ അവതരിപ്പിക്കുകയും ആൽബങ്ങൾ റെക്കോർഡ് ചെയ്യുകയും പതിവാണ്. കലാരത്നം പുരസ്കാരം (കേരള ദേവസ്വം ബോർഡിന്റെ സംഗീതപുരസ്ക്കാരം) ഇവർക്ക് ലഭിച്ചിട്ടുണ്ട്. 2017ലെ നായർ സർവ്വീസ് സൊസൈറ്റിയുടെ ഗ്ലോബൽ അവാർഡും ഇവർക്കായിരുന്നു. ഇപ്പോൾ കുടുംബസമേതം ചെന്നൈയിലാണ് താമസം.

### ചില പ്രധാന ഗാനങ്ങൾ

1. ഗുരുവായൂരപ്പന്റെ തിരുവമൃതേത്തിന് (1964)
2. തള്ള് തള്ള് (1971)
3. തേടി വരും കണ്ണുകളിൽ ഓടിയെത്തും സ്വാമി (1975)
4. ഹരിതകാനന (1976)
5. ചന്ദ്രകിരണം (1976)
6. പണ്ട് പണ്ടൊരു കുറുക്കൻ (1978)
7. ഓർമ്മകളിൽ (1979)
8. കുടമുല്ല (1980)
9. ഇളംമഞ്ഞിൻ (1981)
10. കോളേജ് ലൈല (1982)
11. മിഴിയണ ഞാനടയ്ക്കുമ്പോൾ
12. കരിമ്പെന്ന് കരുതി
13. നമശ്ശിവായ (2005)
14. ഊഞ്ഞാലാ ഊഞ്ഞാലാ

കൂടാതെ വള്ളത്തോൾ കവിത 'മഗ്ദലനമറിയ'ത്തിന്റെ രണ്ടാം വാള്യം ഇവരുടെ ശബ്ദമാണ് (2007).

# യുക്തിവാദി




തുളസി കേരളശ്ശേരി
9526144499

**ലീ**ലാമ്മയുടെ യുക്തിവാദലേഖനങ്ങൾ പ്രശസ്തമായപ്പോഴാണ് സേതുവിന് അവരോട് ആരാധന മൂത്തതും കണ്ട് അഭിനന്ദിക്കണമെന്നു തോന്നിയതും. അതിരാവിലെ ത്തന്നെ എഴുന്നേറ്റ്, വീട്ടിലെത്തി ഏറെനേരം കാത്തിരുന്നിട്ടും കൃപാകടാക്ഷം ലഭിക്കാഞ്ഞ് നിരാശനായി എഴുന്നേൽക്കുമ്പോൾ പുറത്തെ ചാരുകസേരയിൽ അലസനായിരിക്കുന്ന അവരുടെ ഭർത്താവിനോടായി സേതു പറഞ്ഞു;

"മാഡത്തിനു തിരക്കാവുമല്ലേ, പിന്നെ വരാം."

അദ്ദേഹം അതുശരിവച്ചുകൊണ്ട് സഗൗരവം പറഞ്ഞു;

"അതാ നല്ലത്. ലേഖനങ്ങൾ ഏതോ അവാർഡ് കമ്മിറ്റിയുടെ പരിഗണനയിലാണെന്നറിഞ്ഞതുമുതൽ ഓളുടെ പ്രാർത്ഥനയ്ക്കു നീളം കൂടീഡോ. താൻ പിന്നെ വാ."



# ഓർമ്മയിൽ ഒരു അമൃത്സർ യാത്ര



ഡോ സുനീത് മാത്യു
09486382600

**മൂ**ന്നു നാല് വർഷങ്ങൾക്കു മുൻപുള്ള ഒരു യാത്രയിലായിരുന്നു എന്റെ അമൃത്സർ സന്ദർശനം. പഞ്ചാബ് കാണുക എന്നതായിരുന്നു ലക്ഷ്യം. യാത്രയിലെ ആദ്യലക്ഷ്യം അമൃത്സർ തന്നെയായിരുന്നു. കോയമ്പത്തൂരിൽ നിന്നും ഡൽഹി വഴി അമൃത്സറിൽ പറന്നിറങ്ങി. ഡൽഹിയിൽ നിന്നും ധാരാളം ട്രെയിനുകളും ഇവിടേയ്ക്കുണ്ട്. മിക്കതും രാത്രിയിൽ പുറപ്പെട്ടു രാവിലെ എത്തിച്ചേരുന്നവ.

വിമാനത്താവളത്തിൽ നിന്നും പട്ടണത്തിലേക്ക് പത്തോ പതിനൊന്നോ കിലോമീറ്റർ മാത്രമേ ദൂരമുള്ളൂ. 300 രൂപയായിരുന്നു ടാക്സി ചാർജ്ജ് എന്നാണെന്റെ ഓർമ്മ. ചരിത്രത്തിൽ രാംദാസ് പൂർ എന്നും തദ്ദേശീയരുടെ ഇടയിൽ അംബർസർ എന്നും വിളിക്കുന്ന അമൃത്സർ ആണ് പഞ്ചാബിലെ ഏറ്റവും പ്രധാന വിനോദ കേന്ദ്രം.

തീർത്ഥാടനത്തിനായും വിനോദത്തിനായും ധാരാളം ആളുകൾ ദിനംപ്രതി ഇവിടെ എത്തിച്ചേരുന്നു. സുവർണ്ണ ക്ഷേത്രമാണ് ഇവിടത്തെ പ്രധാന ആകർഷണം. അമൃത്സറിനെ ഇന്നുകാണുന്ന പട്ടണമാക്കി മാറ്റിയത് ഹർമന്ദിർ സാഹിബ് എന്ന് വിളിക്കുന്ന സുവർണ്ണ ക്ഷേത്രം തന്നെ. സിക്കുമതക്കാരുടെ ഏറ്റവും പുണ്യസ്ഥലമാണ് ഈ ഗുരുദ്വാര.

വർഷങ്ങൾക്കു മുൻപ് കൊടും വനമായിരുന്നു അമൃത്സർ. ഗുരു രാംദാസ് ഇവിടെയൊരു തടാകം പോലെയുള്ള ഒരു വലിയ കുളമുണ്ടാക്കിയതിനു ശേഷമാണ് ഇവിടേയ്ക്ക് വികസനം കടന്നുവന്നത് തന്നെ. ആ തടാകത്തിനദ്ദേഹം നൽകിയ പേര് അമൃത സരോവരം എന്നായിരുന്നു. അങ്ങനെയാണ് ഗുരു രാം ദാസ് ഉണ്ടാക്കിയെടുത്ത രാം ദാസ് പൂർ എന്ന ഗ്രാമം അമൃത്സർ എന്ന പേരിൽ അറിയപ്പെടുവാൻ തുടങ്ങിയത്.

അതിപുരാതന കാലഘട്ടങ്ങളിലെ ചില ചരിത്രങ്ങളും കഥകളൊക്കെ അവകാശപ്പെടുന്ന ഒരു സ്ഥലം കൂടിയാണിത്. ബുദ്ധൻ ധ്യാന നിരതനായിരുന്ന സ്ഥലങ്ങളിൽ ഒന്ന് എന്ന് ഈ സ്ഥലത്തിന് അവകാശ വാദമുണ്ട്. അതുപോലെ വാല്മീകി മഹർഷിയുടെ ആശ്രമം ഇരുന്ന സ്ഥലമാണിത് എന്നും സീതാ ദേവി ലവകുശൻമാരെ പ്രസവിച്ച സ്ഥലമാണിതെന്നും മറ്റു കഥ. അന്നും ഇന്നും പുണ്യഭൂമിയായിയാണ് ഈ പ്രദേശത്തെ കണ്ടുവരുന്നത്.

ഗുരു രാം ദേവാണ് സുവർണ്ണ ക്ഷേത്രത്തിന്റെ നിർമ്മാണം തുടങ്ങിയതെങ്കിലും അത് പൂർത്തീകരിക്കപ്പെട്ടത് അടുത്ത ഗുരുവായ അർജൻ ദേവാണ്. ഈ ക്ഷേത്രം സ്വർണ്ണത്തകിടിൽ പൊതിഞ്ഞു മനോഹരമാക്കിയത് മഹാരാജ രഞ്ജിത്ത് സിങ് എന്ന സിക്ക് രാജാവാണ്. ഇതിന്റെ മേൽക്കൂരയുടെ നല്ലൊരു പങ്കും നിർമ്മിക്കപ്പെട്ടിരിക്കുന്നത് സ്വർണ്ണം കൊണ്ടാണ്. അമൃത സരോവരത്തിന്റെ കരയിലാണ് ഈ ക്ഷേത്രം നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ അടിയിലെ നില സരോവരത്തിനുള്ളിലാണുള്ളത്. സരോവരത്തിലെ വെള്ളത്തിനു അത്ഭുതകരമായ രോഗശമന ശേഷിയുണ്ടെന്നാണ് വിശ്വാസം. അത് പോലെ സിക്കുകാരുടെ ആദ്യ ഗ്രന്ഥവും ആത്മീയ ഗ്രന്ഥവുമായ 'ഗുരു ഗ്രന്ഥ സാഹിബ്' ഇവിടെയുണ്ട് എന്നതും സുവർണ്ണ ക്ഷേത്രത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

നാലു ദിക്കുകളിൽ നിന്നും ഈ തടാകത്തിലേക്കും ക്ഷേത്രത്തിലേക്കും പ്രവേശിക്കുവാൻ കഴിയും. തടാകത്തിനു ചുറ്റും പാദം മൂടുന്ന അളവിൽ ജലം ഒഴുകിക്കൊണ്ടിരിക്കുന്നു. നഗ്നപാദരായിട്ടാകണം ക്ഷേത്ര പ്രവേശനം. ക്ഷേത്രത്തിൽ പോകുന്ന ആളുകളുടെ പാദം കഴുകുക എന്നതാണ് ഈ നീരൊഴുക്കിന്റെ ലക്ഷ്യം. ജാതി മത വർഗ്ഗ ലിംഗ വ്യത്യാസമില്ലാതെ എല്ലാവർക്കും ഇവിടെ പ്രവേശനമുണ്ട്. തല മറച്ചുകൊണ്ടായിരിക്കണം ഇവിടെ പ്രവേശനം അനുവദിക്കുകയുള്ളൂ എന്ന് മാത്രം. എന്ത് തുണിയും ഇതിനുപയോഗിക്കാം. ഇതിനു വേണ്ട തുണിയുടെ വ്യാപാരവും പുറത്തു നടക്കുന്നുണ്ട്. ഒരു മഞ്ഞ സ്കാർഫ് വാങ്ങിയാണ് ഞാൻ ഉള്ളിൽ വന്നത്.

ലോകത്തിലെ തന്നെ ഏറ്റ

വും വലിയ സൗജന്യ ഭക്ഷണവിതരണമാണ് ഇവിടെ നടക്കുന്നത്. ദിവസവും അൻപതിനായിരത്തോളം ആളുകൾക്ക് സൗജന്യ ഭക്ഷണം നൽകുന്നു. വിശേഷ ദിനങ്ങളിൽ ഈ കണക്ക് രണ്ടുലക്ഷത്തോളം വരെയാകുമത്രേ. ഭക്തന്മാർ തന്നെയാണ് ഇതിന്റെ ചിലവിനുള്ള പണം നൽകുന്നതും സൗജന്യമായി സേവനം നൽകുന്നതും. വൃത്തിയും രുചിയുമുള്ള ഭക്ഷണമാണ് ഇവിടെനിന്നും നൽകുന്നത്.

ഭിന്ദ്രൻ വാലയെയും അനുയായികളെയും പിടിക്കുവാനായി ഇന്ദിരാഗാന്ധിയുടെ നിർദ്ദേശപ്രകാരം നടന്ന ഓപ്പറേഷൻ ബ്ലൂ സ്റ്റാറിൽ വളരെയധികം ആളുകൾ മരണപ്പെട്ടതും അതിനു പ്രതികാരമെന്നവണ്ണം ഇന്ദിരാഗാന്ധി രണ്ടു സിക്കുകാരാൽ കൊല്ലപ്പെട്ടതും ഓർമ്മയിലുണ്ടാകുമല്ലോ. രണ്ടു മൂന്നു ദിവസം യുദ്ധസമാനമായ സംഭവങ്ങളായിരുന്നു ഈ ക്ഷേത്രത്തിൽ അരങ്ങേറിയിരുന്നത്. 1984 ജൂൺ മാസത്തിലായിരുന്നല്ലോ ഓപ്പറേഷൻ ബ്ലൂ സ്റ്റാർ നടത്തിയിരുന്നത്. ഞാൻ ഈ ക്ഷേത്രം സന്ദർശിക്കുമ്പോൾ ഈ സംഭവം എന്റെ ഓർമ്മയിൽ പോലും വന്നിരുന്നില്ല. അത്ര ചൈതന്യമായിരുന്നു ഈ ക്ഷേത്രവും പരിസരവും എനിക്ക് പകർന്നു നൽകിയത്. ഇതിനോടനുബന്ധിച്ച് സിക്കുകാരുടെ ചരിത്രവും കഷ്ടപ്പാടുകളും വിവരിക്കുന്ന ഒരു മ്യൂസിയവുമുണ്ട്.

ജാലിയൻ വാലാ ബാഗാണ് ഇവിടത്തെ മറ്റൊരാകർഷണം. ഇത് സുവർണ്ണ ക്ഷേത്രത്തിനടുത്ത് തന്നെയാണ്. 1919 ഏപ്രിൽ 13-ാം തിയതി മനുഷ്യ മനസാക്ഷിയെ ഞെട്ടിച്ച കൂട്ടക്കൊലപാതകം അരങ്ങേറിയ സ്ഥലമാണിത്. ഒരു ബ്രിട്ടീഷ് പട്ടാള ഉദ്യോഗസ്ഥനായിരുന്ന ഡയറിന്റെ നിർദേശപ്രകാരം ബ്രിട്ടീഷ് ഇന്ത്യൻ പട്ടാളം ആയിരത്തോളം സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന ജനക്കൂട്ടത്തെ നിർദ്ദാക്ഷണ്യം വെടിവെച്ചു കൊന്നത്. അഞ്ഞൂറോളം പേർക്ക് ഇതിൽ പരിക്കേൽക്കുകയും ചെയ്തു. ഇന്നിതൊരു പ്രധാന സന്ദർശന കേന്ദ്രമാണ്. വെടിയുണ്ടകളേറ്റ സ്ഥലങ്ങളെല്ലാം ഭിത്തികളിലും മറ്റിടങ്ങളിലുമായി അടയാളപ്പെടുത്തി വച്ചിട്ടുണ്ട്. ഒരു തേങ്ങൽ മനസ്സിലുണ്ടാകാതെ നമുക്കിവിടം സന്ദർശിക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല.

പഞ്ചാബ് പാക്കിസ്ഥാനുമായി അതിർത്തി പങ്കിടുന്ന ഒരു സംസ്ഥാനമാണല്ലോ. അമൃതസറിൽ നിന്നും ഇന്ത്യയുടെ അതിർത്തിയായ വാഗയിലേക്ക് ഇരുപത്തെട്ടു കിലോമീറ്റർ മാത്രം ദൂരം. അവിടെനിന്നും പാക്കിസ്ഥാനിലെ ലാഹോറിലേക്കു ഇരുപത്തിരണ്ടു കിലോമീറ്ററും. അമൃത്സർ സന്ദർശിക്കുന്നവർ ഉറപ്പായും സന്ദർശിക്കുന്ന ഒരു സ്ഥലമാണ് വാഗാ ബോർഡർ. വാഗയിൽ ബോർഡർ സെക്യൂരിറ്റി ഫോഴ്സ് നടത്തുന്ന ഒരാചാരമുണ്ട്. എല്ലാ വൈകുന്നേരങ്ങളിലും അവർ നടത്തുന്ന ഒരു കവാത്തും കവാടം അടയ്ക്കുന്ന ചടങ്ങുമാണിത്. സംഗീതത്തിന്റെയും ആർപ്പുവിളികളുടേയും വെല്ലുവിളികളുടേയും അകമ്പടിയോടെയാണ് ഈ ചടങ്ങു നടക്കുക. നമ്മുടെ ദേശവികാരം ഊട്ടിയുറപ്പിക്കുന്നതു പോലെയുള്ള ചില പ്രകടനങ്ങൾ. സൂര്യാസ്തമയത്തിനുമുൻപായാണ് ഈ ചടങ്ങു നടത്തുക. ഇതിനു സമാന്തരമായി പാക്കിസ്ഥാൻ പട്ടാളവും ഇതേപോലുള്ള പ്രകടനങ്ങൾ പാക്കിസ്ഥാനികൾക്കു വേണ്ടിയും നടത്തുന്നുണ്ട്. അതിർത്തി വരെ വാഹനങ്ങൾ കടത്തിവിടുകയില്ല. ഒരു കിലോമീറ്ററോളം നടന്നു വേണം അവിടെയെത്തേണ്ടത്. പോകുന്ന വഴിയിൽ ബി. എസ്. എഫിന്റെ കർശനമായ പരിശോധനകളുമുണ്ട്. ഇതൊക്കെയാണെങ്കിലും ആയിരക്കണക്കിനാളുകൾ ഈ ചടങ്ങു കാണുവാനെത്തുന്നുണ്ട്.

അമൃത്സറിൽ ഇനിയും ധാരാളം കാഴ്ച്ചകളുണ്ട്. ഗുരു കേ മഹാൾ, മഹാരാജാ രഞ്ജിത്ത് സിംഗ് മ്യൂസിയം, ഗോബിന്ദ് ഗർ കോട്ട, പാർട്ടീഷ്യൻ മ്യൂസിയം, ദുർഗ്ഗിയാന ക്ഷേത്രം, രാം തീർത്ഥ ആശ്രമം, ഹാൾ ബസാർ തുടങ്ങിയവ ഇതിൽ ചിലതു മാത്രം. ഇതിൽ രാം തീർത്ഥ ആശ്രമം, ദുർഗ്ഗിയാന ക്ഷേത്രം എന്നിവ രാമായണ കഥകളുമായി

■ കവിത

# നിന്നിലെ ഞാൻ



**ഷൈല സുനിൽ**
**9495056290**

എന്റെ മുന്നിലെ
വെളിച്ചമായ് നീ
മാറും മുമ്പെന്നോ
നിന്റെ വിളക്കിലെ
എണ്ണയായ് ഞാൻ
മാറിയിരുന്നു

എന്റെയുള്ളിലെ
കുളിരായ് നീ
മാറും മുമ്പെന്നോ
നിന്റെയുള്ളിൽ
പെയ്തിറങ്ങിയ
മഞ്ഞായ് ഞാൻ
മാറിയിരുന്നു

എനിക്ക് ചായാനുള്ള
ചുമലായ് നീ
മാറും മുമ്പെന്നോ
നിന്നോടൊപ്പം നടന്ന
നിഴലായ് ഞാൻ
മാറിയിരുന്നു

എനിക്കൊഴുകാനുള്ള
പുഴയായ് നീ
മാറും മുമ്പെന്നോ
നിന്നിലേക്കൊഴുകിയ
അരുവിയായ് ഞാൻ
മാറിയിരുന്നു


എന്റെ പ്രാർത്ഥനാ
വിഗ്രഹമായ് നീ
മാറും മുമ്പെന്നോ
നിന്റെ മുന്നിലെ
നിവേദ്യമായ് ഞാൻ
മാറിയിരുന്നു

എനിക്ക് വേണ്ടി നീ
നിന്റെ ജീവൻ
തരും മുമ്പെന്നോ
നിന്റെ ജീവനായ് ഞാൻ
മാറിയിരുന്നു

# നാടിനെ അറിയാം; നാട്ടാരേം
# കോട്ടയം ജില്ല

**ഒന്നാം ഭാഗം**



**ഡോ. ഒ. സി. പ്രമോദ്**
**9446071421**

തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായും തുടർന്ന് തിരു-കൊച്ചിയുടെ അവിഭാജ്യഘടകമായും പിന്നീട് 1949-ജൂലൈ മാസത്തിൽ ഒരു ജില്ലയായും രൂപാന്തരപ്പെട്ടതാണ് കോട്ടയം ജില്ലയുടെ ചരിത്രം. തിരുവിതാംകൂറിൽ ലയിക്കുന്നതിനുമുമ്പ് വടക്കുംകൂർ തെക്കുംകൂർ എന്നീ പ്രദേശങ്ങൾ അഥവാ ചെറുനാട്ടുരാജ്യങ്ങൾ ഇവിടെ ഉണ്ടായിരുന്നു. തളി ക്ഷേത്രത്തിന് ചുറ്റും കോട്ടയും കിടങ്ങും നിർമ്മിച്ച് തെക്കുംകൂർ രാജാവ് ഇവിടെ താമസിച്ചിരുന്നതിനാൽ ഈ സ്ഥലം 'കോട്ടയ്ക്കകം' എന്നും തുടർന്ന് 'കോട്ടയം' എന്ന് രൂപാന്തരപ്പെടുകയും ചെയ്തു എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഇന്ത്യാമഹാരാജ്യത്തെമ്പാടും കോട്ടയത്തിന്റെ ഖ്യാതി പലവട്ടം എത്തപ്പെട്ടിട്ടുണ്ട്. പലപ്പോഴും ഇവിടുത്തെ പ്രശസ്തി കടൽ കടന്ന് വിദേശ രാജ്യങ്ങളിലേക്കും വ്യാപിക്കപ്പെട്ടിട്ടുണ്ട്. പരിപൂർണ്ണമായും സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യനഗരം (അക്ഷര നഗരി) കോട്ടയത്തിന് ചാർത്തിയത് 1989 ജൂണിലാണ്. നിരക്ഷരതയും അന്ധവിശ്വാസങ്ങളും കൊടികുത്തിവാഴുന്ന ഒരു രാജ്യത്ത് ഒരു നഗരത്തിലെ മുഴുവൻ ജനതയേയും 100 ദിവസം കൊണ്ട് നൂറ് ശതമാനം സാക്ഷരതരാക്കുവാൻ പരിശ്രമിച്ച സാക്ഷരതാ പ്രവർത്തകരെ ഇന്ത്യയ്ക്ക് മറക്കാൻ കഴിയുന്നതല്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എൻ. എസ്. എസ്. വൊളണ്ടിയർമാർ മുതൽ അന്നത്തെ വൈസ് ചാൻസലർ യു. ആർ. അനന്തമൂർത്തി വരെയുള്ളവർ കൈകോർത്തുപിടിച്ചപ്പോൾ അത് ചരിത്രമായി മാറി. അന്ധവിശ്വാസത്തിൽ ഉറച്ച് വിശ്വസിച്ചിരുന്നതും അക്ഷരാഭ്യാസം നടത്തുകയില്ല എന്ന് ദേവീ സമക്ഷം ദൃഢപ്രതിജ്ഞ എടുത്തതുമായ കുട്ടപ്പൻ എന്നയാളെ അന്നത്തെ ജില്ലാ കലക്ടർ ശ്രീ. അൽഫോൺസ് കണ്ണന്താനം ഇടപെട്ട് അക്ഷരലോകത്തേക്ക് നയിച്ചത് വലിയ വാർത്തയായിരുന്നു. ഇടുക്കിയിലെ ദേവീകുളം സബ്ബ് കലക്ടറായിരുന്ന തന്നോട് വർഷങ്ങൾക്കുമുമ്പ് ദേവി നേരിട്ട് പ്രത്യക്ഷപ്പെട്ട് അരുളിചെയ്തതിന്റെ ഫലമായാണ് താൻ സാക്ഷരത പ്രവർത്തനം നടത്തുന്നത് എന്ന കണ്ണന്താനത്തിന്റെ ഉപദേശത്തോടെ കുട്ടപ്പനെപ്പോലെയുള്ളവർ കീഴടങ്ങി എന്നതും ചരിത്രമാണ്.

ദേശങ്ങൾക്കനുസരിച്ച് മലയാള ഭാഷയുടെ ഉച്ചാരണങ്ങൾ വിഭിന്നമാണെങ്കിലും അച്ചടി ഭാഷയിൽ ഏറെക്കുറേ സംസാരിക്കുന്ന ജില്ലക്കാരാണ് കോട്ടയത്തുകാർ. ധാരാളം പുസ്തകപ്രസിദ്ധീകരണശാലകൾ കോട്ടയത്തുകാണാം. കേരളത്തിൽ ഇറങ്ങുന്ന പുസ്തകങ്ങളിൽ 70% ഓളം കോട്ടയത്തുനിന്ന് പ്രസിദ്ധീകരിക്കുന്നവയാണ്. മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്ന ഒട്ടുമിക്ക പത്രസ്ഥാപനങ്ങൾക്കും കോട്ടയത്ത് സ്വന്തമായി പ്രിന്റിംഗ് സ്ഥാപനങ്ങൾ ഉണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ആസ്ഥാനം കോട്ടയം ജില്ലയിലാണ്. അതിരമ്പുഴയിൽ 'പ്രിയദർശിനി ഹിൽസി'ൽ ആണ് ആസ്ഥാനമന്ദിരം സ്ഥിതിചെയ്യുന്നത്. ഈ സർവ്വകലാശാലയുടെ ആദ്യനാമം ഗാന്ധിജി യൂണിവേഴ്സിറ്റി എന്നായിരുന്നു.

കേരളത്തിലെ ആദ്യത്തെ കോളേജ് സി. എം. എസ്. കോളേജ്, കോട്ടയം ആണ്. കേരളത്തിലെ ആദ്യത്തെ പ്രിന്റിംഗ് പ്രസ്സ് സ്ഥാപിതമായതും ഇവിടെത്തന്നെ. ക്രിസ്ത്യൻ മിഷണറിയായിരുന്ന ബഞ്ചമിൻ ബെയ്‌ലി 1811-ൽ ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺട്രോവിന്റെ സഹായത്തോടെ സ്ഥാപിച്ചതാണ് സി. എം. എസ്. പ്രസ്സ്. 1834-ൽ സ്വാതി തിരുനാൾ മഹാരാജാവ് തിരുവനന്തപുരത്ത് ഗവൺമെന്റ് പ്രസ്സ് ആരംഭിക്കുന്നതുവരെ തിരുവിതാംകൂറിലേക്കാവശ്യമുള്ള എല്ലാ അച്ചടികളും ഇവിടെയാണ് നടത്തിയത്. ആദ്യത്തെ മലയാളം ബൈബിൾ പ്രസിദ്ധീകരിച്ചത് കോട്ടയത്തുനിന്നാണെന്ന് പറയപ്പെടുന്നു. മലയാളം ഭാഷയിൽ എഴുതപ്പെട്ട ആദ്യത്തെ ആത്മകഥയും കോട്ടയംകാർക്ക് സ്വന്തം. വൈക്കം പാച്ചുമൂത്തന് ആണ് അതിന്റെ ക്രെഡിറ്റ്. പ്രശസ്ത ആയുർവേദ വൈദ്യനായിരുന്ന പാച്ചുമൂത്തൻ രൂപം നൽകിയ സ്ഥാപനമാണ് പിന്നീട് തിരുവനന്തപുരം ആയുർവേദ കോളേജ് ആയിത്തീർന്നത്. കേരളത്തിലെ ആദ്യകാലത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ പ്രമുഖമായ സ്ഥാപനം കോട്ടയം മെഡിക്കൽ കോളേജിന് ഉണ്ട്. തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നിവയാണ് മറ്റ് നാലെണ്ണം. ഇന്ന് ഓരോ ജില്ലയിലും മെഡി

ക്കൽ കോളേജ് അനുവദിച്ചിട്ടുണ്ടെങ്കിലും ബാലാരിഷ്ടത വിട്ടുമാറാത്തതാണ് അവയിൽ പലതും.

അക്ഷരം നഗരിയെ അതാക്കിത്തീർത്തതിന് പിറകിൽ അവിടുത്തെ പ്രസിദ്ധീകരണങ്ങൾക്കും പ്രധാന പങ്കുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ വായിക്കുന്നു എന്നവകാശപ്പെടുന്ന പ്രാദേശിക ദിനപത്രം മലയാള മനോരമയാണ്. 1890-ൽ കോട്ടയത്ത് വാരികയായി തുടങ്ങിയ മനോരമ 1928 ജനുവരി 1-ാം തിയ്യതി മുതൽ ദിനപത്രമായി വളർച്ച നേടി. ഇന്ന് കേരളത്തിലെ മിക്ക ജില്ലകളിൽ നിന്നും ഇത് പ്രസിദ്ധീകരിക്കുന്നു. കൂടാതെ മലയാളികളുടെ ആധിക്യമുള്ള മംഗലാപുരം, ബാംഗ്ലൂർ, ചെന്നൈ, മുംബൈ, ഡൽഹി, ദുബായ്, മനാമ, ദോഹ തുടങ്ങിയ സ്ഥലങ്ങളിലും ഇവർക്ക് എഡീഷനുകൾ ഉണ്ട്. ഒരുപക്ഷെ ഇത്രയും സ്ഥലത്ത് എഡീഷനുകൾ ഉള്ള മറ്റൊരു പ്രാദേശിക പത്രം ലോകത്ത് വേറെയുണ്ടെന്ന് തോന്നുന്നില്ല. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയായിരുന്നു ഇതിന്റെ സ്ഥാപകനും ആദ്യ പത്രാധിപരും. തുടർന്ന് കെ. സി. മാമ്മൻ മാപ്പിള അര നൂറ്റാണ്ടിലധികം കാലം മുഖ്യ പത്രാധിപരായി. ഇപ്പോൾ കെ. എം. മാത്യു ആണ് പത്രാധിപരായിട്ടുള്ളത്. സാഹിത്യസൃഷ്ടികൾക്ക് വേണ്ടി ഭാഷാപോഷിണിയും കേവല അക്ഷരാഭ്യാസം ഉള്ളവർക്ക് പൈങ്കിളി കഥകളിലൂടെ വായനാലോകത്തേക്ക് എത്തിക്കുക എന്ന ഉദ്ദേശത്തോടെ മലയാള മനോരമ ആഴ്ചപ്പതിപ്പും വനിതകളുടെ ഉന്നമനത്തെ ലക്ഷ്യമാക്കി 'വനിത' മാസികയും കൊച്ചുകുട്ടികൾക്ക് 'കളിക്കുടുക്ക'യും പ്രൈമറി ക്ലാസ്സിലെ കുട്ടികളെ ലക്ഷ്യമാക്കി 'ബാലരമ'യും തൊഴിൽ അന്വേഷകർക്ക് 'തൊഴിൽ വീഥി'യും മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് 'മനോരമ ഇയർബുക്കും' കർഷകർക്ക് 'കർഷകശ്രീ'യും വാഹനപ്രേമികൾക്ക് ഫാസ്റ്റ് ട്രാക്കും ഒക്കെയായി ഇരുപതിൽ കൂടുതൽ പ്രസിദ്ധീകരണങ്ങൾക്ക് മനോരമ കമ്പനി നേതൃത്വം നൽകുന്നു. മാമ്മൻ മാപ്പിള ചെന്നൈയിൽ തുടങ്ങിയ എം. ആർ. എഫ്. ടയർ കമ്പനിയാണ് ഇന്ന് ഒരു ബഹുരാഷ്ട്ര കമ്പനിയായി വളർന്നുപന്തലിച്ച് നിൽക്കുന്നത്.

കോട്ടയത്ത് നിന്ന് പ്രസിദ്ധീകരിക്കപ്പെടുന്ന മറ്റൊരു പത്ര സ്ഥാപനമാണ് ദീപിക. ഇന്ന് നിലവിലുള്ള മലയാള പത്രങ്ങളിൽ ഏറ്റവും പഴക്കമുള്ളത് ദീപികയാണ്. 1887-ൽ തുടക്കമിട്ട ദീപിക പത്രത്തിന് രാഷ്ട്ര ദീപിക എന്നൊരു സ്ഥാപനവും ഉണ്ട്. മനോരമ വാരിക പോലെ തന്നെ ശക്തമായ സ്വാധീനം ഉള്ള ഒരു വാരികയാണ് മംഗളം. തുടർന്ന് അവർ പത്രസ്ഥാപനവും ആരംഭിച്ചു. ഏറ്റവും വിലകുറഞ്ഞ മലയാളപത്രം എന്നതാണ് മംഗളം പത്രത്തിന്റെ പ്രത്യേകത. സ്ത്രീ വായനക്കാരെ ലക്ഷ്യമിട്ട് 'കന്യക' എന്ന പ്രസിദ്ധീകരണവും കുട്ടികളെ ലക്ഷ്യമിട്ട് 'ബാലമംഗള'വും സിനിമ പ്രേമികളെ ഉദ്ദേശിച്ച് സിനിമാ മംഗളവും ഇറക്കിയിട്ടുണ്ട്. ഇവർക്ക് ഒരു ഇഞ്ചിനീയറിംഗ് കോളേജും ഉണ്ട്. അത് ഏറ്റുമാനൂരിൽ സ്ഥിതിചെയ്യുന്നു.

അക്ഷരസ്നേഹികളും വിദ്യാസമ്പന്നരും ഉള്ള കോട്ടയത്ത് വച്ചാണ് 1891-ലെ മലയാളി മെമ്മോറിയൽ എന്ന ഭീമ ഹർജി തയ്യാറാക്കിയത്. കോട്ടയം പബ്ലിക്ക് ലൈബ്രറിയിൽ വച്ച് നടന്ന മീറ്റിംഗിനെ തുടർന്നാണ് പ്രസ്തുത ഹർജിയുടെ രംഗപ്രവേശം. തിരുവിതാംകൂർ രാജ്യത്തെ സിവിൽ സർവ്വീസിൽ തമിഴ് ബ്രാഹ്മണർമാരെ മാത്രമാണ് ജോലിക്കെടുത്തിരുന്നത്. മലയാളികൾക്ക് എത്ര വലിയ പാണ്ഡിത്യം ഉണ്ടായാലും തിരുവിതാകൂർ സർവ്വീസ് ബാലി കേറാമലയായിരുന്നു. താഴെത്തട്ടിലുള്ള അടിച്ചുതളി ജോലിയോ സമാനമായ മറ്റ് തൊഴിലോ കൊണ്ട് മലയാളി തൃപ്തിപ്പെട്ടുകൊള്ളണം എന്നായിരുന്നു അവസ്ഥ. ബാരിസ്റ്റർ ജി. പി. പിള്ളയും കെ. പി. ശങ്കരമേനോനും ആയിരുന്നു ഹർജിയുടെ പിന്നിൽ പ്രവർത്തിച്ച പ്രമുഖർ. നാനാജാതിയിൽ പെട്ട 10,028 പേർ ഒപ്പിട്ട ഹർജി 1891 ജനുവരി മാസം 1-ാം തിയ്യതി തിരുവിതാംകൂർ മഹാരാജാവായിരുന്ന മൂലം തിരുനാൾ രാമവർമ്മയ്ക്ക് സമർപ്പിക്കുകയുണ്ടായി.

കോട്ടയം ജില്ലയിലെ വൈക്കം എന്ന പ്രദേശത്ത് 1924-ൽ നടന്ന സത്യാഗ്രഹത്തിന്റെ അലയൊലികൾ ഭാരതദേശത്തിന്റെ വിവിധഭാഗങ്ങളിൽ എത്തിയിരുന്നു. വൈക്കം സത്യാഗ്രഹം എന്നത് പലരും തെറ്റിദ്ധരിച്ചിരിക്കുന്നതുപോലെ താഴെക്കിടയിലെ ഹൈന്ദവജാതിക്കാർക്ക് ക്ഷേത്രപ്രവേശനത്തിന് വേണ്ടി നടന്ന സമരമായിരുന്നില്ല. വൈക്കം മഹാദേവർ ക്ഷേത്രത്തിന് പുറത്തുള്ള പൊതുനിരത്തിലൂടെയുള്ള സഞ്ചാര സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരമായിരുന്നു അത്. ജാതിയും അയിത്തവും കൊടികുത്തി വാണിരുന്ന കാലത്ത് ക്ഷേത്ര വളപ്പിന് പുറത്തുപോലും അയിത്ത ജാതിക്കാർക്ക് സഞ്ചാര സ്വാതന്ത്ര്യമില്ലാത്ത അവസ്ഥയായിരുന്നു. ക്ഷേത്ര അതിർത്തിക്ക് ശേഷം വിവിധ ദൂരത്തിൽ ജാതിക്കല്ലുകൾ സ്ഥാപിച്ചിരുന്നു. ജാതിയുടെ മഹത്വം അനുസരിച്ചുമാത്രമേ ഓരോരോ ജാതിക്കല്ലുകൾ മറികടക്കാൻ മനുഷ്യർക്ക് അവകാശമുണ്ടായിരുന്നുള്ളൂ. സംപൂജ്യനായ ശ്രീനാരായണ ഗുരുവിന്റെ റിക്ഷ വണ്ടി പോലും തടയപ്പെട്ടപ്പോൾ ഈഴവാദികളുടെ രക്തം തിളച്ചു. മുമ്പ് എതിർത്തിരുന്ന ചില ഈഴവ യുവാക്കളെ നായർ പ്രമാണികൾ വകവരുത്തി ക്ഷേത്രത്തിന് സമീപമുള്ള ദളവ കുളത്തിലിട്ട് മൂടിയിരുന്നത് ഈ സമയം പൊങ്ങി വന്നു. പട്ടിക്കും കന്നുകാലികൾക്കും ജാതിക്കല്ല് കടന്നുപോകുന്നത് പ്രശ്നമില്ലാതിരിക്കെ ആചാരത്തിന്റെ പേരുപറഞ്ഞ് മനുഷ്യജാതിയിൽ പിറന്നവരെ വഴിനടക്കാൻ അനുവദിക്കാത്തത് ശുദ്ധതെമ്മാടിത്തരമാണെന്ന് പറയുന്നവരെ കായികമായി നേരിടാനാണ് ഹിന്ദുത്വത്തിന്റെ വക്താക്കൾ ശ്രമിച്ചത്. അത്തരം ഹൈന്ദവ പാരമ്പര്യക്കാരിൽ ഭൂരിഭാഗവും ബ്രാഹ്മണരോ അവരുടെ ഇല നക്കികളോ ആയിരുന്നു. ചരിത്രം അറിയാത്തതും കേവല ജ്ഞാനം പോലുമില്ലാത്ത കുറേയധികം അധഃകൃതരും ഇവരോടൊപ്പം പ്രവർത്തിച്ചിരുന്നു എന്നത് ഒരു വിരോധാഭാസം. നാരായണ ഗുരുവിന്റെ

ശിഷ്യനായ ടി. കെ. മാധവന്റെ നേതൃത്വത്തിൽ സമരസത്യാഗ്രഹങ്ങൾക്ക് തുടക്കം കുറിച്ചു. ഈ സമരത്തെപ്പറ്റി കോൺഗ്രസ്സുകാരൻ കൂടിയായ ടി. കെ. മാധവൻ ഗാന്ധിജിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് ഇന്ത്യയുടെ ശ്രദ്ധ വൈക്കത്തേക്ക് പതിഞ്ഞു. പഞ്ചാബിൽ നിന്ന് അകാലികളുടെ നേതൃത്വത്തിൽ ഒരു സംഘം ഇവിടെവന്ന് സത്യാഗ്രഹികൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും അവരുടെ ഭക്ഷണ ചുമതലകൾ ഏറ്റെടുക്കുകയും ചെയ്തു. മദ്രാസിൽ നിന്ന് ഇ. വി. രാമസ്വാമി നായ്ക്കറുടെ (പെരിയോർ) നേതൃത്വത്തിൽ മറ്റൊരു സംഘം എത്തുകയും സമരപ്പന്തലിൽ അവരോടൊപ്പം പ്രവർത്തിക്കുകയും ഉണ്ടായി. നായർ സമുദായാചാര്യൻ സാക്ഷാൽ മന്നത്ത് പത്മനാഭൻ സത്യാഗ്രഹത്തിന് അനുഭാവം പ്രകടിപ്പിച്ച് ഒരു ജാഥ അവിടേക്ക് നടത്തുകയുണ്ടായി. ആചാര്യ വിനോബ ഭാവെയും സ്വാമി ശ്രദ്ധാനന്ദയും മറ്റും നേരിട്ടെത്തി പ്രശ്നത്തിന് തീർപ്പുണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചു. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്ന സാക്ഷാൽ മഹാത്മാഗാന്ധിജിയെപ്പോലും അന്നത്തെ സവർണ്ണ ഹിന്ദുക്കളുടെ നേതാവ് ഇടൻതുരുത്തിൽ ദേവൻ നീലകണ്ഠൻ നമ്പൂതിരി അവഹേളിക്കുകയുണ്ടായി. ഗാന്ധിജിയും സംഘവും നേരിട്ടെത്തി സത്യാഗ്രഹികളെ സന്ദർശിച്ചതിന് ശേഷം നീലകണ്ഠൻ നമ്പൂതിരിയെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചെഴുതിയ കത്ത് കൈപ്പറ്റാൻ പോലും അദ്ദേഹം കൂട്ടാക്കിയില്ല. തുടർന്ന് അടുത്ത ദിവസം ഉച്ചയ്ക്ക് നമ്പൂതിരിയുടെ മനയിൽ എത്താൻ ദൂതാളിന് നിർദ്ദേശം നല്കി. ഗാന്ധിജിയെ എങ്ങനെ ചെറുക്കാം എന്ന് മനയക്കുള്ളിൽ രാവിലെ മുതലേ തന്നെ നമ്പൂതിരി ശ്രേഷ്ഠൻമാർ ഗൃഹപാഠം നടത്തിയിരുന്നു. ഗാന്ധിജിയേയും കൂട്ടരേയും മനയ്ക്കകത്തേക്ക് പ്രവേശിപ്പിച്ചില്ല. താത്കാലികമായികെട്ടിയുണ്ടാക്കിയ ഷെഡ്ഡിലാണ് ജാതിപരമായി താണ ഗാന്ധിജിയേയും കൂട്ടരേയും ഇരുത്തിയത്. ഗാന്ധിജിയുടെ നിർദ്ദേശങ്ങൾ ഒന്നും അംഗീകരിച്ചില്ല എന്നുമാത്രമല്ല, ആദി ശങ്കരാചാര്യരുടെ നിയമാവലികളിലെ ചില വരികളിൽ കടിച്ചുതൂങ്ങുകയാണ്. ഹിന്ദുപണ്ഡിതന്മാർ ചെയ്തത്. (ഈ മന ഇന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചെത്ത് തൊഴിലാളി ആഫീസായിത്തീർന്നു എന്നത്, ഒരു വിരോധാഭാസം) ഇതേ ശങ്കരാചാര്യൻ തന്നെയാണല്ലോ, ശൂദ്രൻ വേദവാക്യങ്ങൾ കേൾക്കാൻ ഇടവന്നാൽ അവന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണം എന്നുപറഞ്ഞത്. തുടർന്ന് നീതി തേടി ഗാന്ധിജി തിരുവിതാംകൂർ മഹാറാണിയെ നേരിട്ടുപോയി കണ്ടു. റാണി സേതുലക്ഷ്മി ഭായി എങ്ങും തൊടീക്കാതെ എന്തൊക്കെയോ പറഞ്ഞു ഗാന്ധിജിയെ മടക്കി. ദിനങ്ങളും മാസങ്ങളും കടന്നുപൊയ്ക്കൊണ്ടിരുന്നു. വൈക്കം സത്യാഗ്രഹം ഇന്ത്യയൊട്ടുക്ക് അറിയപ്പെട്ടു. ഇലക്കും മുള്ളിനും കേടില്ലാത്ത വിധം ഇത് ഒതുക്കിത്തീർക്കാൻ ജാതീയമായ മുന്നോക്കക്കാർ തുടർന്ന് ശ്രമം ആരംഭിച്ചു. തിരുവിതാംകൂർ പ്രജാസഭയിൽ ഇത് സംബന്ധിച്ച് ഒരു പ്രമേയം അവതരിപ്പിച്ചു. പ്രമേയം പരാജയപ്പെടുത്താൻ പല കളികളും ഉന്നത ജാതിക്കാർ ആരംഭിച്ചു. 21 വോട്ടിനെതിരെ 22 വോട്ടോടുകൂടി പ്രമേയം പരാജയപ്പെട്ടു. രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല് തന്നെ. ഒരു വോട്ടിന്റെ പരാജയത്തിന് കാരണക്കാരൻ കരിങ്കാലിപ്പണി കാണിച്ച ഡോ. പൽപ്പുവിന്റെ സഹോദരനായിരുന്നു എന്ന് പിന്നീട് തെളിഞ്ഞു. സർക്കാരിലെ ഉന്നത പദവിയിൽ എത്താൻ ഈ യൂദാസ് കാണിച്ച അല്പത്തരത്തിന് മുമ്പിൽ കേരളത്തിലെ ജനത ഇളിഭ്യരായിപ്പോയി. വൈക്കം സത്യാഗ്രഹം അതോടെ പരാജയപ്പെട്ട് ഒരു കറുത്ത അധ്യായമായി മാറിക്കഴിഞ്ഞിരുന്നു.

ധാരാളം ആരാധനാലയങ്ങൾ ഉള്ള ഒരു ദേശമാണ് കോട്ടയം. തെക്കുംകൂർ രാജാവ് പണി കഴിപ്പിച്ച തിരുനക്കര ക്ഷേത്രം, തളിക്കോട്ട ശിവക്ഷേത്രം, തൃക്കോടിത്താനം ക്ഷേത്രം, തിരുവാർപ്പ്, കുമാരനല്ലൂർ, രാമപുരം, ഏറ്റുമാനൂർ ശിവക്ഷേത്രം എന്നിവയാണ് പ്രമുഖ ഹൈന്ദവ ക്ഷേത്രങ്ങൾ. കൊല്ലവർഷം 920-ൽ തിരുവിതാംകൂർ രാജാവ് മാർത്താണ്ഡവർമ്മ വടക്കുംകൂർ രാജ്യം ആക്രമിക്കവെ ഏറ്റുമാനൂർ ക്ഷേത്രത്തിന് പല നാശനഷ്ടങ്ങളും സംഭവിക്കുകയുണ്ടായി. പ്രായശ്ചിത്തമായി എട്ട് പൊന്നാനകളെ നടയ്ക്കിരുത്താൻ തീരുമാനിക്കുകയുണ്ടായി. ഏറ്റുമാനൂർ ക്ഷേത്രത്തിന് അവകാശികളായി അന്ന് എട്ട് മനക്കായിരുന്നത്രെ ഉണ്ടായിരുന്നത്. ഈ ആവശ്യത്തിന് വേണ്ടി ഏഴര തുലോം സ്വർണ്ണമാണ് ഉപയോഗിച്ചത്. ഓരോ തുലോം ഉപയോഗിച്ച് ഓരോരോ ആനയേയും അര തുലോം ഉപയോഗിച്ച് ഒരു ചെറിയ ആനയേയും ആണ് ഉണ്ടാക്കിയത്. ഇതിനിടെ മാർത്താണ്ഡവർമ്മ രാജാവ് നാടുനീങ്ങിയതിനാൽ ധർമ്മരാജാവിനാണ് ഏഴര പൊന്നാനകളെ നടയ്ക്കിരുത്താൻ ഭാഗ്യം ഉണ്ടായത്. ആണ്ടുതോറും കുംഭ മാസത്തിൽ നടക്കുന്ന ക്ഷേത്ര ഉത്സവത്തിന് ഏഴരപ്പൊന്നാന എഴുന്നള്ളത്ത് വളരെ പ്രധാനപ്പെട്ട ഒരു ചടങ്ങാണ്. ഈ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ ഗോപുരനടയിൽ കൊത്തിവച്ച അഘോരമൂർത്തിയുടെ ചിത്രം ഏവരുടേയും ശ്രദ്ധയിൽപ്പെടുന്ന ഒന്നാണ്. തീപാറുന്ന കണ്ണുകളും തുറന്നുവച്ച വായും എട്ട് കൈകളും ഉള്ള ഒരു ഉഗ്രരൂപമാണിത്.

കോട്ടയം പട്ടണത്തിൽ നിന്നും ഏതാണ്ട് 6 കി.മീ. അകലെയാണ് തിരുവാർപ്പ് ക്ഷേത്രം. ഗ്രഹണാവസരത്തിൽ പോലും നിർബാധം പൂജ നടക്കുന്ന കേരളീയ ക്ഷേത്രമാണിത്. താമരപ്പൂ കൊണ്ടുള്ള ആരാധന നിത്യേന ഇവിടെ നടക്കുന്നു. അമ്പലപ്പുഴ പാൽപ്പായസം പോലെ പ്രശസ്തമാണ് ഇവിടുത്തെ ഉഷ പായസം. എരുമേലി ധർമ്മശാസ്താ ക്ഷേത്രം, പെരുന്ന സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, പനച്ചിക്കാട് ക്ഷേത്രം തുടങ്ങിയവയാണ് മറ്റ് പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ. ദക്ഷിണ മൂകാംബിക എന്നാണ് പനച്ചിക്കാട് ക്ഷേത്രം അറിയപ്പെടുന്നത്. നിലത്തെഴുത്തിന് മധ്യകേരളത്തിലെ ഏറ്റവും പ്രശസ്തമായ ഇടമാണ് ഇ

വിടുത്തെ തിരുസന്നിധി. അരങ്ങേറ്റങ്ങൾക്കും മധ്യകേരളത്തിൽ പനച്ചിക്കാട് ദേവി ക്ഷേത്രത്തോളം വരില്ല മറ്റൊന്നും.

പ്രശസ്തമായ ക്രിസ്ത്യൻ പള്ളികളിൽ ഭരണങ്ങാനത്തുള്ള വിശുദ്ധ അൽഫോൺസാമ്മയുടെ ഖബറിടം ഉള്ള പള്ളി, അരുവിത്തുറപ്പള്ളി (ക്രിസ്തു ശിഷ്യൻ സെന്റ് തോമസ് സ്ഥാപിച്ച ഏഴരപ്പള്ളികളിലെ അരപ്പള്ളി ഇതാണെന്ന് ഒരുവിഭാഗം വിശ്വസിക്കപ്പെടുന്നു. തമിഴ്നാട്ടിലുള്ള തിരുവിതാംകോട് പള്ളിയും മലയാറ്റൂർ പള്ളിയും ഇതേ അവകാശവാദവുമായി രംഗത്തുണ്ട്), പാലാ വലിയ പള്ളി, അതിരമ്പുഴ പള്ളി, കടത്തുരുത്തി പള്ളി, മണർകാട് പള്ളി എന്നിവ പ്രധാനപ്പെട്ടവയാണ്. വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് അച്ചന്റെ സ്മാരകാവശിഷ്ടങ്ങൾ സൂക്ഷിക്കുന്ന മാന്നാനം പള്ളിയും ഒരു പുണ്യസ്ഥലമായി ക്രിസ്ത്യൻ വിശ്വാസികൾ കണക്കാക്കുന്നു. ഫക്കീർസേട്ട് 1912-ൽ പണിയിച്ച തിരുനക്കര മുസ്ലിം പള്ളി, കോട്ടയം താജ്ജുമ മസ്ജിദ്, കാഞ്ഞിരപ്പള്ളി നെയ്നാറു പള്ളി, എരുമേലി വാവരുപള്ളി എന്നിവ ജില്ലയിലെ പ്രധാനപ്പെട്ട മുസ്ലിം ദേവാലയങ്ങളാണ്.

മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ചിന്റെ ആഗോള ആസ്ഥാന മന്ദിരം 'ദേവലോകം' എന്ന പേരിൽ അറിയപ്പെടുന്നു. കോട്ടയം പട്ടണത്തിനടുത്ത് സ്ഥിതി ചെയ്യുന്ന ഈ മന്ദിരത്തിന്റെ പേരിലാണ് ചുറ്റുമുള്ള പ്രദേശങ്ങളും അറിയപ്പെടുന്നത്. ഓർത്തഡോക്സ് സഭയുടെ പരമോന്നതനായ കാതോലിക്ക ബാവ (ബാവ തിരുമേനി)യുടെ ഔദ്യോഗിക വാസകേന്ദ്രവും ആഫീസും അവിടെ പ്രവർത്തിക്കുന്നു. കോട്ടയത്ത് ഒരു സെമിനാരി കോളേജും സ്ഥിതി ചെയ്യുന്നു. പെൻതകോസ്ത്, കത്തോലിക്ക വിഭാഗങ്ങളൊഴികെയുള്ള ഒട്ടുമിക്ക ക്രിസ്ത്യൻ സഭകളുടെ വികാരി അച്ചന്മാരെ വാർത്തെടുക്കുന്ന ഇടമാണ് ഇത്. ബംഗാളിലെ സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തതാണ് ഈ കോളേജ്.

റബ്ബർ ബോർഡിന്റെ ദേശീയ ആസ്ഥാനം സ്ഥിതി ചെയ്യുന്നത് കോട്ടയത്താണ്. കോട്ടയത്തിന്റെ എല്ലാ ഭാഗത്തും റബ്ബർ കൃഷി ഉണ്ടെങ്കിലും പാല, കാഞ്ഞിരപ്പള്ളി എന്നിവ പ്രധാന കേന്ദ്രങ്ങളാണ്. ഒരുകാലത്ത് മാരുതിക്കാറിന്റെ ഏറ്റവും വലിയ വില്പന കേന്ദ്രമായിരുന്നു പാല. ഇന്നും ഇന്ത്യയിലെ ഏതൊരു വില കൂടിയ ബ്രാന്റും പാല നഗരത്തിൽ കൂടി ഓടുന്നതുകാണാം. റബ്ബറിന്റേയും വിദേശ വരുമാനത്തിന്റേയും ഉറവിടമാണ് പാല. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെ ആസ്ഥാനവും കോട്ടയം തന്നെ. വ്യവസായ മേഖല യിലും ജില്ല പിന്നിലല്ല. 1946-ൽ കോട്ടയത്തിനടുത്തുള്ള നാട്ടകത്ത് സ്ഥാപിതമായ ഫാക്ടറിയാണ് ട്രാവൻകൂർ സിമെന്റ്സ്. വേമ്പനാട്ടു കായലിൽ നിന്നും എടുക്കുന്ന കക്ക ഉപയോഗിച്ച് സിമെന്റ് ഉത്പാദിപ്പിക്കുന്നു. ഇപ്പോൾ വെള്ള സിമെന്റും ഇവിടെ നിർമ്മിക്കുന്നുണ്ട്. ചിങ്ങവനത്തെ ട്രാവൻകൂർ ഇലക്ട്രോ-കെമിക്കൽ ഇൻഡസ്ട്രീസ്, ഏറ്റുമാനൂരിലെ കോട്ടയം ടെക്സ്റ്റൈൽസ്, ചെങ്ങനാശ്ശേരിയിലെ റൂബി റബ്ബർ വർക്സ്, ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ വെള്ളൂർ എന്നിവ പ്രമുഖ വ്യാവസായിക കേന്ദ്രങ്ങളാണ്. കേരളത്തിൽ പൊതുവെ വ്യാവസായികാന്തരീക്ഷം മോശമായതിനാൽ പലതും നഷ്ടത്തിലോ പൂട്ടാറായ അവസ്ഥയിലോ ആണ്.

കടലോരമില്ലാത്ത ഒരു ജില്ലയാണ് കോട്ടയമെങ്കിലും സ്വന്തമായ ഒരു തുറമുഖം ഉള്ള ഒരു ജില്ലയാണ് ഇത്. കുമരകം പക്ഷി സങ്കേതം ഈ ജില്ലയിലാണ്. ഹൗസ് ബോട്ടുകളുടെ ഈറ്റില്ലമായ കുമരകം കോട്ടയം പട്ടണത്തിൽ നിന്നും 15 കി.മീ. മാത്രം അകലെയാണ്. ആലപ്പുഴയുമായി അതിർത്തി പങ്കിടുന്നതിനാൽ ആലപ്പുഴയിലെപ്പോലെ തെങ്ങിൻ കള്ളിനും മത്സ്യ വിഭവങ്ങൾക്കും ഒക്കെ ഒരേ സ്വഭാവം പങ്കിടുന്നു. നൂറുകണക്കിന് സ്വദേശികളും വിദേശികളുമാണ് കുമരകം തേടി വരുന്നത്. കേരളത്തിലെ ഏറ്റവും വലിയ കായൽ വേമ്പനാട്ടുകായൽ ആണ്. എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിലായി വ്യാപിച്ചിരിക്കുന്ന ഇതിന് ഓരോ ജില്ലയിലും ഓരോ പേരാണ്. കൊച്ചിക്കാർ കൊച്ചിക്കായലെന്നും പുന്നമടക്കായൽ എന്ന് കുട്ടനാട്ടുകാരും വിളിക്കുന്നു. കോട്ടയംകാരാണ് ഇതിന്റെ യഥാർത്ഥ പേരായ വേമ്പനാട്ട് കായൽ എന്ന് വിളിക്കുന്നത്. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കായലും ഇത് തന്നെ.

(തുടരും...)

## അഞ്ചു കവിതകൾ

ദിലീപൻ
7034633555, 7907179214

### ഭൂമി

എല്ലാപ്രതീക്ഷകളും
തകർന്നടിയുമ്പോൾ,
ഒന്നുമില്ലാത്തവന്
ആരുമല്ലാത്തവന്,
ചവിട്ടിയുറപ്പിച്ച് നിൽക്കുവാൻ
ഒലിച്ചുപോകാത്ത
ഒരിത്തിരി മണ്ണ്.

### ആകാശം

കണ്ണെത്താദൂരം
കാളകൂടം കുടിച്ച്
നീലിച്ചയാത്മാവിൽ
വളർന്ന നീയെന്ന കുടയും,
ഞാനേറ്റ തണലും.

### വെയിൽ


കാലങ്ങളോളം
സമാധിയിരുന്ന
എന്നെ മൂടിയ
തീവ്രമാം നോവിന്റെ
മഞ്ഞുപുതപ്പ് ഭേദിച്ചെത്തിയ
സ്നേഹച്ചൂട്.

### മഴ

എന്നെ നനച്ച്,
അഴുക്കുകൾ തുടച്ചുമാറ്റി,
തീരാത്ത കണ്ണീരിനൊപ്പം
പെയ്തുപെയ്ത്
സാന്ത്വനത്തിൻ കടലായവൾ.

### നീയും ഞാനും

വെറും കണ്ണാൽ
കാണുന്നവർക്ക്
കീരിയും പാമ്പും,
കോഴിയും കുറുക്കനും,
അകക്കണ്ണാൽ
കണ്ടറിഞ്ഞവർക്ക്
പൂവും മണവും,
ഉടലും ഉയിരും.



# ശ്രീനാരായണ ഗുരുവും മഹാത്മാ ഗാന്ധിയും



**എൽ. ശ്യാമള**
**9446936039**

**തേ**ജോമയനും സുകൃതികളും പരമപവിത്രരുമായ മഹാത്മാക്കളായിരുന്നു ശ്രീനാരായണ ഗുരുവും ഗാന്ധിജിയും. ആധുനിക ലോകത്തിന് ഇന്ത്യ നല്കിയ ഏറ്റവും മഹത്തായ ജീവിതം, മഹാത്മാ ഗാന്ധിയും കേരളം നല്കിയ ശ്രേഷ്ഠമായ ജീവിതം ശ്രീനാരായണ ഗുരുവുമാണ്. എന്നാൽ ഇവർ രണ്ടുപേരും ഇന്ത്യയിലും കേരളത്തിന്റെ അതിരുകളിലുമല്ല മറിച്ച് ഇന്ന് ലോകാരാധ്യരായിത്തീർന്നിരിക്കുന്നു. വിദേശത്തുള്ള ശാസ്ത്ര സാഹിതികളിലൂടെ ഇന്നും ഇവർ ജീവിക്കുന്നു.

അതിരും എതിരും പതിരുമില്ലാത്ത വിശ്വ പ്രേമവും മനുഷ്യസ്നേഹവുമാണ് രണ്ടുപേരുടേയും കർമ്മങ്ങളിൽ നിറഞ്ഞുനിന്നത്. ജീവിതത്തെ അതിന്റെ മൂല്യങ്ങളിൽ ഉറപ്പിക്കാനാണ് ഗാന്ധിജിയും ശ്രീ ഗുരുവും ശ്രമിച്ചതും.

1855 ആഗസ്റ്റ് 28നാണ് ശ്രീ നാരായണ ഗുരു ഭൂജാതനായത്. 1869ൽ ഗാന്ധിജി ജനിച്ചു. 1928ൽ ശ്രീ ഗുരു സമാധിസ്ഥനാവുകയും 1948 ജനുവരി 30ന് ഗാന്ധിജി ഒരു പെരുംഘാതകനാൽ വധിക്കപ്പെടുകയും ചെയ്തു.

ഭൂമിയിൽ ഏകദേശം 50 വർഷക്കാലം അവർ ഒരേ സമയത്ത് ജീവിച്ചിരുന്നു. ജീവിതത്തിൽ അന്തരം ഉണ്ടായിരുന്നു എങ്കിലും ആന്തരികവും ആദർശപരവുമായി അവരുടെ ലോകം സമാനതകളുള്ളതായിരുന്നു. എന്നാൽ പ്രവൃത്തന മണ്ഡലം വിഭിന്നമായിരുന്നു. ഏക ദൈവം, ഏക മതം, ഏക ജാതി എന്നീ തത്ത്വത്തെ മുൻനിർത്തി സ്വജീവിതത്താലും ഉപദേശത്താലും കരുണാപുരസ്സരം മനുഷ്യശ്രേയസ്സിനായി പ്രയത്നിച്ച് നമ്മേ അനുഗ്രഹിച്ച ബ്രഹ്മനിഷ്ഠനും പരമഹംസനും പരിവ്രാജകനുമായ ആചാര്യനാണ് നാരായണ ഗുരു.

ഗാന്ധിജിയും ഗുരുവും എല്ലാ കാലത്തും മനുഷ്യവർഗ്ഗം മതങ്ങളേക്കാൾ ശ്രേഷ്ഠമാണെന്ന് വാക്കുകൾ കൊണ്ടും കർമ്മങ്ങൾ കൊണ്ടും അവർ സ്ഥാപിച്ചു. ജാതികൾക്കെല്ലാം ജാതിയായിരിക്കുന്നതെന്തോ അതാണ് ദൈവം. മനുഷ്യജാതിയിൽ പെട്ട ഓരോ വ്യക്തിയേയും ദൈവമെന്ന ഏക ജാതിയുമായി ഏകീഭവിപ്പിച്ച് ആത്മസുഖം വരുത്തുക എന്ന ധർമ്മം നിറവേറ്റുകയാണ് മതങ്ങൾ. 'ഒരു ജാതിയിൽ നിന്നല്ലോ പിറന്നീടുന്നു സന്തതി നരജാതിയിതോർക്കുമ്പോൾ ഒരു ജാതിയിലുളതാം.'

നല്ല നർമ്മബോധമുള്ളവരായിരുന്നു അവർ രണ്ടുപേരും. ദൈവം പുതിയ ആശയങ്ങളിലാണ് ജീവിക്കുന്നതെന്ന് ഉറച്ച് വിശ്വസിക്കുകയും ലോകത്തോട് അവർ പറയുകയും ചെയ്തിരുന്നു.

ജാതി ചിന്തകളും ജാതീയ പരിഗണനകളും ഒട്ടും കുറഞ്ഞിട്ടില്ല എന്ന് പറയുന്നുണ്ടെങ്കിലും, കേരളത്തിൽ, ഒരു പരിധിവരെ ജാതീയമായ ചിന്തകളില്ലാതാക്കാനും, ഉച്ചനീചത്വങ്ങളില്ലാതാക്കാനും മുഖ്യപ്രേരകശക്തി ശ്രീ ഗുരുദേവന് സാധിച്ചിരുന്നു എന്നത് വസ്തുതയാണ്. മനുഷ്യനെ സത്യം കാണാൻ അനുവദിക്കാതെയുള്ള പ്രലോഭനങ്ങൾ നിരവധിയാണ്. എന്നാൽ ഉത്തരേന്ത്യയിലെ ഗ്രാമങ്ങൾ ഇപ്പോഴും തൊട്ടുകൂടാത്തവരും തീണ്ടാപ്പാടകലെ നിർത്തുന്നവരും നിരവധിയെന്നതിനുമപ്പുറമെ ആ പാവങ്ങൾക്ക് അർഹതയുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും തട്ടിയെടുക്കുന്നതിന് ഉയർന്ന ജാതിക്കാരെന്ന് പറയുന്നവർ അടിപിടി കൂട്ടിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ്. എന്തിന്, നമ്മുടെ തൊട്ടടുത്ത ചെന്നൈയിലും ഇത്തരം ഭീകരത വളരെ കൂടുതലാണ്.

എല്ലാ മതങ്ങളും എല്ലാ പേരും മനസ്സിലാക്കുകയും പഠിക്കുകയും വേണ്ടതാണെന്നും, വിശേഷിച്ചും ചെറുപ്പക്കാർ, അതിനായി വിദ്യാഭ്യാസമാണ് ഉചിതമായ മാർഗ്ഗമെന്നുമായിരുന്നു ഗുരുവിന്റെ പ്രധാന സന്ദേശം.

ഇന്ത്യൻ പാർലിമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതി ഉദ്ഘാടനം ചെയ്തത് 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്' എന്ന ശ്രീ ഗുരുദേവന്റെ വിശ്വവിഖ്യാതമായ വചനങ്ങൾ മലയാളിയല്ലാത്ത രാഷ്ട്രപതി

മലയാളത്തിൽ പാരായണം നടത്തിക്കൊണ്ടായിരുന്നു.

ലോകസാഹോദര്യം എല്ലാ മനുഷ്യരും സഹോദരങ്ങളാണെന്ന സത്യം മാനവരാശിക്കായി അതിർത്തികളില്ലാത്ത ലോകം അധികാരവും സമ്പത്തും നിരാകരിച്ച ഗാന്ധിജിയുടെ തത്വാധിഷ്ഠിതമായ മൂല്യം ഇതായിരുന്നു. ഗാന്ധിജി ഒരു വഴിവിളക്കായി നിലയുറപ്പിച്ചിരുന്നു. ഗാന്ധിജിയുടെ വീക്ഷണത്തിൽ സത്യവും അഹിംസയും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളായിരുന്നു. സത്യം ലക്ഷ്യവും അഹിംസ അതിലേക്കുള്ള മാർഗ്ഗവും. ഇന്ത്യക്ക് യഥാർത്ഥത്തിൽ സ്വാതന്ത്ര്യം കിട്ടണമെങ്കിൽ ഗ്രാമപ്രദേശങ്ങളിലെ കുടിലിൽ നിന്നാണ് ഉണ്ടാവേണ്ടതെന്ന തിരിച്ചറിവാണ് മഹാത്മജിയെ സമ്പന്നനാക്കിയിരുന്നത്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമകളാണെന്നുള്ള അഹങ്കാരവും അതിനെ തുടർന്നുള്ള പ്രവൃത്തിയും സ്വന്തമാക്കിയിരുന്ന ബ്രിട്ടീഷുകാരെ നിരായുധത്തിലൂടേയും അഹിംസയിലൂടേയും കെട്ടുകെട്ടിച്ച് വിറപ്പിച്ചുകടത്തിയ വിപ്ലവകാരിയായിരുന്നു ഗാന്ധിജി. ശ്രീ സുഭാഷ് ചന്ദ്രബോസാണ് ആദ്യമായി ഗാന്ധിജിയെ രാഷ്ട്രപിതാവ് എന്ന് വിളിച്ച് ആദരിച്ചത്.

ശ്രീനാരായണ ഗുരുവും ഗാന്ധിജിയും ഗീത, ബൈബിൾ, ഖുർ-ആൻ ഉപനിഷത്തുകൾ, വേദങ്ങൾ എന്നിവയിൽ നിന്ന് ആവേശം ഉൾക്കൊണ്ടിരുന്നു. സത്യം, അഹിംസ, ബ്രഹ്മചര്യം എന്നിവ രണ്ടുപേരും അനുഷ്ഠിച്ചിരുന്നു. ശ്രീ ഗുരുദേവൻ നിത്യ ബ്രഹ്മചാരി തന്നെയായിരുന്നു. ഗാന്ധിജിയിൽ സന്യാസിയും സത്യാഗ്രഹിയും ഉണ്ടായിരുന്നു. ഗാന്ധിജിയുടെ ആത്മജ്ഞാനം ഭാഗികമായിരുന്നു. ഗ്രന്ഥപരിജ്ഞാനത്തിലൂടെയാണ് ഗാന്ധിജിയുടെ അദ്വൈത ചിന്ത ഉടലെടുത്തതെങ്കിൽ അനുഭവ ജ്ഞാനത്തിലൂടെയാണ് ശ്രീ ഗുരുവിന്റെ മാനുഷികമായ പരസ്പര ബന്ധങ്ങൾ വാസ്തവ തലങ്ങളിലെത്തിയിരുന്നത്.

1888 ലാണ് ശ്രീ ഗുരു അരുവിപുറത്ത് ആദ്യമായി ശിവപ്രതിഷ്ഠ നടത്തിയത്. കേരളത്തിലുടനീളം അറുപതിൽപ്പരം ക്ഷേത്രങ്ങൾ സ്ഥാപിക്കാനും സവർണ്ണരല്ലാത്ത വരെ കൊണ്ട് പൂജാകർമ്മങ്ങൾ നടത്തുന്നതിനും നാരായണ ഗുരു സന്നദ്ധനാകേണ്ടിവന്നു.

പുതിയ സന്യാസ പരമ്പര തന്നെ സൃഷ്ടിച്ച മഹാത്മാവായിരുന്നു ഗുരു. സശിഷ്യന്മാരായി നടരാജ ഗുരു, നിത്യ ചൈതന്യ യതി, മുനി നാരായണ പ്രസാദ് തുടങ്ങി വളരെപ്പേർ. നാരായണ ഗുരുവിന് 28 വയസ്സുള്ളപ്പോഴാണ് ചട്ടമ്പിസ്വാമികളെ കാണുന്നത്. 1853ലാണ് ചട്ടമ്പി സ്വാമികളുടെ ജനനം.

തൈയ്ക്കാട്ട് അയ്യാവ് ഗുരു ചട്ടമ്പിസ്വാമികളുടേയും നാരായണ ഗുരുവിന്റേയും ഗുരുവായിരുന്നു. ശ്രീ വൈകുണ്ഠം സ്വാമികളേയും നാരായണ ഗുരു അനുകരിച്ചിരുന്നു. ഞാൻ ഒരു ജാതിയിലും മതത്തിലും ഉൾപ്പെടുന്നില്ല, ഒരു മനുഷ്യൻ മാത്രമാണെന്ന് നാരായണ ഗുരു ആവർത്തിച്ച് പറഞ്ഞിരുന്നു. എന്നാൽ എല്ലാ മതങ്ങളുടേയും ഉദ്ദേശ്യം ഒന്നുതന്നെ. നദികൾ സമുദ്രത്തിലെത്തിയാൽ ചുഴിയെന്നോ നടുക്കടലെന്നോ ഉണ്ടാവില്ലല്ലോ. സൂക്ഷ്മാന്വേഷികളെ സഹായിക്കുന്ന മാർഗ്ഗദർശികളാണ് മതങ്ങൾ.

ഇനി ഇവരുടെ ജീവിതസാഹചര്യങ്ങൾ നമുക്ക് പരിശോധിക്കാം. ഭൗതികസാഹചര്യം യാതൊരു സമാനികതയും ഇല്ലാത്തതായിരുന്നു. ജാതീയമായും സാമൂഹ്യമായും വളരെ വ്യത്യസ്തമായ മേഖലയിലാണ് രണ്ടുപേരും ജനിച്ചതും ജീവിച്ചതും.

ഗാന്ധിജിയുടെ അച്ഛൻ രാജ്ഘോട്ടിലെ ദിവാനും, രാഷ്ട്രീയ സാമൂഹിക അംഗീകാരവും ഉണ്ടായിരുന്നവരായിരുന്നതിനാൽ അതിന്റെ ശീതളതയിലാണ് ഗാന്ധിജി വളർന്നുവന്നത്. ഗാന്ധിജി 13 വയസ്സുള്ള സമയത്തുതന്നെ കസ്തൂർബായെ വിവാഹം ചെയ്യുകയും 18 വയസ്സായപ്പോൾ തന്നെ ഇംഗ്ലണ്ടിൽ പോയി പഠിച്ച് ബാരിസ്റ്ററാവുകയും ചെയ്തിരുന്നു. ഭൗതികനിഷ്ഠയും കർമ്മബാഹുല്യവുമായ വെല്ലുവിളികൾ നേരിട്ടുകൊണ്ട് 22 വർഷക്കാലം ആഫ്രിക്കൻ ജീവിതത്തിൽ മുന്നേറിക്കൊണ്ടിരുന്നു.

ശ്രീ നാരായണ ഗുരുവിന്റെ പിതാവിന് ഭേദപ്പെട്ട ഒരു കർഷക കുടുംബവും കുടിപ്പള്ളിക്കൂടത്തിലെ ആശാൻ എന്നതിലുപരി മറ്റൊന്നും ഉണ്ടായിരുന്നില്ല. ഗുരുകുലവിദ്യാഭ്യാസമല്ലാതെ സംസ്കൃതമോ മറ്റ് വിദ്യാഭ്യാസമോ ഗുരുവിന് ഉണ്ടായിരുന്നില്ല. ചട്ടമ്പിസ്വാമികളുടെ സാമീപ്യത്തിൽ വളരെ കുറച്ചറിവുകൾ നേടിയതൊഴിച്ചാൽ അവധൂതവൃത്തി സ്വീകരിച്ച് 28 വയസ്സുമുതൽ 35 വയസ്സുവരെ ആത്മസംയമനം പാലിച്ച് ധ്യാനനിരതനും തപോനിഷ്ഠയുമായി വനങ്ങളിലും ഗുഹകളിലുമായി ജീവിക്കുകയാണുണ്ടായത്. ദരിദ്രരും അയിത്തക്കാരും വിദ്യാവിഹീനരായിട്ടുള്ളവർക്കും വേണ്ടി അഹോരാത്രം പ്രയത്നിച്ചുകൊണ്ടേയിരുന്നു.

ജ്ഞാനമാകുന്ന അഗ്നിയിൽ സകലതും കത്തിച്ചുകളഞ്ഞിട്ട് ബ്രഹ്മത്തിൽ ഉറച്ചിരുന്നിട്ട് ജഗത്തിന്റെ ഹിതത്തിനായി മാത്രം വിധിപ്രകാരമുള്ള കർമ്മങ്ങൾ ചെയ്തു ജീവിച്ചിരിക്കുന്നതിന്റെ നിർവ്വാണ സുഖം അനുഭവിച്ചിരുന്ന മഹാത്മാവായിരുന്നു ശ്രീ ഗുരുദേവൻ. ബ്രഹ്മവിത്ത് പൂർണ്ണതയിൽ അപൂർണ്ണതയും അപൂർണ്ണതയിൽ പൂർണ്ണതയും കാണുന്നവർ മനീഷികൾ. അവർ അവ ശേഷിപ്പിക്കുന്നത് ചരിത്രമല്ല ഇതിഹാസമാണ്. ഇതിഹാസങ്ങൾക്ക് മാറ്റമില്ല, 'മരണ'വും.

അപ്രാപ്യനായ ഒരു കവിയായിരുന്നു നാരായണ ഗുരു. അപൂർവ്വ കാവ്യ ഭാവനയുടെ ഉടമയായിരുന്നു. അതിന്റെ ഉദാഹരണങ്ങളാണ് ദൈവദശകം, ആത്മോപദേശ ശതകം, ആത്മവിദ്യാപഞ്ചകം, ദർശനമാല, അദ്വൈത ദീപിക, വേദാന്ത സൂത്രം തുടങ്ങി അറുപത്തിരണ്ടിൽ പരം കൃതികളെ നാം മനനം ചെയ്യണം.

നാരായണ ഗുരുവിന്റേയും ഗാന്ധിജിയുടേയും ഊർജ്ജസ്രോതസ്സായിരുന്നു സനാതന ധർമ്മം (ഹിന്ദു മതമെന്നു പറയുന്നത് അ

തൊരു മതമല്ല). എല്ലാ മതങ്ങളേയും അംഗീകരിക്കാനും അതിനപ്പുറം ചിന്തിക്കാനും രണ്ടുപേരും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഞാൻ ഒരു മതത്തിലും ജാതിയിലും പെടുന്നില്ല ഒരു മനുഷ്യൻ മാത്രമാണെന്ന് പല സമയത്തും ഗുരു പറഞ്ഞിരുന്നു. എന്നാൽ ഇന്ന് ഗുരുവിനെ വിറ്റുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയക്കാരുടെ പണം സമ്പാദനത്തിനുള്ള മറ്റൊരു പാധിയായും. അതേക്കുറിച്ച് കൂടുതലെഴുതുന്നില്ല.

ഗാന്ധിജിയെ സ്വാധീനിച്ചത് ശ്രീ. റസ്കിനിന്റെ 'അൺ ടു ദിസ് ലാസ്റ്റ്' എന്ന ഗ്രന്ഥവും ഹിന്ദു സ്വരാജ് പ്രസിദ്ധീകരിച്ചതും ടോൾസ്റ്റോയ് ഫാം സ്ഥാപിച്ചതും നാല്പത്തഞ്ച് വയസ്സുള്ളപ്പോൾ ഇന്ത്യയിൽ സബർമതി സത്യാഗ്രഹാ ശ്രമം സ്ഥാപിച്ച് ഇന്ത്യയിൽ നയിച്ച സമരവും. ഗാന്ധിജി എടുത്തുപറഞ്ഞു യഥാർത്ഥത്തിൽ ഇന്ത്യയുടെ പ്രശ്നം ബ്രിട്ടീഷ് ആധിപത്യം അല്ലെന്നും അവരുടെ ഭരണം നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരത്തിനൊരു തടസ്സം മാത്രമാണെന്നും നമുക്ക് മനസ്സിലാക്കിത്തന്നു. പൂർണ്ണ സ്വരാജ് പ്രഖ്യാപിച്ചതിലൂടെ കേവലം രാഷ്ട്രീയ സ്വാതന്ത്ര്യമല്ല സാമൂഹ്യ, സാമ്പത്തിക, ധാർമ്മിക തലങ്ങളിലുള്ള രാഷ്ട്രീയ സ്വാതന്ത്ര്യമാണ് ഇന്ത്യയ്ക്ക് ആവശ്യമെന്ന് ഗാന്ധിജി വ്യക്തമാക്കി.


എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നാണ് ഗാന്ധിജി പ്രഖ്യാപിച്ചത്. ഏഴ് സാമാജിക പാതകങ്ങൾ എന്ന വിധത്തിൽ അറിയപ്പെടുന്ന ഏഴ് ദിവ്യ സന്ദേശങ്ങൾ ഗാന്ധിജി ജനങ്ങൾക്കായി നല്കി. അവ ഇവയെല്ലാമാണ് :

1) അദ്ധ്വാനിക്കാതെ നേടുന്ന സമ്പാദ്യം
2)മനസ്സാക്ഷിയ്ക്ക് നിരക്കാത്ത സുഖങ്ങൾ
3) സ്വഭാവ ശുദ്ധിയില്ലാത്ത ജ്ഞാനം
4) ധാർമ്മികതയില്ലാത്ത വ്യാപാരം
5) മനുഷ്യത്വമില്ലാത്ത ശാസ്ത്രം
6) ത്യാഗമില്ലാത്ത ഈശ്വരപൂജ
7) ആദർശശുദ്ധിയില്ലാത്ത രാഷ്ട്രീയം.

ഈ ഏഴ് കാര്യങ്ങൾ നാമെന്നും ഓർത്തുവെയ്ക്കേണ്ടതാണ് ●



# കണ്ണിനെ ബാധിക്കുന്ന രോഗങ്ങൾ



ഡോ. സി. രാമകൃഷ്ണൻ
9447358663

മനുഷ്യ ശരീരത്തിലെ പഞ്ചേന്ദ്രിയങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കണ്ണ്. അതുകൊണ്ട് കണ്ണിനെ സംരക്ഷിക്കേണ്ട ബാധ്യത നമുക്കുണ്ട്. കണ്ണിനെ ബാധിക്കുന്ന അന്ധത (Blindness) ഒരു അസാധാരണ സംഭവമാണ്. ഈ അന്ധത ജന്മനാൽ, അപകടങ്ങൾ, കാഴ്ച തരുന്ന ഞരമ്പുകൾ പ്രവർത്തനരഹിതമാവുക, അണുബാധ, കാചപടലത്തെ (Cornea) ബാധിക്കുന്ന അസുഖങ്ങൾ എന്നിവ പ്രധാന കാരണങ്ങളാകുന്നു. ഇതിൽ ജന്മനാലുണ്ടാവുന്ന അന്ധതയ്ക്ക് പരിഹാരമില്ല. അതുപോലെത്തന്നെ ഞരമ്പുകൾ പ്രവർത്തനരഹിതമായവർക്കും ചികിത്സ ഫലപ്രദമാവുകയില്ല. കാചപടലം മാറ്റിവെക്കുന്നതുമൂലം കാഴ്ചശക്തി ലഭിക്കാവുന്നതാണ്. കണ്ണിന്റെ ആകൃതി തന്നെ മുഖസൗന്ദര്യത്തെ ബാധിക്കുന്ന ഘടകമാകുന്നു.

### *കണ്ണിനെ ബാധിക്കുന്ന മറ്റുരോഗങ്ങൾ*

**1. തിമിരം (Cataract)**

ഇത് കണ്ണിന്റെ ലെൻസിനെ ബാധിക്കുന്ന അസുഖമാകയാൽ ലെൻസ് മാറ്റിവെച്ച് കാഴ്ചശക്തി വീണ്ടെടുക്കുവാൻ സാധിക്കും. അപകടം, പ്രമേഹം എന്നിവ ഈ അസുഖത്തിന് കാരണമാകുന്നു.

**2. ചെങ്കണ്ണ് (Conjunctivitis)**

കണ്ണ് ചുവപ്പ് നിറമാവുക, കൺപോളകൾ ഒട്ടിപ്പിടിക്കുക, കണ്ണ് വേദന, കണ്ണിൽ കരട് പെട്ട മാതിരി അനുഭവപ്പെടുക, കൺപോളകൾ തുന്നിക്കെട്ടിയതുപോലെ (Agglutination), ചൊറിച്ചിൽ, അമിതമായി കണ്ണുനീർ ഒഴുകുക, കണ്ണുനീർ ഒഴുകി വരുന്ന ഭാഗങ്ങളെല്ലാം പൊള്ളുക, കൺപോളകൾക്ക് വീക്കം, തലവേദന, പനി എന്നിവയും അനുഭവപ്പെടുന്നു. അണുബാധ മൂലം ഉണ്ടാവുന്ന അസുഖമാണ്. ഇത് പകരുന്ന രോഗമാണ്. സമയോചിത ചികിത്സ മൂലം ഈ അസുഖം മാറ്റാവുന്നതാണ്.

**3. ട്രാക്കോമ (Trachoma)**

ഇത് കണ്ണിന്റെ ഉള്ളിലെ സ്നിഗ്ദ തനുസ്തരത്തെ (Conjunctiva) ബാധിക്കുന്ന ഒരു സാംക്രമിക രോഗമാണ്. ഇത് അധികവും ചേരി പ്രദേശങ്ങളിലും ജനങ്ങൾ തിങ്ങി താമസിക്കുന്ന സ്ഥലങ്ങളിലും പ്രത്യേകിച്ച് വൃത്തിഹീനമായ സ്ഥലങ്ങളിൽ താമസിക്കുന്നവർക്കാണ് അധികമായി കണ്ടുവരുന്നത്. ഫലപ്രദമായ ചികിത്സയെടുത്തില്ലെങ്കിൽ രോഗം ദീർഘാവസ്ഥയിലേക്ക് പ്രവേശിക്കുന്നു. വേദന, വെളിച്ചം നേരിടുന്നതിൽ പ്രയാസം (Photophobia) കൺപോളകളിൽ പ്രത്യേകിച്ച് താഴത്തെ കുമിളകൾ (follicles) പ്രത്യക്ഷപ്പെടുക, പഴുപ്പ്, ചൊറിച്ചിൽ, അശ്രുസ്രാവം, കരട് പെട്ടതുപോലെയുള്ള അനുഭവം, കണ്ണിന്റെ കാചപടലത്തിൽ (Cornea) പഴുപ്പ്, കണ്ണിന്റെ മുകൾ പോളകൾ പുറത്തേക്ക് തിരിയുക (Ectropion) അല്ലെങ്കിൽ ഉള്ളിലേക്ക് തിരിയുക (Entropion) ഇവയെല്ലാമാണ് പ്രധാന രോഗലക്ഷണങ്ങൾ.

**4. ഗ്ലോക്കോമ (Glaucoma)**

കണ്ണിന്റെ ഉൾഭാഗത്തുള്ള ദ്രാവക (Aqueous humour) ത്തിലെ മർദ്ദം (Pressure) കൂടുതലാവുമ്പോൾ ഈ രോഗം പ്രത്യക്ഷപ്പെടുന്നു. ഇത് ഇപ്പോൾ സാധാരണയായി കണ്ടുവരുന്നു. ആരംഭത്തിൽ തന്നെ ചികിത്സിച്ചുഭേദമാക്കീട്ടില്ലെങ്കിൽ ക്രമേണ അന്ധതയിലേക്ക് പ്രവേശിക്കാവുന്നതാണ്. ഇത് താത്കാലികമായോ ദീർഘകാലത്തിലോ കാണ

പ്പെടുന്നു. സുമാർ അമ്പതിന്റേയും എഴുപതിന്റേയും വയസ്സിന്റെ ഇടയിലാണ് അധികവും കാണുവാൻ സാദ്ധ്യത. മനോവിഷമം, തീരാദുഃഖം എന്നിവ ഒരു കാരണമാകുന്നു. ദീർഘദൃഷ്ടി (വെള്ളെഴുത്ത് - Presbyopia) യുടെ ലക്ഷണം വർദ്ധിച്ചുവരുക, കാഴ്ചശക്തിയിലെ വ്യതിയാനം (Defective accommodation) ഇവയും ഒരു കാരണമാകുന്നു. ആദ്യമായി ഒരു കണ്ണിനേയും പിന്നീട് മറ്റേ കണ്ണിനേയും ബാധിക്കുന്നതാണ്. കണ്ണുവേദന, ശക്തിയായ തലവേദന, അശ്രുസ്രാവം, ദീപത്തിൽ നോക്കിയാൽ പ്രഭാവലയം പ്രത്യേകിച്ച് മഴവില്ല് പോലെ കാണുക. കൂടെക്കൂടെയുള്ള ഛർദ്ദി, ഇത് ഉദര ത്തിലെ അസുഖമാണെന്നുള്ള തെ റ്റായ ചികിത്സയെടുക്കുവാൻ സാദ്ധ്യതയുണ്ട്. ഇവയെല്ലാമാണ് പ്രധാന രോഗലക്ഷണങ്ങൾ. രോഗാരംഭത്തിൽ തന്നെ രോഗത്തെ തിരിച്ചറിഞ്ഞ് ചികിത്സിച്ചാൽ രോഗം സുഖം പ്രാപിക്കുന്നതാണ്. ഇതിന് ശസ്ത്രക്രിയയാണ് ചികിത്സ എങ്കിലും ഹോമിയോ ചികിത്സ ഫലപ്രദമാണ്.

**ഹ്രസ്വദൃഷ്ടി, ദീർഘദൃഷ്ടി (Short sight - Myopia, Presbyopia)**

കുട്ടികൾക്കും ചെറുപ്പക്കാർക്കും സാധാരണ കണ്ടുവരുന്ന അസുഖമാണ് ഹ്രസ്വദൃഷ്ടി. അതുപോലെ സുമാർ നാല്പതുവയസ്സിനു മേലെയുള്ളവർക്കാണ് ദീർഘദൃഷ്ടി വരുന്നത്. കണ്ണടകൾ ഉപയോഗിച്ച് രോഗം പരിഹരിക്കാവുന്നതാണ്. കണ്ണുകൾക്ക് വ്യായാമം ഒരു പരിഹാര മാർഗ്ഗമാണ്. കൺഗോളങ്ങൾക്ക് ദീർഘം സംഭവിക്കുന്നതുമൂലം (Stretching) കേന്ദ്രബിന്ദു (focus) ശരിയായ സ്ഥാനത്ത് പതിക്കാത്തത് മൂലമാണ് ഇതിന്ന് കാരണം. കുട്ടികൾക്കുള്ള ഹ്രസ്വദൃഷ്ടിക്ക് ഹോമിയോ മരുന്നുകൾ പ്രയോഗിക്കാവുന്നതാണ്. കണ്ണിന് ആയാസം (Strain) നൽകുന്നത് ഒഴിവാക്കേണ്ടതാണ്. കംപ്യൂട്ടറിൽ ഒരുപാട് നേരം ജോലി ചെയ്യുക, മൊബൈൽ ഫോൺ അമിതമായി ഉപയോഗിക്കുക പ്രത്യേകിച്ച് കുട്ടികൾ, ടെലിവിഷൻ വളരെ അടുത്തിരുന്ന് കാണുക ഇവയെല്ലാം കണ്ണിന് ദോഷകരമാവുന്നതിനാൽ നിയന്ത്രിക്കേണ്ടതാണ്. കുട്ടികളിലെ ഹ്രസ്വദൃഷ്ടി ആരംഭത്തിൽ തന്നെ നിയന്ത്രിക്കുവാൻ സാധിച്ചാൽ അധികം ശക്തിയുള്ള ലെൻസിന്റെ ഉപയോഗം ഒഴിവാക്കുവാൻ സാധിക്കും. അതുപോലെത്തന്നെ ദീർഘദൃഷ്ടിക്കുള്ള കണ്ണട ഒരു പ്രായപരിതിക്കുശേഷം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.

**കോങ്കണ്ണ് (Strabismus - Squint)**

കണ്ണിനെ സംബന്ധിച്ചുള്ള അംഗവൈകല്യമാണ്. ഇത് ചില നവജാതശിശുക്കൾക്ക് കണ്ടുവരാറുണ്ട്. അപകടം, ഇടക്കിടക്കുണ്ടായ കോട്ട് (Convulsion), നോട്ടപ്പിശക്, ഉയർന്ന തരത്തിലുള്ള ഹ്രസ്വദൃഷ്ടി ഇവയെല്ലാം പ്രധാന കാരണങ്ങളാണ്. നവജാതശിശുക്കളിൽ കണ്ടുവരുന്ന കോങ്കണ്ണ് ക്രമേണ സാധാരണ അവസ്ഥയിലേക്ക് പ്രവേശിക്കുന്നു. കണ്ണട മൂലമോ, ശസ്ത്രക്രിയ മൂലമോ, വ്യായാമം മൂലമോ പരിഹരിക്കാവുന്നതാണ്. ഹോമിയോപതിയിൽ മരുന്നുകൾ ലഭ്യമാണ്.

**അംബ്ലയോപിയ (Amblyopia)**

കണ്ണിന് കാഴ്ചക്കുറവുണ്ടാകുന്ന അവസ്ഥയാണ് ഇത്. ജന്മനാലും ഈ അവസ്ഥ ഉണ്ടാകാവുന്നതാണ്. ചില വിഷവസ്തുക്കൾ, ലഹരി എന്നിവയുടെ ഉപയോഗം മൂലവും ഈ അസുഖം വരാവുന്നതാണ്. ഇതിന്ന് ഹോമിയോപതിയിൽ മരുന്നുകൾ ലഭ്യമാണ്.

**ബ്ലിഫാറൈറ്റിസ് (Blepharitis)**

ഇത് കൺപോളകളെ ബാധിക്കുന്ന നീർക്കെട്ടാണ്. പോളകളിൽ ഉണ്ടാവുന്ന പഴുപ്പുകൾ മൂലമോ കുരുക്കൾ മൂലമോ കൊഴുപ്പ് നിറഞ്ഞ ഭക്ഷണങ്ങൾ അമിതമായി കഴിക്കുന്നതുമൂലമോ രോഗകാരണമാകുന്നു. വേദന, ചൊറിച്ചിൽ, കൺപീലികൾ കൊഴിഞ്ഞുപോവുക ഇവയെല്ലാം രോഗലക്ഷണമാകുന്നു. ഹോമിയോ ചികിത്സ ഫലപ്രദമാകുന്നു.

**കൺകുരു (Stye - Hordeolum)**

കൺപോളകളിൽ വരുന്ന അസുഖമാണ്. പോളകളിൽ വേദന കൂടിയതും അല്ലാത്തതും കാണപ്പെടുന്നു. ഇതോടുകൂടി പോളകൾ വീങ്ങുന്നതായും കാണപ്പെടുന്നു. ഇത് നിമിത്തം ചിലർക്ക് ചെറുതായ തലവേദനയും അനുഭവപ്പെടുന്നു. ആരംഭത്തിൽ തന്നെ ചികിത്സിക്കണം ഇല്ലെങ്കിൽ കുരുക്കൾ വലുതാവാനും സാദ്ധ്യതയുണ്ട്. ഇതിന്ന് ഹോമിയോ ചികിത്സ വളരെ ഫലപ്രദമാണ്.

**അശ്രുനാളിയിൽ തടസ്സം**

അശ്രുനാളിയിൽ തടസ്സം നേരിടുമ്പോൾ അശ്രുക്കൾ കണ്ണുകൾക്ക് ലഭിക്കാതെ വരികയും ഇതുകൊണ്ട് കണ്ണിന് വരൾച്ച (Dryness) അനുഭവപ്പെടുന്നു. ഇത് സാരമാക്കാതെ ഇരുന്നാൽ കണ്ണിന് ക്രമേണ ദോഷകരമായിത്തീരുന്നു. ചികിത്സിച്ചു ഭേദമാക്കുവാൻ സാധിക്കുന്നു. ഇതിന്ന് ഹോമിയോ ഫലപ്രദമാണ്. ഇത് കൂടാതെ കൺപീലികൾ കണ്ണിന്റെ ഉൾഭാഗത്തും പുറത്തും പ്രവേശിക്കുന്ന രോഗം, പുരികത്തിലെ രോമം കൊഴിയുന്ന അവസ്ഥ, ചൊറിച്ചിൽ, പ്രകാശത്തിനോട് ഭയം (Photophobia) കണ്ണിന്റെ ചുറ്റും വൃത്താകൃതിയിൽ കാണുന്ന കറുപ്പുനിറമോ, നീലനിറമോ കാണുന്ന ലക്ഷണം, കൺപോള വിറയൽ (Twitching), കണ്ണിന്ന് ആയാസം (Strain), കൺപോള കീഴ്പോട്ടേക്ക് സ്ഥിരമായി താഴുക (Ptosis), രക്ത സ്രാവം, കണ്ണുകൾ ഇടയ്ക്കിടക്ക് ചിമ്മുന്ന സ്വഭാവം (Blinking) എന്നീ രോഗങ്ങളും കാഴ്ചശക്തിയെ ബാധിക്കുന്നു. പ്രമേഹത്തിനാൽ റെറ്റിനയിലെ ഞരമ്പുകൾക്കുണ്ടാകുന്ന ക്ഷതം മൂലം റെറ്റിനോപതി (Retinopathy), റെറ്റിന വേർപെടൽ (Retinal Detachment) കാഴ്ച വൈകല്യം (Astigmatism), നിശാ അന്ധത (Night Blindness) എന്നീ രോഗങ്ങളും സാധാരണയായി കണ്ടുവരുന്നുണ്ട്. ഇവയെല്ലാം ചികിത്സിച്ചുമാറ്റാവുന്നതാണ്. ഹോമിയോ ചികിത്സ ഏറ്റവും ഉത്തമമാണ്.

ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവമായ കണ്ണിനെ നാം അവഗണിച്ചുകൂടാ. കണ്ണിന് നേരിടുന്ന ദോഷകരമായ കാര്യങ്ങൾ തിരിച്ചറിഞ്ഞ് തക്കതായ ചികിത്സ എടുക്കുന്നതിന് മടി കാണിക്കരുത്.

എന്തെന്നാൽ പ്രമേഹം, രക്തസമ്മർദ്ദം, വിളർച്ച, വിറ്റാമിനുകളുടെ കുറവ്, കണ്ണിന് ആയാസം കൊടുക്കുന്ന ശീലങ്ങൾ, മാരകമായ ലഹരി വസ്തുക്കളുടെ ഉപയോഗം ഇവയെല്ലാം കണ്ണിനെ സാരമായി ബാധിക്കുന്നതുകൊണ്ട് ഇതിന്നുള്ള പരിഹാര മാർഗ്ഗങ്ങൾ ഉടനടി എടുക്കേണ്ടത് ആവശ്യം തന്നെയാണ്. കണ്ണിന് അണുബാധ (Infection) ഏല്ക്കുന്നത് ദോഷകരമാണ്. ഉടനെ ചികിത്സയെടുക്കണം. അതുകൊണ്ട് പരിഹാരമാർഗ്ഗങ്ങൾ യഥാസമയത്ത് എടുത്തില്ലെങ്കിൽ കാഴ്ച ക്ഷയിച്ച് നമ്മുടെ ജീവിതം എന്നന്നേക്കും വിഷമം നിറഞ്ഞതായിരിക്കും. ●

# രക്ഷകന്റെ വരവ്

**നിർമ്മല ടീച്ചർ**
**9447972031**

കൊന്നപാപങ്ങളും തിന്നപാപങ്ങളും
വെന്നപാപങ്ങളും വന്നപാപങ്ങളും
തീർക്കാതിരിക്കുമോ നാഥൻ...
മന്നിൽ പിറക്കാതിരിക്കുമോയിനിയും
കാരുണ്യവാരിധി നാഥൻ
സ്നേഹസ്വരൂപനാം ദേവൻ
കാത്തിരുന്നീടുമീനമ്മളെക്കാക്കുവാൻ
എത്താതിരിക്കുമോ മുന്നിൽ
ഇനിയുമെത്താതിരിക്കുമോ മണ്ണിൽ?
പാപികളായവർ കല്ലെറിഞ്ഞീടുമ്പോൾ
ഏറ്റുവാങ്ങീടുവാനെത്തുകില്ലേ?
കർമപാശങ്ങൾതൻ കെട്ടുമുറുകുമ്പോൾ
പരിഹാരമേകുവാനണയുകില്ലേ...
കുരിശിൽത്തറക്കുവാൻ
വെമ്പുന്ന മർത്യർക്ക്
തുണയായിനിൽക്കുവാനെത്തുകില്ലേ?
അന്ധകാരത്തിലൂടണയുന്ന താന്തന്റെ
കൈപിടിച്ചീടുവാനെത്തുകില്ലേ...
മന്നിൽ പിറക്കാതിരിക്കുമോ വീണ്ടുമീ
കാരുണ്യവാരിധി നാഥൻ
കാത്തിരുന്നീടുമീ
നമ്മളെക്കാണുവാനെത്താതിരിക്കുമോ
മണ്ണിൽ?!
കുരിശിൽ തറയ്ക്കുന്ന നേരത്തു
മർത്യന്ന്
തുണയായി നിൽക്കുവാനെത്തുകില്ലേ?

# കളകളകറ്റാം വിളവുകൾ സംരക്ഷിക്കാം



**രാജേന്ദ്രൻ വയല**
**94463772011**

മഹാമാരിയുടെ കൈപ്പിടിയിൽ നിന്ന് ലോകം പതിയെ വിമുക്തമായി വരുന്നതേയുള്ളൂ. ഭീതിയുടെ കരിനിഴൽ ഒരളവോളം അകന്നുപോയിട്ടുണ്ടെങ്കിലും നിലാവിന്റെ കുളിർമയിൽ ഇനിയും അഭിരമിക്കാറായിട്ടില്ല. എല്ലാ മേഘലകളിലും കോവിഡ് വിപത്തിന്റെ കാളിമയുടെ നിഴലങ്ങനെ എത്രയോ കാലം പടർന്നുകിടക്കുകയുണ്ടായേക്കും.

ഭീതിയും അതുണ്ടാക്കുന്ന വിപത്തുകളും ജീവിതത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ എത്രയോ വിവരണാതീതമാണ്. കാലദേശവ്യതിയാനങ്ങളനുസരിച്ച് അതിന്റെ അളവും വ്യാപ്തിയും കുറഞ്ഞോ കൂടിയോ ജീവിതത്തേയും പരിതാവസ്ഥകളേയും ബാധിക്കുന്നു. വിപത്തുകൾ പല രൂപഭാവങ്ങളിൽ ലോകമെങ്ങും കരിനിഴൽ വീഴ്ത്തിയിട്ടുണ്ട്. ചരിത്രം അതൊക്കെയും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. യുദ്ധങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, മഹാമാരികൾ, അധിനിവേശങ്ങൾ...

എല്ലാം വരുത്തിത്തീർക്കുന്ന കെടുതികൾ എത്രയോ ആഴത്തിലുള്ളതാണെന്ന് അതനുഭവിച്ച്, നേരിട്ടവർ രേഖപ്പെടുത്തിവച്ചിരിക്കുന്നുണ്ടെങ്കിലും ഓരോ സാക്ഷ്യങ്ങളിലും വ്യക്തിപരസ്വാധീനതകൾ നിഴലും വെളിച്ചവുമായങ്ങനെ വിലയിക്കപ്പെട്ടുകിടക്കുന്നു. വരികൾക്കിടയിലൂടെ വായിച്ചാലും ഉറന്നുവരുന്നത് വായനക്കാരന്റേയും കൂടി സാംസ്കാരികഭൂമികയുടെ നിലപാടുതറയുടെ ഈടുറപ്പിന്റെ നിദർശനങ്ങൾ തന്നെയാവും.

എത്രയോ വലുതും ചെറുതുമായ കെടുതികളും മഹാമാരിയും ഒക്കെ ജീവിതത്തെ ബാധിക്കുന്നതും മാറ്റിമറിക്കുന്നതും എങ്ങനെയൊക്കെയാണെന്ന് നേരിട്ടറിയാനും അനുഭവിക്കാനും ഈ കാലം നമ്മെ ശിക്ഷണപ്പെടുത്തി. ദുരിതങ്ങൾ നേരിട്ട അത്രയൊന്നും തീവ്രമല്ലാത്ത ജീവിതവേളയ്ക്ക് അത് നൽകിയ അനുശീലനപാഠത്തിന് കാലത്തിന് തിരിച്ചുനൽകാൻ നമ്മുടെ പക്കലെന്താണുള്ളത് !

പണപ്പെട്ടിയുടെ നിറവ് എത്രയോ ഭാരിച്ചതാവാമെങ്കിലും അത് തുറന്നുവച്ച് എണ്ണിത്തിട്ടപ്പെടുത്തി ക്ലിപ്തപ്പെടുത്താമെന്നല്ലാതെ വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥയുടെ സംഭീതാവസ്ഥ എത്രത്തോളം ദാരുണമാണെന്ന് ഈ മഹാമാരിക്കാലം അനുഭവവേദ്യമാക്കി. അതുമാത്രമല്ല അന്നന്നത്തെ അപ്പം കണ്ടെത്താൻ താൻപോരിമയുണ്ടെന്ന മഹത്തായ തോന്നലിന്റെ വിശ്വാസ്യതയും സ്വാതന്ത്ര്യത്തിന്റെ അപരിമേയതയും സൗഹൃദത്തിന്റെ ഈടുറപ്പും ഒക്കെ പുതിയ പരിപ്രേക്ഷ്യത്തിൽ വിലയിരുത്താനായി എന്നതും വാസ്തവികതയല്ലേ ? മതാത്മക സങ്കല്പങ്ങളേയും തർക്കവിതർക്കങ്ങളേയും ഉല്ലംഘിക്കുന്ന മഹത്തായ ദാർശനികദർശനം.

ഒക്കെയും വളരെ വലിയ ശരിയും അതുപോലെ വലിയ തെറ്റുമാണെന്നും വിലയിരുത്താം. കാലത്തേയും ജീവിതപരിതാവസ്ഥകളേയും കുറിച്ച് ദാർശനികമായല്ലാതെയെങ്കിലും നേർവഴിക്ക് ഒന്നു നോക്കിക്കാണാൻ ചിന്തിച്ചുറപ്പിക്കാൻ

എന്തുകൊണ്ടോ നമുക്കും സമൂഹത്തിനും വലിയൊരളവിൽ കഴിയുന്നില്ലല്ലോ എന്നതും നിറം പുരട്ടാത്ത യാഥാർത്ഥ്യത്തിന്റെ നേർച്ചിത്ര കാഴ്ചയാവുന്നു.

നമ്മുടെ സമൂഹത്തിൽ നടക്കുന്ന വാർത്തകൾ സൃഷ്ടിക്കപ്പെടാത്തതും അല്ലാത്തതുമായ നീതിരാഹിത്യത്തെപ്പറ്റിയും മറ്റുള്ളവരുടെ ജീവിതത്തിൽ അതുണ്ടാക്കിയ ചെറുതും വലുതുമായ കെടുതികളെക്കുറിച്ചും അതിന്റെ അധാർമ്മികതയെക്കുറിച്ചും ഒക്കെ ചിന്തിക്കുമ്പോൾ മുമ്പേ പറഞ്ഞതിന്റെ സാംഗത്യം നിറം പുരട്ടാത്തതായ നേർച്ചിത്രമായി അനാവരണം ചെയ്യുകയാണ്.

കാലവും അനുഭവങ്ങളും മനുഷ്യരേയും സമൂഹത്തേയും ഒരളവോളമേ നവീകരിക്കൂ. യുദ്ധവും മഹാമാരികളും പ്രകൃതിനാശങ്ങളും ഒക്കെ നന്മയ്ക്കപ്പുറം തിന്മകളേയും കെടുതികളേയും വിതയ്ക്കുന്നുണ്ട്. വിളകൾക്കപ്പുറം ആ കളകൾ ചുറ്റിലുമുള്ള വളവും വെള്ളവും സ്വീകരിച്ച് കരുത്തോടെ തഴയ്ക്കുന്നു.

അത്തരം കളകളെ കണ്ടറിഞ്ഞ് വേരോടെ പിഴുതുമാറ്റി വിളകൾ സംരക്ഷിക്കേണ്ട കടമയാണ് നിറവേറ്റപ്പെടേണ്ടത്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ ഭരണസാരഥികൾക്കും അതിനോടനുബന്ധമായി പ്രവർത്തിക്കുന്ന വനിത, കുടുംബശ്രീ കൂട്ടായ്മകൾക്കും ഗ്രാമസഭകൾക്കും ഒക്കെ ക്രിയാത്മകമായി സാമൂഹ്യകെടുതികൾ ദുരീകരിക്കാനും നന്മയുടെ നാളങ്ങൾ തെളിയിക്കാനും ഇച്ഛാശക്തിയോടെ പ്രവർത്തിച്ചാൽ സാധിതപ്രായമാകും.

സങ്കുചിത രാഷ്ട്രീയ, ജാതിപരചിന്തകൾക്കും സ്വാർത്ഥപരതയ്ക്കും അപ്പുറമാണ് സമൂഹത്തിന്റെയും അതോടൊപ്പം കുടുംബ-വ്യക്തിസുസ്ഥിരതയുടേയും ഈടുറപ്പുള്ള നിലനിൽപ്പെന്ന ഗാന്ധിചിന്ത ദിശാവബോധത്തോടെ പ്രാവർത്തികമാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് ഒരല്പം ഇച്ഛാശക്തിയും പ്രതിബദ്ധതയുമേ വേണ്ടൂ.



# രാത്രിയുടെ തേങ്ങലുകൾ..



പ്രേം മധുസൂദനൻ
9447131314, 9846822255

**മു**കളിലത്തെ ഇരുട്ടുപടർന്ന ഒറ്റ മുറിയിലെ തുറന്നിട്ട ജനാലയിലൂടെ അയാൾ ചാറ്റൽമഴ പെയ്യുന്ന രാത്രിയെ നോക്കിനിന്നു. മഴ പതറിയ ശബ്ദത്തിൽ ഏതോ കഥ പറയുകയായിരുന്നു.

മൂക്കിലേക്കിറങ്ങിയ കണ്ണട കയറ്റിവച്ച് അയാൾ തെല്ലകലെയുള്ള റോഡിലേക്ക് നോക്കി. ചിതറിയ വളപ്പൊട്ടുകൾ പോലെ പലനിറങ്ങളിൽ വെളിച്ചം തെളിയിച്ച് നഗരം ഉറങ്ങുകയായിരുന്നു. അകലെയുള്ള കയറ്റമിറങ്ങിവരുന്ന ചെറിയ റോഡിലെ ഇരുട്ടിലേക്ക്, തെരുവു വിളക്കിലെ നേർത്ത പ്രകാശങ്ങൾ അരിച്ചിറങ്ങുന്നുണ്ടായിരുന്നു. അയാളുടെ കാഴ്ചകളെ ഞെട്ടിച്ചുകൊണ്ട് പെട്ടെന്നാണ് പരിഭ്രമത്തോടെ ഒരു പെൺകുട്ടി പടികൾ കയറിയോടി വന്നത്. പടികൾ അവസാനിക്കുന്ന ചെറിയ മറവിൽ തെല്ലിട നിന്നശേഷം, തലകുനിച്ചവിടെയവൾ പതുങ്ങിയിരുന്നു. ആ മുഖം വ്യക്തമായി കാണുവാനായില്ലെങ്കിലും അവൾ എന്തിനേയോ ഭയക്കുന്നുണ്ടായിരുന്നു. മഴ പെട്ടെന്നു നിന്നു. തണൽ മരങ്ങളുടെ ചില്ലകളിൽ വീശിയ കാറ്റ് കഥയുമായി അകലേക്ക് പറന്നു.

കാഴ്ചകളുടെ ഗതിമാറ്റിക്കൊണ്ട് കുറച്ചകലെ റോഡിന്റെ ഇറക്കത്തിൽ ഉറയ്ക്കാത്ത കാലുകളുമായി എരിയുന്ന സിഗരറ്റിന്റെ ഒരു ചുവന്ന തീ പ്രത്യക്ഷപ്പെട്ടു. റോഡരുകിലെ കുഴൽക്കിണറിനു സമീപം ആ തീ ആരെയോ പ്രതീക്ഷിച്ചു നിന്നു. ആ മുറിയിലെ ഇരുട്ടിൽ നിശ്വാസങ്ങളുയർത്തി അയാൾ കാത്തുനിന്നു. കാത്തിരിപ്പിനൊടുവിൽ, ഒറ്റപ്പെട്ടുനിന്ന ഒരു വീടിനരികിലെ ഇരുട്ടിൽനിന്ന് നല്ല ഉയരമുള്ള ഒരാൾ കുഴൽകിണറിന്റെ അടുത്തേക്കു വന്നു. എന്തോ പറഞ്ഞുകൊണ്ടവർ സാവധാനം റോഡിന്റെ കയറ്റത്തിലേക്കു നടന്നുവന്നു. കാലടി ശബ്ദങ്ങൾ അടുത്തടുത്തു വന്നപ്പോൾ, റോഡിലെ അടക്കിപ്പിടിച്ച ആ ശബ്ദം വ്യക്തമായി കേട്ടു. മകളെ ഒന്നും ചെയ്യല്ലേന്ന് പറഞ്ഞ് തള്ള കരച്ചിലായിരുന്നു. ആ നാശം പെണ്ണ് അതിനിടയ്ക്ക് എങ്ങോട്ടോ ഓടിപ്പോയി. എന്നിട്ട് എന്തായി സംഗതി നടന്നോ? ആ കാംക്ഷയുടെ മറ്റൊരു ശബ്ദം ചിരിയോടെ ചോദിച്ചു. പൈസാ കടം മേടിക്കുമ്പോൾ ഇവറ്റകൾക്ക് യാതൊരു ചിന്തയുമില്ല. കരഞ്ഞപ്പോൾ കഠാര നീട്ടി കിടത്തി. ചരക്ക് കൊള്ളാം. പലിശയ്ക്കുള്ളതുണ്ട്. അടക്കിയ ചെറുചിരികളോടെ കാലടി ശബ്ദങ്ങൾ മുകളിലേക്ക് നടന്നു കയറവേ.

കാർമേഘം മാറിയ ആകാശ ചെരുവിലൊരു ഈറൻനിലാവ് മിഴിതുടച്ചു. മരത്തിന്റെ ചില്ലകളിലേക്കു തിരിച്ചുവന്ന കാറ്റിന്റെ കിതപ്പിൽ വേച്ചുപോയൊരു നിഴലിന്റെ വിറയ്ക്കുന്ന വിളി ഉയർന്നുകേട്ടു. മൂക്കിലേയ്ക്കിറങ്ങിവന്ന കണ്ണട ഇടതു ചൂണ്ടുവിരലിനാൽ അയാൾ വീണ്ടും കയറ്റിവച്ചു. അപ്പോൾ പടികളുടെ മറവിലെ ഇരുട്ടിൽ തേങ്ങലോടെ ആ ശരീരം വിറച്ചുകൊണ്ടെഴുന്നേറ്റു നിന്നു. ●

# കനൽയാത്ര



**ജയശ്രീ രാജേഷ്**
**9869362679**

**പാ**തി തുറന്നിട്ട തെക്കേ മുറിയിലെ ജനാല കമ്പികൾക്കിടയിലൂടെ ഒരു മിന്നൽ പിണർ ചാട്ടവാറു പോലെ പുളഞ്ഞത് കണ്ണിൽ പ്രതിഫലിച്ചതും കിടന്നിടത്തു നിന്നു ചാടി എണീറ്റ് ഒറ്റ അലർച്ചയായിരുന്നു സുബ്രഹ്മണ്യൻ മാഷ്. കട്ടിലിന്റെ കാലിനോട് ചേർത്ത് കൊളുത്തിയിട്ട ചങ്ങലവട്ടം കാലുകളിൽ കുരുങ്ങി വലിഞ്ഞപ്പോൾ ജടപിടിച്ച തലമുടിയിൽ കൈ പേർത്തു വലിച്ച അലർച്ച വേദനയിൽ കുതിർന്ന കണ്ണീരായി മാറി. ചപ്രതലമുടിയും വെട്ടിയൊതുക്കാത്ത അലങ്കോലപ്പെട്ട താടിയും മുഷിഞ്ഞ ഒരു പാന്റും ബനിയനും . മാഷ് വിധിയുടെ കണക്കുപുസ്തകം സമ്മാനിച്ച ഈ തടവിലായിട്ട് വർഷങ്ങളായി. പുറത്തു മഴ തിമിർത്തു പെയ്യുന്നു. വെടിക്കെട്ട് പോലെ കത്തിക്കയറുന്ന ഇടി മുഴക്കങ്ങളുടെ അകമ്പടിയോടെ കണ്ണഞ്ചിപ്പിക്കുന്ന മിന്നലുകൾ ഇടവിട്ട് പ്രണയപൂർവ്വം കാത്തിരിക്കുന്ന പ്രിയയെ എന്നപോലെ ഭൂമിയെ ചുംബിച്ചു കടന്നുപോകുന്നു. പ്രകൃതി സംഹാര താണ്ഡവം ആടാൻ തയ്യാറെടുത്ത പോലെ തിരിമുറിയാതെ പെയ്യുന്ന മഴ.

“ഉച്ചക്ക് തുടങ്ങിയതാണ് ഈ ഭ്രാന്തെടുത്ത പോലെയുള്ള പ്രകൃതിയുടെ കലിതുള്ളൽ. ഈ മഴയൊന്ന് ഇത്തിരി നേരം തോർന്നിരുന്നെങ്കിൽ, നേരം സന്ധ്യ മയങ്ങി, തുളസിത്തറയിൽ ഒരു വിളക്ക് വെച്ചില്ല. രാമ... രാമ... രാമാ ന്നു ജപിച്ച് കത്തിച്ച ചിമ്മിനി വിളക്ക് മുന്നോട്ട് നീട്ടി പിടിച്ച് പാറുവമ്മ ഇടനാഴിയിൽ നിന്നു തെക്കാറയിലേക്ക് കടന്നു.

“സുബ്രു... പേടിയായോ നിനക്ക്... പുറത്ത് മഴ തിമിർക്കാ... ഇനി എന്തെല്ലാം നാശങ്ങളാണാവോ നാളെ പുലരുമ്പോഴേക്കും ഉണ്ടാക്കിവെക്ക്യാ...”

പേടിച്ചരണ്ട കൊച്ചുകുട്ടിയെപ്പോലെ സ്വന്തം കാൽമുട്ടുകളിൽ മുഖം പൂഴ്ത്തി ഇരിക്കുകയായിരുന്ന സുബ്രഹ്മണ്യൻ അമ്മ മുറിയിലേക്ക് വന്നതൊന്നും അറിഞ്ഞില്ല. പാതി തുറന്നുകിടന്ന ജനൽ പാളികൾ വലിച്ചടച്ച് കൈയിലെ ചിമ്മിനി ജനൽ പടിയിൽ വെച്ച് പാറുവമ്മ കട്ടിലിനടുത്ത് വന്ന് ഒരു കൊച്ചു കുഞ്ഞിനെ എന്നോണം മകന്റെ തലയിൽ തഴുകി. “സുബ്രു.....പേടിക്കണ്ട ഇനി മിന്നൽ അകത്തുവരില്ലട്ടൊ. അമ്മ ജനൽ അടച്ചു.”

ഒന്നു തല ഉയർത്തി അമ്മയുടെ മുഖത്തേക്ക് നോക്കിയെന്നല്ലാതെ സുബ്രു അപ്പോഴും ഒരു നിശ്ചലാവസ്ഥയിൽ ആയിരുന്നു. പാറുവമ്മയുടെ കണ്ണുകൾ ഈറനണിഞ്ഞു. കട്ടിലിന്റെ ഒരോരത്ത് ഇരിക്കുന്ന അമ്മയുടെ മടിയിലേക്ക് ചാഞ്ഞു സുബ്രഹ്മണ്യൻ. കാലുകൾ മടക്കി കൈ രണ്ടും ചുരുട്ടി കാലുകൾക്കിടയിൽ തിരുകി കണ്ണുകളടച്ച് അമ്മ മടിത്തട്ടിൽ, ഗർഭപാത്രത്തിൽ സുരക്ഷിതമായി കിടക്കുന്ന ഒരു കുഞ്ഞിനെ പോലെ സുബ്രമണ്യൻ മാഷ് അമ്മയുടെ മടിയിൽ തളർന്നുകിടന്നു.

രാഘവൻ മാഷ് മരിച്ചതിനു ശേഷം പാറുവമ്മയും മോനും ഒറ്റക്കാണ്. പറയത്തക്ക ബന്ധുക്കൾ ആരും ഇല്ല. ഉള്ളവരാകട്ടെ ബാധ്യത ഏറ്റെടുക്കേണ്ടിവരും എന്ന ചിന്തയിൽ വിട്ടുമാറി നിൽക്കാനും പരസ്പരം മത്സരിച്ചു. അച്ഛൻ പഠിപ്പിച്ചിരുന്ന സ്കൂളിൽ തന്നെ മാഷായി ജോലി കിട്ടിയ സുബ്രമണ്യന്റെ ലോകം അമ്മയും കൂടെ കുറെ പുസ്തകങ്ങളും മാത്രം. സഹപ്രവർത്തകരോട് പോലും അധികം അടുപ്പം കാണിക്കാറില്ല. ചെറുപ്പം തൊട്ടേ ഒറ്റപ്പെട്ട ജീവിതം ആക്കിത്തീർത്തതാകാം അങ്ങനെ ഒക്കെ. മാഷ്ക്ക് വായന ഒരു ലഹരി ആയിരുന്നു. ഒരു കൊച്ചു വായനശാല തന്നെ ഉണ്ട് ആ വീട്ടിൽ. കിട്ടുന്നതിൽ പാതി പുസ്തകങ്ങൾക്കായി ചിലവഴിക്കും. ഒഴിവുസമയങ്ങൾ പുസ്തകത്താളുകളിൽ സ്വയം നൂഴ്ന്നിറങ്ങാൻ മാത്രമായി.

അമ്മയും പുസ്തകങ്ങളും മാത്രം കൂട്ടായുള്ള മാഷിന്റെ ഒറ്റപ്പെട്ട ജീവിതത്തിൽ മാറ്റങ്ങൾ വന്നത് അമ്മുവിനെ കണ്ടത് മുതലായിരുന്നു. സ്കൂളിന് തൊട്ടപ്പുറത്തുള്ള സ്നേഹഭവനത്തിലെ രണ്ടു കുഞ്ഞുങ്ങളെ സ്കൂളിൽ വിടാനും തിരിച്ചുകൊണ്ടുപോകാനും ആയിരുന്നു അവൾ മാഷിന്റെ സ്കൂളിൽ വന്നിരുന്നത്. എപ്പോഴും നിറഞ്ഞ ചിരി മാത്രമുള്ള വെളുത്ത കൊലുന്നനെ ഉള്ള ആ ദാവണിക്കാരി എപ്പോഴോ മാഷിന്റെ ഹൃദയത്തിൽ അയാൾപോലും അറിയാതെ കുടിയേറി. അമ്മുവിന്റെ പുഞ്ചിരിക്ക് പിന്നിൽ മറഞ്ഞിരുന്ന കണ്ണീരിന്റെ തിളക്കം മനസ്സിലാക്കാൻ കഴിഞ്ഞത് സുബ്രഹ്മണ്യൻ മാഷ്ന് ജീവിതത്തിൽ കിട്ടിയ ഏറ്റവും വലിയ സമ്മാനം. ഒന്നും പറയാതെ ഒന്നും മിണ്ടാതെ കണ്ണുകളിലൂടെ അവർ സംസാരിച്ചു, ഹൃദയം പങ്കിട്ടു. പുസ്തകങ്ങൾ അക്ഷരക്കോട്ട തീർത്ത മാഷിന്റെ മനസ്സിൽ അമ്മുവിന്റെ പാദസരങ്ങൾ കിലുങ്ങി, ആ കിലുക്കം പാറുവമ്മയും അറിഞ്ഞു. താനും മകനും മാത്രമായ ലോകത്തേക്ക് മൂന്നാമതൊരു അതിഥി കടന്നു വരുന്ന സന്തോഷമായിരുന്നു പാറുവമ്മക്ക്.

തൊട്ടടുത്ത കാവിൽ വെച്ചായിരുന്നു ആർഭാടങ്ങളില്ലാത്ത കല്യാണം. മാഷിന്റെ നിഴലായി അമ്മു എപ്പോഴും കൂടെയുണ്ടായിരുന്നു. അവരുടെ ഇടയിലേക്ക് അധികം വൈകാതെ മാഷിന്റെ വിടർന്ന കണ്ണുകളും അമ്മുവിന്റെ നുണക്കുഴിയുമായി ആർദ്രമോളും കടന്നു വന്നു.

കണ്ണുകളടച്ചു ഏറ്റവും വലിയ സുരക്ഷിതബോധത്തോടെ മടിയിൽ കിടക്കുന്ന സുബ്രുവിന്റെ മുഖത്തേക്ക് നോക്കിയപ്പോൾ പാറുവമ്മയുടെ കവിളിൽ വേദനയും സങ്കടവും നിസ്സഹായതയുടെ കണ്ണീർ ചാലുകൾ തീർത്തു. ചുമരിൽ തൂക്കിയിരുന്ന ഫ്രെയിമിനുള്ളിൽ നിന്ന് ഇതെല്ലാം നോക്കി ഒരിളം പുഞ്ചിരിയോടെ അമ്മുവും ആർദ്രമോളും.

“കൊണ്ടുപോകാമായിരുന്നില്ലേ ഇവനെ കൂടെ... എന്തിന് ഈ നരകജീവിതം സമ്മാനിച്ച് ഒറ്റക്കാക്കി കടന്നുപോയി രണ്ടാളും. എങ്കിൽ എനിക്കിങ്ങനെ ഇവൻ നരകിക്കുന്നത് കാണണ്ടായിരുന്നല്ലോ.” ഫോട്ടോയിലേക്ക് നോക്കി ആ അമ്മയുടെ ചുണ്ടുകൾ വിതുമ്പി.

കർക്കിടകത്തിലെ മഴയുള്ള ഒരു സന്ധ്യക്കായിരുന്നു മാഷിന്റെ ജീവിതത്തിലെ വെളിച്ചം കെടുത്തിയ ആ ദുരന്തം. സിനിമക്ക് പോയി വരികയായിരുന്നു മൂന്നുപേരും കൂടെ ബൈക്കിൽ. ബൈക്ക് ഒരു വളവു തിരിഞ്ഞപ്പോൾ ഒരു നായ കുറുകെ ചാടി, സാമാന്യ സ്പീഡിൽ ആയതുകൊണ്ട് വണ്ടിയുടെ നിയന്ത്രണം വിട്ട് ചെരിഞ്ഞതും അമ്മുവും ആർദ്ര മോളും റോഡിലോട്ടു തെറിച്ചുതെന്നിപ്പോയത് എതിരെ വന്ന ലോറിക്കടിയിലേക്ക്. ഒന്നും ചെയ്യാനാകാതെ ഒരാർത്തനാദത്തോടെ കുഴഞ്ഞുവീണുപോയി ആ നിമിഷം സുബ്രഹ്മണ്യൻ മാഷ്. താളം തെറ്റിയ മനസ്സിന് പിന്നീട് ജീവിതത്തിലേക്ക് സ്വബോധത്തോടെ ഒരു തിരിച്ചുവരവുണ്ടായില്ല. പലപ്പോഴും റൂമിലെ മാലയിട്ടു തൂക്കിയ അമ്മുവിന്റേയും ആർദ്രമോളുടേയും ചിത്രത്തിൽ നിസ്സംഗനായി നോക്കിയിരിക്കും മാഷ്. ആ കണ്ണുകളിലൂടെ അപ്പോൾ ഇന്നലെയുടെ ഓർമ്മചിത്രങ്ങൾ അശ്രുമഴയായി ഉതിരും.

പുറത്തു തകർത്തു പെയ്യുന്ന മഴയുടെ ശക്തി വീണ്ടും കൂടി. ആശ്രയമില്ലാതെ ശോഷിച്ച മേൽക്കൂരയിൽ പതിക്കുന്ന മഴനൂലുകളുടെ ഭാരം ഏറിവന്നു, മനസ്സിലെ സങ്കടങ്ങളുടെ ഭാരം താങ്ങാനാകാതെ തളർന്ന് നിറമിഴികളോടെ ഒരമ്മയും... ആ മടിയിൽ തലചായ്ച്ച് ഏകാന്തതയുടെ അശാന്തമനസ്സുമായി സുബ്രഹ്മണ്യൻ മാഷും...

■ കവിത

# ഒറ്റയാൾക്കൂട്ടം



റീന രാധ
9446027366, 8075661683

ചിലപ്പോഴൊക്കെ
ഞാനൊരു ആൾക്കൂട്ടമാണ്.
അവിടെ നിനക്കെന്റേതും
എനിക്ക് നിന്റേതും
മുഖങ്ങൾ മാത്രമറിയുന്നു.
അല്ലെങ്കിൽ,
ആരേയുമറിയാത്ത ഞാൻ
എന്നെയറിയും
ആൾക്കൂട്ടത്തെ നോക്കി
നിസ്സംഗമായ് ചിരിക്കുന്നു.
ഒരു വേള ഞാൻ,
മറഞ്ഞിരിക്കും നിന്നെ
കൂട്ടങ്ങൾ വകഞ്ഞു മാറ്റി
പരതിത്തിരഞ്ഞ്,
ഇടറിത്തെറിച്ച്,
വിവശയാമൊരു
ഉൻമാദിനിയാകുന്നു.
നമ്മെ തുറിച്ചു നോക്കും
ചില കൂട്ടങ്ങൾക്കിടയ്ക്ക്
ഇടിച്ചുകയറി
ഒരു ചുംബനം പങ്കു വെക്കാൻ
കൊതിയൂറുന്നു.
ചിലപ്പോഴൊക്കെ ഞാനൊരു
ശക്തമാമാൾക്കൂട്ടമാണ്.
ഞാനൊറ്റയ്ക്ക് നടക്കവേ,
നീയൊരായിരം പേരായ്
കൈപിടിച്ചെൻ
മുന്നിലും പിറകിലും
വശങ്ങളിലും നിറയുമ്പോഴും
സ്നേഹം മരിച്ചു വീഴും
യുദ്ധഭൂമികകളിൽ
ആൾക്കൂട്ടത്തിൻ
ചക്രവ്യൂഹങ്ങൾ ഭേദിച്ച്
പരസ്പരം കീഴടക്കി നാം
തോൽവിയുടെ
വെന്നിക്കൊടി പാറ്റുമ്പോഴും
നാമിരുവരും
മലമുകളിലെ ആകാശങ്ങൾ
നുള്ളിപ്പെറുക്കി താഴേക്കെറിയവേ,
അതു ചൂടും ദിക്കുകളെങ്ങും
കുഞ്ഞുറുമ്പുകളായ്
അരിച്ചു നീങ്ങും കാഴ്ച
നീയെന്റെ കണ്ണിലും ഞാൻ
നിന്റെ കണ്ണിലും
മറന്നിരിക്കുമ്പോഴും
മല പോലതിദൃഢമായ്
ഞാനൊറ്റയ്ക്കൊരു
ആൾക്കൂട്ടമാണ്.

# ഭ്രമം



സുധ തെക്കേമഠം
9539382306, 8547243903

**ച**ന്ദ്രയാൻ 2 ദൗത്യം പാളി എന്ന വാർത്ത നൽകിയ നിരാശയും മുഖത്തിട്ടാണ് അന്ന് ജെസ്സി എന്ന പാർട് ടൈം വേലക്കാരി നാരായണൻകുട്ടി എന്ന വൃദ്ധൻ കിടക്കുന്ന ആ മുറിയിലേക്കെത്തിയത്. മുഖത്തെ പതിവുചിരി വഴിയിലെവിടെയോ മറന്നുവെച്ചതുപോലെ അവൾ പണികളിലേക്കു കടന്നു. ഏതോ വലിയ സ്വപ്നം പാതിവഴിയിൽ പൊഴിഞ്ഞു വീണ മുഖത്തോടെ നിന്ന ജെസ്സി അയാളിൽ അമ്പരപ്പ് നിറച്ചു.

“ഇന്ന് വായാടിക്കുട്ടിക്ക് എന്തുപറ്റീ.. വല്ലാത്തൊരു വിഷമം. പൈസ പ്രശ്നം ആണെങ്കിൽ പറയ്. ഞാൻ തരാം. പഠിക്കാൻ ചേരണം ന്ന് ഇന്നലെ പറഞ്ഞപ്പോളേ ഞാൻ കരുതീട്ടുണ്ട്. നീയെന്താ ഒന്നും പറയാത്തത്? കോളേജില് ചേരാൻ വൈകീട്ടൊന്നും ഇല്ല്യാലോ?. ആഗ്രഹം മനസ്സില് വെച്ചു പൂട്ടി നടന്നാ പോരാ. വഴി നോക്കണം.”

കിടക്കയിൽ നിന്നുയരുന്ന ചോദ്യങ്ങൾ കേൾക്കാത്ത മട്ടിൽ ജെസ്സി പണി തുടർന്നു. “നിനക്ക് ആഗ്രഹങ്ങളൊന്നൂല്ലേ കുട്ടീ” എന്ന തമാശച്ചോദ്യത്തിന് ഇന്നലെ കൊടുത്ത മറുപടിക്കഥയാണ് സാറിന്റെ ഇന്നത്തെ വിഷമത്തിന് കാരണം എന്നവളോർത്തു. പറഞ്ഞതത്രയും സത്യമാണ്. ഉള്ളിലെ ഏറ്റവും വലിയ ആഗ്രഹമാണ് ചന്ദ്രനിലേക്കൊരു യാത്ര. കേട്ടവരെല്ലാം പരിഹസിച്ചിട്ടേയുള്ളൂ. ആഗ്രഹത്തിന് വിത്തു വീണത് ഒരു ചാന്ദ്രദിനത്തിനാണ്. യൂസഫ് മാഷ് സയൻസ് ക്ലബംഗങ്ങളെ വിളിച്ചുകൂട്ടി കമ്പ്യൂട്ടർ മുറിയിൽവെച്ച് ഒരു വീഡിയോ കാണിച്ചു. നിശ്ശബ്ദതയുടെയും ആവേശത്തള്ളലിന്റെയും ഇരുട്ടിന്റെയും സങ്കലനത്തിലേക്ക് ആ ദൃശ്യങ്ങൾ ഇറങ്ങി വന്നു. വിജനതയുടെ സംഗീതം മുഴങ്ങുന്ന ചാന്ദ്രഭൂമിയെ കീഴടക്കാൻ ചെന്ന രണ്ടുപേർ വായുവിൽ ഒഴുകി നടക്കുന്നു. എല്ലാ ഭാരങ്ങളിൽ നിന്നും വേദനകളിൽ നിന്നും ബഹുദൂരം അകലത്തിൽ. അന്നു വൈകുന്നേരം ജെസ്സി എന്ന പെൺകുട്ടി യൂസഫ് മാഷടെ മുന്നിൽ നിന്നത് ചന്ദ്രനിലേക്കുള്ള വഴിയന്വേഷിച്ചാണ്. അവളുടെ വെളുത്ത കൈ വെള്ളയിൽ സൗരയൂഥം വരച്ച് മാഷൊരു തെറ്റുത്തരമായി. വീട്ടുപണിയും പഠനവും ഒരേ തുലാസ്സിൽ കയറ്റി വെച്ച് മാനത്തെ വെള്ളി വൃത്തത്തിനെ ഭ്രമണം ചെയ്ത് ജെസ്സിയുടെ ദിവസങ്ങൾ ഒഴുകിയകലുന്നു.

പോളീഷിന്റെ നനവുള്ള തുണികൊണ്ട് അലമാരയുടെ കൊത്തുപണികൾക്ക് ഒരു പുതിയ നിറം കൊടുക്കുകയാണ് അവൾ. ഇലകളും കുഞ്ഞു പൂക്കളും വള്ളിപ്പടർപ്പുകളും ജീവൻ തുടിക്കുന്ന പോലെ മരത്തടിയിൽ നിന്ന് കൊത്തിയെടുത്ത കൈകൾ ആരുടേതാവും. അലമാരയ്ക്ക് അവളേക്കാൾ പൊക്കമുണ്ട്. ഉള്ളിൽ പഴമയുടെ ഗന്ധം നിറഞ്ഞു നിൽക്കുന്ന എട്ടു കള്ളികൾ. അടപ്പിനു പിറകിൽ ആരുടെയും ശ്രദ്ധയിൽ പെടാതെ ഒരു കറുത്ത പൊട്ട്. അവളത് നഖം കൊണ്ടു നുള്ളിയെടുത്തു. പൊടിപിടിച്ച് മങ്ങിയതാണെങ്കിലും ഈ പൊട്ടിന് ഒരു നെറ്റിയുടെ കഥ പറയാനുണ്ടാവും എന്ന ചിന്ത അവളുടെ മുഖത്തൊരു പുഞ്ചിരി വരച്ചു. ചൂണ്ടുവിരലിനറ്റത്ത് ഒട്ടിച്ച പൊട്ടുമായി അവൾ അയാളുടെ അടുത്തേക്കു ചെന്നു.

“നോക്കിയേ. സാറെ ഓർമ്മയുണ്ടോ ഈ പൊട്ട് ആരുടെ മുഖത്തെയാണെന്ന് ?”

വൃദ്ധന്റെ വിളർത്തു വെളുത്ത മുഖത്ത് തുടുപ്പ് പടർന്നു. പ്രിയപ്പെട്ട ആരെയോ ചേർത്തുപിടിക്കുന്നതു പോലെ അയാൾ ആ കുഞ്ഞു പൊട്ടിനെ കൈ വെള്ളയിൽ വെച്ച് നെഞ്ചോടു ചേർത്തു. മരണം കാവൽ നിന്ന മിഴികളിൽ സന്തോഷവും സങ്കടവും ഇരമ്പിയാർക്കുന്നത് ജെസ്സി തിരിച്ചറിഞ്ഞു.

“അവളുടെ ഓർമ്മകളേയും അടയാളങ്ങളെയും ഒക്കെ എടുത്തുകളഞ്ഞു എന്റെ മക്കള്. പക്ഷെ ആരുടേം മുന്നില് തോൽക്കാത്ത പെണ്ണാ അവള്. ഇടക്കിങ്ങനെ എന്തേലും ഇട്ടു തരും. എന്നോട് മിണ്ടാൻ .”

“ഈ അലമാര ആരുണ്ടാക്കീതാ സാറേ? എന്താ ഭംഗി ഈ കൊത്തുപണികൾക്കൊക്കെ !”

ഉള്ളിൽ നിറയാൻ തുടങ്ങിയ വിങ്ങലിനെ ഒളിപ്പിച്ച് ജെസ്സി വിഷയം മാറ്റി. സാറിന്റെ വിഷമം പറച്ചില് പുറത്ത് കേട്ടാൽ മതി ലീനച്ചേച്ചി ഉറഞ്ഞു തുള്ളും. വെളുത്തു ചീർത്ത ആ ശരീരം മുഴുവൻ നാവും ചെവികളും ആണ്. വായ അനങ്ങുന്നില്ലെങ്കിലും ആ ശരീരം പോകുന്ന വഴിയെല്ലാം കുറ്റപ്പെടുത്തലുകൾ വീണ് നിറയുന്നത് പോലെ ജെസ്സിക്ക് തോന്നാറുണ്ട്.

വൃദ്ധന്റെ കണ്ണുകളിൽ അലമാരയുടെ പ്രതിബിംബം മാഞ്ഞു പോവുന്നതും അവിടെയൊരു മുട്ടൻ പ്ലാവ് നെഞ്ചുവിരിച്ചു നിൽക്കുന്നതും അവൾ കണ്ടു. പ്ലാവിന്റെ തണുത്ത തണലിലേക്ക് അയാൾ നടന്നു കയറുന്നത് ജെസ്സി അറിഞ്ഞു.

“വടക്കെ വേലിക്കലെ പ്ലാവാരുന്നു. രണ്ടാമത്തോനെ പെറ്റ് എണീറ്റ് വരുമ്പളയ്ക്കും തുണികള് വെക്കാൻ ഒരലമാര വേണം ന്ന് അവൾക്കൊരു പൂതി. മരം നെലത്ത് വീണ അലർച്ചേല് ചങ്ക് പെടച്ചു. എന്നാലും അവൾടൊരു ആഗ്രഹല്ലേ. കുട്ടനാശാരീം രണ്ട് വാല്യക്കാരും കൂടി നാലാഴ്ച ഇരുന്നു പണിതു. പത്താള് ഒത്തു പിടിച്ചിട്ടാ അറേലിക്കെത്തിച്ചത്.”

“എന്നിട്ട്? അമ്മച്ചിക്ക് ഇഷ്ടപ്പെട്ടാരു

ന്നോ? എന്തു പറഞ്ഞു?''

ജെസ്സി അലമാരയുടെ നെറ്റിയിലെ പൂവ് തുടക്കാൻ ഒരു സ്റ്റൂൾ എടുത്തിട്ട് കയറി നിന്നു.

''പെറ്റ് എണീറ്റ് വന്ന പെണ്ണ് അലമാരടെ ചന്തം കണ്ട് സന്തോഷിച്ചു. ഒരു രാത്രി മുഴുവൻ തുണി ഒതുക്കലേർന്നു. ആ സന്തോഷത്തിലാ മൂന്നാമത്തോന്റെ പുറപ്പാട്.''

വൃദ്ധൻ ഓർത്തോർത്തു ചിരിച്ചു. ചിരി ചുമയായി. ട്യൂബിലൂടെ മൂത്രം ഒഴുകി വീഴാൻ തുടങ്ങി. ജെസ്സി സ്റ്റൂളിൽ നിന്നിറങ്ങി നെഞ്ചു തടവിക്കൊടുത്തു. വൃദ്ധൻ കണ്ണടച്ചു കിടന്നു. അലമാരയിൽ തുണികൾ നിറഞ്ഞു കൂടിയിരുന്ന കാലം കൺമുന്നിൽ കാണാം. എത്ര ഒതുക്കിവെച്ചാലും കുസൃതിയോടെ പുറത്തേക്കെത്തി നോക്കുന്ന പാവാടക്കയറുകളും ട്രൗസർ വള്ളികളും. കള്ളികളിലെ മഴവിൽ നിറങ്ങൾ. കൂറഗുളികയുടെ മണം. അകലെയെവിടെയോ നിന്ന് മകന്റേയും മരുമകളുടേയും ബഹളം. അവരും അവരുടെ സംസാരവും അകലങ്ങളിലേക്കു നീങ്ങാൻ തുടങ്ങിയിട്ട് കുറേ കാലമായി.

''അനാവശ്യം പറയല്ലേ ചേച്ചീ. എനിക്ക് വല്യപ്പനെ പോലാ സാറ്. ഇന്നേവരെ ഒരു വേണ്ടാത്ത നോട്ടം പോലും...''

ജെസ്സിയുടെ ശബ്ദം വിറയ്ക്കുന്നുണ്ട്. മകൻ വൃദ്ധന്റെ മുറിയിലേക്കു കയറിവന്നു. അവന്റെ അമ്മ മരണപ്പെട്ടതിന്റെ മൂന്നാം നാളിലാണ് ഇതിനു മുൻപ് വന്നത്. തങ്ങളുടെ കിടപ്പുമുറിയിലെ കാഞ്ഞിരക്കട്ടിലിൽ നിന്നും ഒരു ചെറിയ കട്ടിലിലേക്കും ഈ ചായ്പുമുറിയിലേക്കും ഒഴിവാക്കപ്പെട്ടതിന്റെ പ്രതിഷേധത്തിലായിരുന്നു അന്നയാൾ. കനത്ത കാൽവെപ്പുകളോടെ മുറിയിൽ നടന്ന മകൻ ഒന്നും പറഞ്ഞില്ല, അയാളും. പിന്നീടുള്ള ദിവസങ്ങളിൽ ആ മുറിയിലെ നിരവധി പാഴ്വസ്തുക്കൾക്കിടയിൽ അവയിലൊന്നിനെ പോലെ മൗനത്തിലാണ്ട് അയാളും കിടന്നു. ജെസ്സി വരുന്ന പ്രഭാതങ്ങളിൽ ആ മുറിയിലെ വസ്തുക്കൾ തിളങ്ങുകയും സംസാരിക്കുകയും ചെയ്യും. കയ്യിലെ തുടപ്പുതുണി കഴുകിവിരിച്ച് അവൾ യാത്ര പറയുന്നതോടെ വെയിൽ പോലും എത്തിനോക്കാൻ മടിക്കുന്ന ആ മുറിയിൽ മൂകതയുടെ ഇരുട്ട് വീണു തുടങ്ങും. ഇരുട്ടിന്റെ നൃത്തം വെക്കൽ വൃദ്ധന് വലിയ ഇഷ്ടമാണ്. അവിടെ അയാളൊരു രാജാവാകും. മുറിയിലെ പഴയ വീട്ടുസാധനങ്ങൾ അയാളോട് സംസാരിക്കാനെത്തും. പഴയ ചാരുകസേര പത്രവിശേഷങ്ങൾ പറയും, ഊൺമേശ ചായ മണം പരത്തും. അലമാരയിൽ നിന്നും ഒഴുകിവരുന്ന അലക്കുമണത്തിൽ പെട്ട് അയാൾ കുളക്കടവിലെത്തും. വെള്ളത്തിൽ തുടിച്ചു നീന്തുന്നതിന്റേയും അലക്കുന്നതിന്റേയും ശബ്ദമിശ്രണത്തിൽ പെട്ട് അയാളിരിക്കും.

മകൻ അനക്കമില്ലാതെ നടന്നുപോയി മൊബൈൽ ക്യാമറയിൽ അലമാരയുടെ ഫോട്ടോ എടുക്കുന്നത് അയാൾ കണ്ടു. നെഞ്ചിലൂടെ ഒരു വേദന മിന്നിമാഞ്ഞു. രണ്ടാഴ്ച മുൻപ് ഇതുപോലെ കയറിവന്നത് മരുമകളായിരുന്നു. അവൾ ഫോട്ടോയെടുത്തു പോയ തേക്കിന്റെ ടീപ്പോയി പിന്നീട് അപ്രത്യക്ഷമായി.

''ഒരു ആപ്പുണ്ട് സാറെ. നമ്മൾക്ക് വേണ്ടാത്ത വസ്തുക്കൾടെ ഫോട്ടോയും വിലയും അതിലിട്ടാ മതി. വേണ്ടവര് ധാരാളം ഉണ്ടാവൂലോ. അവര് പെട്ടെന്ന് വാങ്ങും. ലീനച്ചേച്ചി പറഞ്ഞാരുന്നു. കുറെ സാധനങ്ങള് വില്ക്കാനുണ്ട് എന്ന്. അതിനു വേണ്ടിയാരിക്കും''

പല ആംഗിളുകളിലുമുള്ള ഫോട്ടോകൾ എടുത്ത് മകൻ തിരിച്ചുപോകുമ്പോൾ ഒരുപാട് ചോദ്യങ്ങൾ നിറഞ്ഞ കണ്ണുമായി വൃദ്ധൻ കിടന്നു. അന്നു രാത്രിയിൽ അയാളൊരു സ്വപ്നം കണ്ടു. മുറിയിലെ സാധനങ്ങളെല്ലാം വരിയായി മകന്റെ മൊബൈൽ ഫോണിലെ ആപ്പിലേക്ക് കയറിപ്പോകുന്നു. ഒഴിഞ്ഞ മുറിയിൽ വെളിച്ചം ഒരു ചുഴലിയായി മാറി. അതയാളെ ചുഴറ്റിയെടുത്ത് വലിച്ചെറിഞ്ഞു. നടുതല്ലി വീണ പോലെ നിലവിളിച്ച് വൃദ്ധൻ എഴുന്നേറ്റു. ദൂരെ നിലാവ് പൊഴിക്കുന്ന ചന്ദ്രനെ വലംവെക്കുന്ന ഒരു പെൺരൂപം അയാൾ വ്യക്തമായി കണ്ടു. ''മോളെ'' എന്നു വിളിക്കാനാഞ്ഞ മുഖവുമായി അയാൾ താഴെ വീണു. പിറ്റേന്ന് രാവിലെ ജെസ്സി വന്നു തൊട്ടപ്പോഴേയ്ക്കും ആ ദേഹം മരവിച്ചു പോയിരുന്നു. ചുരുട്ടിപ്പിടിച്ച വലതുകൈയിലെ കടലാസ് അവൾ നിവർത്തി നോക്കി. അതിലെ അക്ഷരങ്ങൾ വലിയൊരു സങ്കടക്കാറ്റായി അവളിൽ നിറഞ്ഞു.

''നാരായണൻകുട്ടി, വയസ്സ് 75, പെൻഷനുണ്ട്. ആവശ്യക്കാർ സമീപിക്കുക.''

■ കവിത

# നീയിപ്പോഴും...




ദീപ സന്തോഷ്
9745649599

നീയിപ്പോഴും...
കവിതയുടെ കനം തൂങ്ങുന്ന കാറ്റത്ത്
ഒറ്റക്ക് നിൽക്കാറുണ്ടോ?
ഓർമ്മക്കടച്ചിലിൽ പുളയുന്ന പനിനീർ പൂവിന്റെ
ഇതളിൽ മഞ്ഞുതുള്ളികൾ തേടാറുണ്ടോ?
മൗനത്തിന്റെ നിശ്ചയദാർഢ്യത്തിനുമുന്നിൽ
ഉത്തരമില്ലാതെ അലയാറുണ്ടോ?
വിഷാദക്കടലിന്റെ മാറത്തൊളിച്ച
സ്നേഹക്കല്ലറയിൽ
വിതുമ്പി നിൽക്കാറുണ്ടോ?
വെളിച്ചം കുറഞ്ഞ ഇഷ്ടങ്ങൾക്കുമേൽ
കറുത്ത കരിമ്പടം പുതപ്പിക്കാറുണ്ടോ?
നീരുവറ്റിത്തീർന്ന ഉറവതന്നോരത്ത്
അനാഥമായ വേരുകൾക്കിടം കൊടുക്കാറുണ്ടോ?
തലക്കെട്ടില്ലാത്ത ഓർമ്മകൾക്കറ്റത്തെ
പൊരുളിനായ് അർത്ഥങ്ങൾ മെനയാറുണ്ടോ?
ഉണ്ടെന്നുമില്ലെന്നും മൊഴിയുവാനാവാത്ത
വാക്കിന്റെയുൾക്കനം നീറ്റാറുണ്ടോ?

# മണ്ണിന് ജീവൻ കൊടുക്കുന്നവർ

## നോവൽ - അദ്ധ്യായം ഒന്ന്

## ഒരു വെടിക്ക് രണ്ടു പക്ഷി !



ടി. കെ. ഉണ്ണികൃഷ്ണൻ
6238274025

**ഇ**ന്ന് വ്യാഴാഴ്ചയാണ് ശ്രീ ഗുരുവായൂരപ്പന്റെ ദിവസം. കുളി കഴിഞ്ഞു. മരം കൊണ്ടുണ്ടാക്കിയ ചെറിയ ഒരു അമ്പലം ചുമരിൽ തൂക്കിയിട്ടുണ്ട്. ശ്രീകൃഷ്ണ വിശ്വാസിയായതിനാൽ അമ്പലത്തിൽ കൃഷ്ണന്റെ ഭംഗിയുള്ള ഒരു പ്രതിമയും ഗുരുവായൂരപ്പന്റെ ഫോട്ടോയും പൂജാസാമഗ്രികളും വളരെ ഭംഗിയായി ഭാര്യ വെച്ചിട്ടുണ്ട്. അവൾ ബാംഗ്ലൂരിലുള്ള മക്കളുടെ അടുത്തേക്ക് പോയിരിക്കുകയാണ്.

ഗ്ലാസ്സുകൊണ്ടുണ്ടാക്കിയ വാതിൽ തുറന്ന് വിളക്കിൽ എണ്ണയൊഴിച്ച് തിരിയുമിട്ട് കത്തിച്ചു. ചന്ദനത്തിരിയും കൊളുത്തിവച്ച് ഭഗവാനോട് പ്രാർത്ഥിച്ചു. എത്രയോ കാലമായി മനസ്സിൽ കിടന്ന് കളിക്കുന്ന ഒരു കഥ എഴുതുവാനുള്ള കഴിവ് തരണേ എന്ന് വീണ്ടും പ്രാർത്ഥിച്ച് തൊഴുതു.

എനിക്ക് ഗുരുവായൂരപ്പനിലാണ് വിശ്വാസം. കുട്ടിക്കാലത്ത് അമ്മ പല ക്ഷേത്രങ്ങളിലും കൊണ്ടുപോകാറുണ്ട്. അവിടെ ഏത് പ്രതിഷ്ഠയായാലും ഗുരുവായൂരപ്പാ രക്ഷിക്കണേ എന്നേ പ്രാർത്ഥിക്കാറുള്ളൂ. ഏകദൈവവിശ്വാസിയായി മാറിപ്പോവുകയായിരുന്നു ഞാൻ. ലോകത്തെ നയിക്കുന്ന ഒരു ശക്തിയുണ്ട് എന്ന് പറയാതെ ആർക്കും ഒഴിഞ്ഞുമാറാൻ കഴിയില്ല. ദൈവം ഇല്ല എന്ന് വാദിക്കുന്നവർ പോലും ഉള്ളിന്റെയുള്ളിൽ ഒരു ശക്തിയെ മാനിക്കുന്നുണ്ട്. നിരീശ്വരവാദിയായ ഒരു വലിയ എഴുത്തുകാരന്റെ ഡൽഹിയിലുള്ള വീട്ടിൽ ഞങ്ങൾ കുറച്ചുപേർ പോയപ്പോൾ കണ്ടത് ഹാളിൽ വലിയൊരു യേശുക്രിസ്തുവിന്റെ ഫോട്ടോ അലങ്കരിച്ചു തൂക്കിയതാണ്. അതിനെ പറ്റി ചോദിക്കാനോ തർക്കിക്കാനോ നിന്നില്ല കാരണം കേരള സമാജത്തിന്റെ ഒരു പരിപാടിക്ക് ക്ഷണിക്കാൻ ചെന്നതായിരുന്നു. ആ കാര്യം നേടിയെടുക്കാനായിരുന്നു ഞങ്ങളുടെ ലക്ഷ്യം. അല്ലെങ്കിലും ഈ ലോകത്ത് കാര്യങ്ങൾ നേടാൻ താഴ്ന്ന് നിൽക്കുന്നതാണ് ഗുണം ചെയ്യുക. കാര്യം സാധിച്ചാൽ പിന്നെ കുറ്റങ്ങൾ നിരത്താം, വിമർശനം നടത്താം, കൊള്ളരുതാത്തതൊക്കെ വിളിച്ചുപറയാം.

ഞാൻ പേനയും കടലാസും എടുത്തുവെച്ചു. ചെറുകഥകൾ ഞാൻ എഴുതാറുണ്ട്. എന്നാൽ ഇത് ചെറുകഥയല്ല ഇതിൽ എത്രയോ കഥാപാത്രങ്ങളുണ്ട്, മാറിമാറിവരുന്ന ഭരണങ്ങളുണ്ട്, വിയർപ്പിന്റേയും സെന്റിന്റേയും മണമുണ്ട്, കൂരയുടേയും മാളികയുടേയും നിറമുണ്ട്, വേദനയും അട്ടഹാസവും ഉണ്ട്, ചതിയും നഗ്നതയും ഉണ്ട്, ആഘോഷങ്ങളും അഭിലാഷങ്ങളും ഉണ്ട്.

കോളിംഗ് ബെൽ ശബ്ദം കേട്ടപ്പോൾ ഞാൻ വാതിൽ തുറന്നു. മുകളിൽ വാടകയ്ക്ക് താമസിക്കുന്ന രാധികയാണ്. അവർക്ക് ഫ്രിഡ്ജ് ഇല്ലാത്തതിനാൽ പലതും ഞങ്ങളുടെ ഫ്രിഡ്ജിലാണ് വയ്ക്കാറ്. എന്തോ എടുക്കാനോ വെക്കാനോ ആവാം, അവൾ അകത്തേക്ക് പോയി. ഒരു കൊല്ലമായി അവളും ഭർത്താവ് ജയേഷും ഞങ്ങളുടെ കുട്ടികളെ പോലെ ജീവിക്കുന്നു. അവരുള്ളതുകൊണ്ട് ഭാര്യ ഇല്ലാത്തപ്പോഴും ഒറ്റപ്പെടുന്നതായി തോന്നീട്ടില്ല എങ്കിലും വീട്ടിലെ മൗനം പൂണ്ട ചുമരുകളും കാറ്റിലാടുന്ന കലണ്ടറുകളും തുറിച്ചുനോക്കുന്ന ക്ലോക്കും എന്നെ ഭയപ്പെടുത്തി. പൊടി തട്ടാത്ത സോഫയും ചെളിപുരണ്ട മണമില്ലാത്ത പ്ലാസ്റ്റിക് പൂക്കളും മാറാല പിടിച്ച ജനലുകളും ഭാര്യ വരുന്നതും കാത്തു കിടക്കുമ്പോൾ രുചിയുള്ള ഭക്ഷണത്തിനുവേണ്ടി ഞാൻ കാത്തിരുന്നു. എഴുത്തു നിർത്തുകയാണ്. ഭക്ഷണം ഉണ്ടാക്കണം, പണിക്കാരി വരുന്നതിനുമുമ്പ് കഴുകാനുള്ള തുണികൾ ബക്കറ്റിൽ നിറയ്ക്കണം, സിംഗ് നിറയെ പാത്രങ്ങൾ കിടപ്പുണ്ട്. അത് വെള്ളമൊഴിച്ചിടണം. അങ്ങിനെ ഒരുപാട് പണികൾ...

ഒരുവിധം പണിയെല്ലാം കഴിഞ്ഞ് ഉമ്മറത്ത് വന്നപ്പോൾ ജയേഷ് ജോലിക്ക് പോകാൻ ബൈക്ക് സ്റ്റാർട്ട് ചെയ്യുകയാണ്. എന്നെ കണ്ടപ്പോൾ ഒന്ന് ചിരിച്ചുകൊണ്ട് ചോദിച്ചു ഒറ്റയ്ക്ക് ബോറടിക്കുന്നുണ്ടോ ? മറുപടി ഞാനും ഒരു ചിരിയിലൊതുക്കി. വാതിൽ പൂട്ടി ഒരു കൈയിൽ ടിഫിനും മറു കൈയിൽ വാനിറ്റി ഭാഗുമായി രാധിക ഓടിയെത്തി. ബൈക്കിന്റെ പിന്നിൽ കയറി ഇരിക്കുമ്പോൾ അവൾ പറഞ്ഞു അങ്കിൾ, വൈകുന്നേരം ഗേറ്റ് പൂട്ടല്ലേ ഞങ്ങൾ വരാൻ വൈകും. ബൈക്ക് റോഡിലേക്ക് ഇറക്കിയപ്പോൾ രാധിക ഒരു കൈ കൊണ്ട് ബാഗും മറ്റേകൈ കൊണ്ട് അയാളുടെ ശരീരത്തേയും വരിഞ്ഞുപിടിച്ചു. അയാളുടെ മുഖത്ത് ഒരു സംതൃപ്തി ഞാൻ കണ്ടു. ബൈക്കിന് വേഗത കൂടി. അവർ കണ്ണിൽ നിന്നും മറയും വരെ ഞാൻ നോക്കിനിന്നു. അപ്പോഴാണ് പണിക്കാരിയുടെ വരവ്. അകത്തെ പണി ചെയ്യാൻ ഞാൻ പിറകിലെ വാതിൽ തുറക്കാൻ പോയി. അതിലേയാണ് അവളുടെ സ്ഥിരം വരവ്. അല്പസ്വല്പം മോഷ്ടിക്കുന്ന സ്വഭാവമുണ്ട് അവൾക്ക്. എങ്കിലും ഭാര്യയെ പോലെ പിറകിൽ നടക്കാൻ എനിക്ക് പറ്റുമോ? ഏതായാലും ഈയിടെയായി അവൾക്ക് സന്തോഷമാണ്. എന്തെങ്കിലും കാണിച്ച് പോയാൽ മതിയ

ല്ലോ, ചോദിക്കാനും പറയാനുമുള്ള ആളില്ലല്ലോ.

അദ്ധ്വാനിക്കുന്നവർക്ക് വേണ്ടി പൊരുതുന്ന എത്രയോ നേതാക്കളുള്ള നമ്മുടെ നാട്ടിൽ അദ്ധ്വാനിക്കുന്നവർ ഇല്ലാതെയായി. അങ്ങിനെയല്ല പറയേണ്ടത് ഇല്ലാതെയാക്കി. ശമ്പളം കൂട്ടാൻ മുറവിളികൾ കൂട്ടുമ്പോൾ ആത്മാർത്ഥമായി പണിയെടുക്കണം എന്ന് ഒരു നേതാവും പറഞ്ഞു കേട്ടിട്ടില്ല. മെനക്കിടാതെ പണം നേടിയെടുക്കണം എന്ന പ്രവണത വളർന്നുകഴിഞ്ഞു.

തിരികെ വന്ന് ഇരുന്നപ്പോൾ രാധികയും ജയേഷും മനസ്സിലേക്ക് കടന്നുവന്നു. രണ്ടുപേരും ജോലിക്ക് പോകുന്നു. എത്ര തിരക്ക് പിടിച്ച ജീവിതം ! ഒന്നിനും സമയമില്ല ത്രെ. ഞാൻ എന്റെ യുവത്വത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കി... അന്ന് രാജസ്ഥാനിലായിരുന്ന കാലത്ത് ജോലി കഴിഞ്ഞുവരുമ്പോൾ ചായയും പലഹാരങ്ങളും തരാൻ കാത്തിരിക്കുന്ന ഭാര്യ. വീട്ടുജോലികൾക്കു പുറമെ കുട്ടികളുടെ പഠിത്തം മുഴുവൻ ശ്രദ്ധിക്കുന്നത് അവളാണ്. ഞങ്ങൾക്ക് വേണ്ട സെറ്ററുകളും പിന്നെ ചെറിയ തുന്നൽ പണികളും അവൾ ചെയ്തിരുന്നു. അങ്ങനെ ഒരായിരം പണികൾ. അതിനിടയിൽ ക്ലബ്ബിലേയും മലയാളി സമാജത്തിന്റേയും പരിപാടികൾക്ക് അവൾ മുമ്പിൽ ഉണ്ടാവും. എന്റേയും കുട്ടികളുടേയും സ്നേഹിതർ ഗ്രൂപ്പുകളായി വരുമ്പോൾ അവരെ സൽക്കരിക്കുന്നതിനും പിന്നെ അവളുടെ കിറ്റി പാർട്ടികൾക്കും എല്ലാറ്റിനും അവൾ സമയം കണ്ടെത്തിയിരുന്നു.

ഇന്ന് ഒന്നിനും സമയമില്ലാത്ത യുവാക്കൾ... എന്റെ കുട്ടികളും പറയാറുണ്ട്, രണ്ടുപേർക്കും ജോലിയില്ലെങ്കിൽ ഇന്നത്തെ കാലത്ത് ജീവിക്കാൻ വയ്യ എന്ന്. ഇന്ന് ലിവിങ് സ്റ്റാൻഡേർഡ് വളർന്നിരിക്കുന്നു. വളർന്നുവന്ന ലിവിങ്ങ് സ്റ്റാൻഡേർഡ് എന്താണ് എന്ന് ഞാൻ ചിന്തിച്ചു. താമസിക്കാൻ ആൾ കുറഞ്ഞാലും കടംവാങ്ങി ഉണ്ടാക്കുന്ന വലിയ വീട്, അത് നിറയെ ഫർണീച്ചർ, ആവശ്യത്തിലും അധികം വാഹനങ്ങൾ, രോഗങ്ങൾ തരുന്ന ഉപകരണങ്ങൾ എന്നിട്ടോ ലിവിങ്ങ് സ്റ്റാൻഡേർഡ് വർദ്ധിപ്പിക്കുന്ന തിരക്കിൽ മനസമാധാനമായി ജീവിക്കാൻ മറന്നുപോകുന്നു. അതിനായുള്ള ഓട്ടത്തിൽ ആത്മഹത്യകളും അപരാധങ്ങളും കൂടുന്നു. യുവജനം ലഹരിയ്ക്ക് അടിമയാകുന്നു. പെട്ടെന്നാണ് മനസ്സ് മന്ത്രിച്ചത്... നീ എവിടെയാണ്, എന്തുകൊണ്ട് കഥയിലേക്ക് കടക്കുന്നില്ല എന്ന്. ശരിയാണ് എനിക്ക് എഴുതാനുള്ളത് ഇതൊന്നുമല്ല. എന്റെ കഥയിലെ പ്രധാന കഥാപാത്രത്തിന്റെ രംഗപ്രവേശനം വേണം ആദ്യം എഴുതാൻ. അയാൾ നിങ്ങളുടെ ഓർമ്മയിൽ നിലനിൽക്കണം. ആ കഥാപാത്രമാണ് നാണപ്പ. നാണപ്പ കുളിച്ച് ഈറൻ മാറുകയാണ്. കരയുള്ള മുണ്ട് എടുത്ത് ചുറ്റി, കഴുത്തുവരെ ഇറങ്ങി കിടക്കുന്ന ചുരുണ്ട മുടി ഒന്നുകൂടി ഒതുക്കി, ചെറിയ വേഷ്ടി മടക്കി തോളിലിട്ടു. വെളുത്ത നീണ്ട ശരീരം, അല്പം കുടവയറുണ്ട്. വടിച്ചുമിനുക്കിയ മുഖത്ത് ഒരു പുഞ്ചിരി എപ്പോഴും നിഴലിച്ചുനിൽക്കും. നാണപ്പയ്ക്ക് അമ്മയും അച്ഛനും ഇല്ല. അവർ അയാളുടെ കുട്ടിക്കാലത്തു തന്നെ മരിച്ചിരുന്നു. വകയിൽ പെട്ട അമ്മാമ്മയായ ഒരു ആധാരം എഴുത്തുകാരൻ ഗോപാലമേനോൻ ആയിരുന്നു നാണപ്പയെ വളർത്തിയത്. ഇന്നലെവരെ അദ്ദേഹത്തിന്റെ അസിസ്റ്റന്റ് ആയിരുന്നു നാണപ്പ. ഇന്ന് അത് മാറുകയാണ്. ഇംഗ്ലീഷുകാരുടെ കാലമായതിനാൽ എല്ലാറ്റിലും അച്ചടക്കവും വേണ്ടവരോട് ബഹുമാനവും കാണിക്കാനുള്ള വിദ്യ നാണപ്പ ഗോപാലമേനോനിൽ നിന്ന് കരസ്ഥമാക്കിയിരുന്നു. ഇന്ന് നാണപ്പ പുതിയ ലോകത്തേക്ക് കാൽ വെക്കുകയാണ്, ഉയർച്ചയുടെ ആദ്യത്തെ പടിയിലേക്ക്... ഒരുപാട് സ്വപ്നങ്ങൾ അയാൾക്കുണ്ട്. ഓരോന്നോരോന്നായി നേടിയെടുക്കണം. എത്രയോ പേർ സ്വപ്നംകണ്ട സ്ഥാനമാണ് കൈയിൽ കിട്ടിയിരിക്കുന്നത്.

തത്തേടത്തു മനക്കലെ ഒന്നാം കാര്യസ്ഥൻ കണ്ണൻ മേനോന്റെ ഏഴാമത്തെ അസിസ്റ്റന്റായ അമ്മാവൻ കണ്ണൻ മേനോനോട് നാണപ്പയെ കുറിച്ച് പറഞ്ഞുവെച്ചിട്ട് കുറേ മാസമായിട്ടുണ്ടെങ്കിലും കണ്ണൻ മേനോന്റെ കണ്ണുതുറന്നത് ഇപ്പോഴാണ്. ഇന്നലെ കണ്ണൻ മേനോൻ പണികൾ പറഞ്ഞു നിർദ്ദേശങ്ങൾ തരുമ്പോൾ നാണപ്പയുടെ മനസ്സ് കണ്ണൻ മേനോന്റെ കസേരയിലേക്കായിരുന്നു. ആ സ്ഥാനം കൈക്കലാക്കണം. ഉയർന്നവന്റെ കസേര കൈക്കലാക്കാൻ അവന്റെ കാലടി വരെ താഴ്ന്നുനിൽക്കണമെന്ന് നാണപ്പയ്ക്കറിയാം. മറ്റുള്ളവരുടെ പരദൂഷണം, മയത്തിൽ പറഞ്ഞ് അയാളുടെ വിശ്വാസം ഉറപ്പാക്കണം. എന്തു വക കെട്ടതും ചെയ്യാൻ ശീലമാക്കണമെന്നും അയാൾക്കറിയാം. പിന്നെ തരം നോക്കി ഒറ്റവലിക്ക് കസേരയിൽ ഇരിക്കണം. തിരിഞ്ഞുനോക്കാൻ പോലും മറ്റൊരാൾക്ക് തരപ്പെടരുത്. തന്നെ ജയ് വിളിക്കാൻ അണികൾ നിരത്തിയിരിക്കണം. കോടിക്കണക്കിന് സ്വത്തുള്ള മനയാണ് തത്തേടത്ത് മന. ആ മനയിലെ പ്രധാന കാര്യസ്ഥനാണ് കണ്ണൻ മേനോൻ. മനക്കൽ ഒരു ഈച്ച ഇളകുന്നതുപോലും കണ്ണൻ മേനോന്റെ അറിവോടെയാണ്. തടിച്ച് കറുത്ത്, നീളം കുറഞ്ഞ മുടി മുകളിലേക്ക് കെട്ടിവെച്ച് അയാൾ കുടവയറും കുലുക്കി കഴുത്തിൽ മണി മാലയും ഒരു കൈക്കൽ ഓലക്കുടയും മറ്റേ കൈക്കൽ സ്വർണ്ണം കെട്ടിയ വടിയുമായി നടക്കുമ്പോൾ അല്പം അഭംഗിയുണ്ടെങ്കിലും നെറ്റിയിൽ വരച്ച ചന്ദന പൊട്ടും അതിന്റെ നടുക്ക് സിന്ദൂരപൊട്ടും മുറുക്കിച്ചുവപ്പിച്ച ചുണ്ടും തോളിൽ കിടക്കുന്ന കസവ് വേഷ്ടിയും പിന്നിൽ ഓച്ഛാനിച്ചുനടക്കുന്ന അസിസ്റ്റന്റ് കാര്യസ്ഥന്മാരും ആകുമ്പോൾ ആരുമൊന്ന് ശ്രദ്ധിക്കും. വഴിയിൽ വരുന്ന കീഴ്ജാതിക്കാർ അമ്പത് അടി ദൂരത്തേക്ക് ഓടും, മാപ്പിളമാർ തലയിൽ കെട്ടെടുത്ത് കക്ഷത്ത് വെയ്ക്കും. നായന്മാർ മനയ്ക്കലെ ജോലിക്കുവേണ്ടി അപേക്ഷകൾ നടത്തും.

തത്തേടത്ത് മനയിലെ വലിയ തിരുമേനിക്കും ചെറിയ തിരുമേനിമാർക്കും കണ്ണൻ മേനോനോട് ചോദിക്കാതെ ഒരു കാര്യവുമില്ല. പാട്ട

ക്കാർ നെല്ല്, നേന്ത്രക്കായകൾ, പച്ചക്കറികൾ, തേങ്ങ എന്നുവേണ്ട എല്ലാം എത്തിക്കുന്നത് കണ്ണൻ മേനോന്റെ മനയിലേക്കാണ്. മനയിലേക്ക് വേണ്ടത് കൊടുത്തയച്ചതിന്റെ ബാക്കി വിറ്റ്, കിട്ടുന്ന പണം തിരുമേനിയെ ഏല്പിക്കുമ്പോൾ കണക്ക് ചോദിക്കാറില്ല. വലിയ തിരുമേനി എപ്പോഴും പറയും കണ്ണൻ എനിക്ക് മകനെപ്പോലെയാണ്, അവൻ വിശ്വസ്തനാണ് എന്ന്. ആ കാരണമാണല്ലോ തിരുമേനിമാരുടെ വേഴ്ച പോലും കണ്ണൻ മേനോന്റെ അറിവോടെ നടക്കുന്നത്.

ഇന്ന് കാലം മാറിയിരിക്കുന്നു എന്ന് എല്ലാവരും പറയുന്നു. ടിവിയിലും സിനിമയിലും യുവതികൾ വസ്ത്രം നാമമാത്രമായിരിക്കുന്നു. ക്ലബ്ബുകളിലും ഡിസ്കോ സെറ്റുകളിലും നാരി നഗ്നതയിൽ അഴിഞ്ഞാടുന്നു. എല്ലാം കണ്ട് ജനം രസിക്കുന്നു എന്നിട്ട് കാലത്തെ പഴി പറയുന്നു. കണ്ണൻ മേനോൻ ഉണ്ടായിരുന്നെങ്കിൽ ഈ കാലത്തെപ്പറ്റി പറയുന്നവരോട് പറയുമായിരുന്നു ഇതൊന്നും നഗ്നതയല്ല, തന്റെ കാലത്ത് മനകളിൽ ബ്ലൗസും ബ്രായും കൂടി ഇല്ലാതെ മാറിടവും വയറും കാട്ടി സ്ത്രീകൾ തിരുമേനിമാരെ ഉരുമ്മി നടന്നിരുന്നു എന്ന്. കാച്ചിയ എണ്ണയുടെ സുഗന്ധത്തോടെ നീണ്ട അഴിച്ചിട്ട മുടിയുടെ ഭംഗിയോടെ ആത്തോലമാരെ ആനന്ദിപ്പിക്കാനും തിരുമേനിമാരെ പ്രീണിപ്പിക്കാനും കൈകൊട്ടിക്കളിയും കോൽക്കളിയും നടത്തി നഗ്നതയുടെ ലഹരിയിൽ അന്തരീക്ഷം മയക്കിയെടുത്തിരുന്നു. രാവിലെ ഉമിക്കരിയും വെള്ളവും കൊടുക്കുന്നതുമുതൽ രാത്രി കിടക്കവിരി വിരിക്കുന്നതുവരെ തിരുമേനിമാർക്ക് സുഖം പകർന്നു. നെല്ല് കുത്ത് പുരയിലും കുളക്കടവിലും മനകളിലെ ഇരുണ്ട മുറികളിലും എത്ര തവണ പ്രണയ രംഗങ്ങൾ സെൻസർ കൂടാതെ നടന്നു. എനിക്ക് തോന്നുന്നു കാലം മാറിയിട്ടില്ല എന്ന്. കാലം അതുതന്നെ. ഇന്ന് മനയ്ക്കുപകരം ഹോട്ടലുകളാണ്, ഗസ്റ്റ് ഹൗസുകളാണ്, ബാറുകളാണ്. രൂപങ്ങൾക്കും ലഹരി സാധനങ്ങൾക്കും വ്യത്യസ്തത വന്നു. എത്രയും വേഗം മനുഷ്യനെ നല്ലൊരു വഴിയിലേക്ക് ഉയർത്തേണ്ട കാലം വൈകിയിരിക്കുന്നു.

കാലം മാറിയാലും ഇല്ലെങ്കിലും നമുക്ക് നാണപ്പയിലേക്ക് മടങ്ങാം. അയാൾ ഉമ്മറത്തേക്ക് വന്നപ്പോൾ ഒഴിഞ്ഞുകിടക്കുന്ന കസേര, അമ്മാവൻ ഓഫീസിൽ പോയി എന്നറിയിച്ചു. അയാൾ മുറ്റത്തേക്കിറങ്ങി. അമ്മായി ആടിനെ കറക്കുകയായിരുന്നു. അയാളെ കണ്ടപ്പോൾ അവർ എഴുന്നേറ്റു. അവരുടെ കാൽ തൊട്ട് നമസ്കരിച്ചു. അവരുടെ കണ്ണുകൾ നിറഞ്ഞു. അവർ അയാളെ വളർത്തിയത് സ്വന്തം മകനെപ്പോലെയാണ്. അവരുടെ എല്ലാമായിരുന്നു അയാൾ. പുതിയ ജോലിക്ക് പോവുകയല്ലേ, നീ വലിയ ആൾ ആവും എന്നവർ അയാളെ അനുഗ്രഹിച്ചു. എന്നാൽ ഞാൻ ഇറങ്ങട്ടെ എന്ന് അയാൾ പറഞ്ഞപ്പോൾ ഈ ചൂടുള്ള പാലുകുടിക്ക് എന്ന് പറഞ്ഞുകൊണ്ട് അവർ പാൽ ഗ്ലാസ്സ് നീട്ടി. അത് വാങ്ങി കുടിച്ച് വായ വേഷ്ടിയിൽ തുടച്ചുകൊണ്ട് നടന്ന നാണപ്പ ചെന്നിറങ്ങിയത് ഇടവഴിയിലേക്കാണ്. രണ്ടുവശവും പന്തലിച്ചുനിൽക്കുന്ന വൃക്ഷങ്ങളുടെ തണലിലൂടെ അയാൾ നീങ്ങി. പക്ഷികൾ വൃക്ഷങ്ങളിലിരുന്ന് കലപില ചിലക്കുന്നുണ്ടായിരുന്നു. അണ്ണകൾ മാമ്പഴം കൊത്തി ഇടവഴിയിലേക്ക് വീഴ്ത്തുന്നുണ്ടായിരുന്നു. കാട്ടുചെടികൾ പൂക്കളുമായി കാറ്റിൽ തൂങ്ങിനിൽക്കുന്നു. ഇടവഴി ചെന്നുകയറിയത് ഇടപ്പാൾ മാർക്കറ്റിലേക്കാണ്. പച്ചക്കറി കയറ്റിയ കാളവണ്ടികൾ നിറഞ്ഞിട്ടുണ്ട്. പല കടകളിലും അടയ്ക്ക, കുരുമുളക്, പുളി എന്നിവ നിറഞ്ഞുകിടക്കുന്നു. പീടിക മുറ്റങ്ങളിൽ കൊപ്ര ഉണങ്ങാൻ പരത്തിയിട്ടുണ്ട്. തുണിക്കടകളിൽ നിറപ്പകിട്ടുള്ള തുണികൾ തൂങ്ങിക്കിടക്കുന്നു. പച്ചമരുന്ന് കടകളിൽ നിന്ന് കഷായത്തിന്റേയും കുഴമ്പുകളുടേയും മണം പൊങ്ങുന്നു. പൊന്നാനിയിൽ നിന്ന് മത്സ്യ കുട്ടയുമായി ഓടിവരുന്ന മാപ്പിളമാരുടെ പാള ചെരുപ്പിന്റെ പടപടാ ശബ്ദം അലയടിക്കുന്നു. അതെല്ലാം പിന്നിട്ട് നാണപ്പ കാളവണ്ടികൾ പോയി ഉണ്ടായ വഴികളിൽ കൂടി ആലിന്റേയും ഞാവലിന്റേയും കാട്ടു മരങ്ങളുടേയും ഇടയിലൂടെ നടന്നു, കാണേണ്ട പലരേയും കണ്ടു. ഒടുവിൽ എത്തിയത് കാളച്ചാലിൽ ആണ്.

കുന്നിൻചെരുവിൽ നിന്നും പാടത്തേക്ക് ഇറങ്ങിച്ചെല്ലുന്ന സ്ഥലം ചളിക്കെട്ടിൽ. കാളവണ്ടികൾ പോയി ഉണ്ടാകുന്ന വലിയ ചാലുകൾ ഏതുകാലത്തും ഉണ്ടാവും അവിടെ. അതിനാലാണ് കാളച്ചാൽ എന്ന് പേർ വിളിക്കുന്നതും. നാണപ്പ പാടത്തേക്കിറങ്ങി. പരന്നുകിടക്കുന്ന പച്ച വിതറുന്ന നെൽച്ചെടികൾ കാറ്റിൽ ആടിക്കളിക്കുന്നു. മനയ്ക്കലിലെ പുതിയ കാര്യസ്ഥനെ സ്വാഗതം ചെയ്യുകയാണോ എന്ന് അയാൾക്ക് തോന്നി. തെക്കുഭാഗത്ത് കായലാണ്. നാഴികകൾക്കപ്പുറത്തുള്ള കുമരനെല്ലൂരിൽ നിന്ന് പുറപ്പെട്ട് കക്കിടിപ്പുറത്ത് കൂടി ഒഴുകിവരുന്ന തോട് കായലിൽ ചേരുന്നത് ഇവിടെയാണ്. നാണപ്പക്ക് പോകേണ്ടത് കക്കിടിപുറത്തേക്കാണ്. അവിടെ അസുരമഹാകാളന്റെ ക്ഷേത്രമുണ്ട്. അതും മനയ്ക്കലിന്റെ വക തന്നെ. അവിടുത്തെ പൂജാരിയെ കണ്ട് ആവശ്യങ്ങൾ അന്വേഷിക്കണം. കിഴക്കോട്ടുള്ള വരമ്പിലേക്ക് അയാൾ ഇറങ്ങിനടന്നു. വരമ്പിലൂടെ നടക്കുമ്പോൾ കണ്ണൻ മേനോനെ പോലെ കൈക്കൽ സ്വർണ്ണം കെട്ടിയ വടി ഉണ്ടായാൽ എത്ര നന്നായിരുന്നു എന്ന് അയാൾക്ക് തോന്നി. സ്വപ്നങ്ങൾ എളുപ്പത്തിൽ നേടാൻ വഞ്ചനയുടെ വഴിയാണ് നല്ലത് എന്ന് അയാൾക്ക് സംശയമില്ലായിരുന്നു. സത്യത്തിൽ കൂടി നടക്കുന്നവർക്ക് പലതും നഷ്ടപ്പെടുന്നത് കണ്ടിട്ടുണ്ട്. ഏതായാലും സത്യസന്ധനായ അമ്മാമ്മയെ അനുഗമിക്കാൻ അയാൾ തയ്യാറല്ലായിരുന്നു. അയാൾക്ക് കണ്ണൻ മേനോനാവണം. തത്തേടത്തു മനയുടെ താക്കോൽ മടിയിൽ കുത്തണം.

കക്കിടി പാലം വന്നു. ഇംഗ്ലീഷുകാർ പണിയിച്ചതാണ്. പണി നടക്കുമ്പോൾ അതിലെ നടക്കാൻ ആൾക്കാർക്ക് പേടിയായിരുന്നു. ഒരാളെ ബലി കൊടുക്കുമെന്ന ശ്രുതി നാടുമുഴുവൻ പരന്നിരുന്നു. അല്ലെ

ങ്കിലും ഒന്നുയരാൻ മറ്റൊന്നിന്റെ തകർച്ച ആവശ്യമാണ്. തത്തേടത്തു മനയിലെ പ്രധാന കാര്യസ്ഥനാവാൻ കണ്ണൻ മേനോന്റെ ബലി ആവശ്യമാണ്. ക്ഷീണിച്ചുതളർന്ന അയാൾ പാലത്തിന്റെ മുകളിൽ എത്തി താഴെ നോക്കി. തോടിന്നരികിൽ മുസ്ലിം പള്ളി കാണാം. നിസ്കാരത്തിന് വരുന്നവർക്ക് കൈകാലുകൾ കഴുകാൻ തോട്ടിലേക്ക് പടി ഉണ്ടാക്കിയിട്ടുണ്ട്. പാലത്തിന്റെ മറ്റേ അറ്റത്തെ പടികളിറങ്ങുമ്പോൾ അയാളോർത്തു, മഴക്കാലമല്ലാത്തത് നന്നായി മഴയുണ്ടെങ്കിൽ തോട് നിറഞ്ഞ് വെള്ളം പാലത്തിന്റെ രണ്ടുവശത്തു കൂടേയും ശക്തിയോടെ ഒഴുകും. മുറിച്ചുകടക്കാൻ ബുദ്ധിമുട്ടാകും. അല്പം നടന്നപ്പോൾ കക്കിടിപ്പുറം കുന്നു വന്നു. അതിന്റെ നടുക്കാണ് ക്ഷേത്രം. കുന്നിൻചെരുവിൽ എഴുത്തച്ഛന്റെ വിദ്യാലയമുണ്ട്. ആ നാട്ടിലാകെയുള്ള വിദ്യാലയമാണ് അത്. അതിന്റെ തെക്കുഭാഗത്തുള്ള വഴിയിലൂടെ ക്ഷേത്രത്തെ ലക്ഷ്യമിട്ടുനടന്നു. അല്പംകഴിഞ്ഞപ്പോൾ പാലമരവും ആൽമരവും കണ്ടു. ക്ഷേത്ര പൂജാരിയെ കണ്ടു വിവരങ്ങൾ തിരക്കിയപ്പോൾ സന്തോഷം തോന്നി. കണ്ണൻ മേനോൻ ഏൽപ്പിച്ച എല്ലാ പണികളും തീർന്നിരിക്കുന്നു. ഇനി നാളെ അയാളെ കണ്ടാൽ മതി, പുതിയ പണികൾ ഏറ്റുവാങ്ങാൻ. നല്ല വിശപ്പ് തോന്നി, അയാൾ രാവിലെ ഇറങ്ങിയതാണല്ലോ. അപ്പോഴാണ് ഒരു വളകിലുക്കം കേട്ടത്. കണ്ണുകൾ അവിടേക്ക് പോയി. കുളി കഴിഞ്ഞു വരുന്ന രണ്ട് സ്ത്രീകൾ. പിന്നിൽ നടക്കുന്നവൾക്ക് ഒരു 22 വയസ്സിൽ കൂടില്ല. മറ്റേയാൾക്കും യൗവ്വനം വിട്ടിട്ടില്ല. പിന്നിൽ നടക്കുന്നവളെ നോക്കിയതും കണ്ണുകൾ അവിടെത്തന്നെ നിന്നു. ചുരുണ്ടിറങ്ങിയ നീളമുള്ള മുടിയിൽ നിന്ന് വെള്ളം പളപളാ ഇറ്റിറ്റുവീഴുന്നു. ആകർഷകമായ കണ്ണുകൾ. രക്തം തുളുമ്പുന്ന കവിളിൽ വെയിൽ തട്ടുമ്പോഴുണ്ടാകുന്ന മിന്നൽ അയാളെ ഉന്മേഷവാനാക്കി. ചുറ്റിയ മുണ്ടിന്റെ മേലേ നഗ്നത മറയ്ക്കാനെന്നവണ്ണം ഒരു ചെറിയ തോർത്തുമുണ്ട് മാത്രമുണ്ട്. അതിന്റെ കനംകുറവിൽ മാറിടവും വയറും വ്യക്തമായിക്കാണാം. "ആരാ മനസ്സിലായില്ല ?" വയസ്സുകൂടിയ സ്ത്രീയുടെ ശബ്ദം കേട്ടാണ് നാണപ്പയ്ക്ക് സ്വബോധമുണ്ടായത്. "ഞാൻ... ഞാൻ നാണപ്പ മേനോൻ." ആദ്യമായി അയാൾ പേരിനോടൊപ്പം മേനോൻ എന്നു കൂട്ടി. തനിക്ക് ഒരു ഗമ കിട്ടണമല്ലോ. "തത്തേടത്ത് മനയിലെ കാര്യസ്ഥൻ." എന്തെങ്കിലും സംസാരിക്കാനായി അയാൾ ചോദിച്ചു "ആഹാരം കിട്ടുന്ന വല്ല ഹോട്ടലും അടുത്തുണ്ടോ ? വിശപ്പ് സഹിക്കുന്നില്ല." അവർ ചിരിച്ചുകൊണ്ട് പറഞ്ഞു "ഈ ഗ്രാമത്തിൽ എവിടുന്ന് ഹോട്ടൽ. മൂന്ന് നാല് നാഴിക നടന്നാൽ ചങ്ങരംകുളം വരും. അവിടെ ഹോട്ടലുകളുണ്ട്. പിന്നെ കഞ്ഞി മതിയെങ്കിൽ ഞങ്ങളുടെ കൂടെ വരാം." അറിയാതെ തന്നെ അയാളുടെ കാലുകൾ അവരുടെ പിറകെ പോയി. ഓലമേഞ്ഞ ഒരു വീട്ടിലേക്ക് അവർ കയറി. വഴിയിൽ തന്നെ അവർ അവരെ പരിചയപ്പെടുത്തിയിരുന്നു. "ഞാൻ കുഞ്ഞമ്മ. ഇവൾ എന്റെ മരിച്ചുപോയ ജ്യേഷ്ഠത്തിയുടെ മകൾ മാധവി. എനിക്ക് രണ്ട് ആൺകുട്ടികളുണ്ട് കുട്ടപ്പ, ഉണ്ണി. ഉണ്ണി പഠിക്കുന്നു, കുട്ടപ്പ മറ്റുള്ളവരുടെ കൃഷിപ്പണിക്കുപോകും. കുട്ടികളുടെ അച്ഛൻ നമ്പൂതിരിയാണ്." അയാൾക്കറിയാമായിരുന്നു നായന്മാരുടെ വീടുകളിൽ സംബന്ധം വെച്ച് നടക്കുന്ന നമ്പൂതിരിമാർ അന്ന് പരക്കെ ഉണ്ടായിരുന്നു എന്ന്. വരുമ്പോൾ വല്ലതും കൊടുക്കും. പിന്നെ മനയ്ക്കൽ ആത്തോലമ്മമാർ വേറെയും. അയാൾക്ക് അതിലൊന്നും മനസ്സു നിന്നില്ല, മനസ്സു നിറയെ മാധവിയായിരുന്നു.

കഞ്ഞി വിളമ്പി മാധവി വിളിച്ചപ്പോൾ ഉമ്മറത്തിരുന്ന കിണ്ടിയിൽ വെള്ളമെടുത്ത് കൈകഴുകി അകത്തേക്ക് ചെന്നു. ഒരു കിണ്ണത്തിൽ കഞ്ഞിയും ഇലച്ചീന്തിൽ ഉപ്പുമാങ്ങയും വിളമ്പിയിരുന്നു. അയാളുടേയും മാധവിയുടേയും കണ്ണുകൾ കൂട്ടിമുട്ടി, ചുണ്ടുകളിൽ പുഞ്ചിരി പൊടിഞ്ഞു. ഉള്ളിന്റെയുള്ളിൽ ഒരു ഇക്കിളി വന്നു. കഞ്ഞി കുടിക്കൂ എന്ന് കുഞ്ഞമ്മ പറഞ്ഞപ്പോൾ അയാൾ ഇരുന്നു. കുത്തിവെച്ച പ്ലാവില കൊണ്ട് കഞ്ഞി മുക്കി കുടിച്ചപ്പോഴാണ് പുറത്തുനിന്ന് "അമ്മേ അമ്മേ" എന്ന വിളി കേട്ടത്. അയാൾ കൈകഴുകി മുറ്റത്തിറങ്ങി. മുറ്റത്ത് 18 വയസ്സ് വരുന്ന ഒരു യുവാവ്. മീശമുളക്കുന്നതേയുള്ളൂ, അദ്ധ്വാനശീലനാണ് എന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാം. "എന്റെ മോൻ കുട്ടപ്പ്" കുഞ്ഞമ്മ പറഞ്ഞു. അവനെ ഒന്ന് അടിമുടി നോക്കി എന്നിട്ട് പറഞ്ഞു "നേരം വളരെ ആയി ഞാൻ ഇറങ്ങുകയാണ്." "ഇവിടങ്ങളിൽ വരുമ്പോൾ ഇവിടെയും വരണം" കുഞ്ഞമ്മയുടെ സ്വരത്തിൽ എന്തോ ഒരു ആശയുള്ളതുപോലെ തോന്നി. പടിയിറങ്ങുമ്പോഴും മാധവി ഒളിഞ്ഞു നോക്കുന്നുണ്ടായിരുന്നു. അയാൾ മനസ്സിൽ മന്ത്രിച്ചു - 'തന്റെ സ്വപ്നത്തിലെ പെണ്ണ്, തന്റെ സ്വപ്നങ്ങൾ നെയ്തെടുക്കാൻ അദ്ധ്വാനശീലനായ ഒരു യുവാവ്, രണ്ടുപേരും തനിക്ക് വേണം. ഒരു വെടിക്ക് രണ്ട് പക്ഷികൾ.'

(തുടരും)

# ഉച്ചയൂൺക്കൂട്ട്

**രാജീവ് മാമ്പുള്ളി**
**9400418318**

ഒരിക്കൽ കൂടി നാമിരിക്കാമീ
തീൻമേശക്കിരുപുറമായി
ഓർമ്മക്കഥ വിളമ്പിയവറ്റിൻ
ചങ്ങാത്ത കിണ്ണങ്ങളിൽ ചിനക്കാം
പാശമേറും കനിമധുരങ്ങൾ
പങ്കിട്ടുണ്ട പശിക്കനവുകൾ
പടർന്ന ചിരികൾ വിടർന്ന ചിന്തകൾ
തുടർന്ന വഴക്കുകൾ അടർന്ന പരിഭവങ്ങൾ
പലതായ പലരായ
നാമൊത്തറിഞ്ഞ നിമിഷങ്ങൾ
പൂങ്കാറ്റായി പൂങ്കുരുവിയായി
പൂന്തോട്ടമായി പൂത്തിരിയൊളിയായ്
പകർന്നാനന്ദനമായി തിളച്ചിന്തും
തെളിച്ചന്തങ്ങൾ
വാക്കാലുണർന്ന ഉച്ചയൂൺകൂട്ട്
വറ്റാത്ത വറ്റു നിറയുമക്ഷയപാത്രം
നിറവൊത്തു നിനവിൽ
നാമെന്നും കാക്കണം
നിറകതിർ പുത്തരിയൊത്തുണ്ണണം
നമുക്കോണമായെന്നും പുലരണം!

# ഒറ്റക്കൊലുസ്സ്



ബിതാ ദാസ്
8075638695

എത്ര പണം കൊടുക്കാൻ തയ്യാറായാലും ഒരു ഗർഭപാത്രം വാടകക്ക് ലഭിക്കുക എന്നത് അത്ര എളുപ്പമല്ലെന്ന് സ്വന്തം അനുഭവത്തിൽ നിന്ന് കോവിലന് മനസ്സിലായി. എല്ലാ പ്രതീക്ഷകളും ഏകദേശം അസ്തമിക്കാറായപ്പോഴാണ് ഒരു ദിവസം ഡോ. മാലിനിയുടെ ഫോൺ കാൾ വന്നത്. സന്തോഷം കൊണ്ട് ഒന്നുറക്കെ കരയണമെന്ന് തോന്നി കോവിലന്. ആശുപത്രിയിലെ തന്നെ ഒരു സ്റ്റാഫ് തയ്യാറായിട്ടുണ്ടത്രേ. ഉടനെ കാര്യങ്ങൾ സംസാരിക്കാൻ നേരിട്ടു വരണമെന്ന്.

മാധവിയേയും കൂട്ടി ഡോക്ടറുടെ വിശ്രമമുറിയിൽ ആ സന്മനസിനുടമയേയും കാത്തുകാത്തിരിക്കവേ സമയം ഇഴയുകയാണെന്നു തോന്നി കോവിലന്. ഒടുവിൽ വന്നെത്തിയ വ്യക്തിയെക്കണ്ട് അയാളുടെ കണ്ണുകളിൽ ഇരുട്ടു കയറി. "കണ്ണകി". അവളുടെ മുഖത്ത് ഒരു ഭാവവ്യത്യാസവുമില്ല, പരിചയഭാവവും ഇല്ല. ടേംസ് സംസാരിച്ചുകൊണ്ടിരിക്കുന്നു. ഡോക്ടർ പറഞ്ഞതൊന്നും കേട്ടില്ല. യാന്ത്രികമായി മൂളിക്കൊണ്ടിരുന്നു. മാധവിയുടെ സന്തോഷം അലയടിച്ചു കൊണ്ടേയിരിക്കുന്ന മുഖത്ത് നോക്കാൻ ശക്തിയില്ലാതെ കോവിലൻ മുഖം താഴ്ത്തിയിരുന്നു.

ചില കടലാസുകൾ ഒപ്പിടാനുണ്ട്. ഫോർമാലിറ്റികൾ എല്ലാം പറഞ്ഞുറപ്പിച്ച് കണ്ണകി ഡോക്ടറോട് യാത്ര പറഞ്ഞു പോവും നേരം അയാൾ അവളുടെ കണ്ണുകളിലേക്കൊന്ന് പാളി നോക്കി. സ്ഫുലിംഗങ്ങൾക്കു പകരം നിർവ്വികാരത.

തിരിച്ച് വീട്ടിലേക്ക് പോവുമ്പോൾ മാധവി തീർത്തും സന്തോഷവതിയായിരുന്നു. അവൾ നിർത്താതെ സംസാരിച്ചുകൊണ്ടേയിരുന്നു. കോവിലൻ ഡ്രൈവ് ചെയ്യുന്നതിനിടക്ക് യാന്ത്രികമായി മൂളിക്കൊണ്ടുമിരുന്നു.

പഴയ കണ്ണകിയിൽ നിന്നും അവളിലേക്കുള്ള ദൂരമളക്കുകയായിരുന്നു അയാൾ. അവളെ മറന്നതിൽ അയാൾക്ക് വല്ലാത്ത കുറ്റബോധം തോന്നി. താനെത്ര മാറി. അയാളാലോചിച്ചു

പണ്ട് ഡ്രൈവറായ തന്റെ അച്ഛന് ഒരാക്സിഡണ്ട് പറ്റി ഇനി ഒരിക്കലും വളയം പിടിക്കാനാവില്ലെന്ന് ഡോക്ടർമാർ വിധിയെഴുതിയതോടെ ആസ്ഥാനം ഏറ്റെടുത്തത്, അച്ഛൻ ചികിത്സയിലായിരുന്ന ആശുപത്രിയിലെ നഴ്സിംഗ് വിദ്യാർത്ഥിനി കണ്ണകിയെ പരിചയപ്പെടുന്നത്, എപ്പോഴോ ആ ശാലീന സുന്ദരിയുമായുണ്ടായ സൗഹൃദം പ്രണയമായി മാറിയത് എല്ലാം അയാളുടെ മനസ്സിൽ പൂർവ്വാധികം ഭംഗിയോടെ തെളിഞ്ഞു.

പഠനം നിർത്തി ഡ്രൈവറായിട്ടും വീട്ടിലെ പ്രാരാബ്ധങ്ങൾ ഒന്നു തലയുയർത്താൻ സമ്മതിച്ചില്ല. അമ്മയുടെ അസുഖം അനിയത്തിമാരുടെ വിവാഹം, പ്രസവച്ചിലവുകൾ എല്ലാം കൂടിത്തളർത്തിയ കാലം. ആത്മസമർപ്പണത്തോടെ താങ്ങായി കൂടെ നിന്ന കണ്ണകി...

ആയിടക്കാണ് വിദേശത്തേക്ക് പോവാൻ ഒരവസരം വന്നത്. അതിനു പക്ഷേ കുറേ പണച്ചിലവുണ്ടായിരുന്നു. വണ്ടിവിറ്റിട്ടും തികഞ്ഞില്ല പലരോടും സഹായം ചോദിച്ചെങ്കിലും കിട്ടിയില്ല. അന്ന് കണ്ണകിയാണ് അവളും അമ്മയും താമസിക്കുന്ന കുഞ്ഞു വീടിന്റെ ആധാരം അമ്മയിൽ നിന്നും വാങ്ങിത്തന്നത്. മടിച്ചു നിന്ന തന്നോടവൾ പറഞ്ഞു: "നിനക്ക് അല്ല നമുക്കു വേണ്ടിയാണിത്. നിന്റെ ജോലി ശരിയായാൽ നമുക്കിത് തിരിച്ചെടുക്കാല്ലോ."
പക്ഷേ എന്നിട്ടും തികയാത്ത പണത്തിനായി അവൾ വീണ്ടും വഴി കണ്ടെത്തി. അവളുടെ പക്കലുള്ള ഏക സ്വർണ്ണാഭരണം, അവളുടെ അച്ഛന്റെ ഓർമ പേറുന്ന ഏക സമ്മാനം, ഒരു ജോഡി സ്വർണ്ണക്കൊലുസുകളിൽ ഒന്ന് എടുത്തു തന്നു.

താനിന്ന് എന്തായോ അത് ആ ആധാരത്തിന്റേയും ഒറ്റക്കൊലുസിന്റേയും ബലത്തിലാണ്. സമ്പന്നതയുടെ വിമാനയാത്രക്കിടയിൽ എവിടെയോ വച്ച് അവളെ മനസ്സിൽ നിന്നും ഇറക്കിവിട്ടു. ജോലി ചെയ്തിരുന്ന കമ്പനിയുടെ ഉടമസ്ഥന്റെ മകളെ ജീവിത സഖിയാക്കി.

അവൾക്ക് ഒരിക്കലും ഒരു കുഞ്ഞിനെ ചുമക്കാനാവില്ലെന്ന സത്യം അറിഞ്ഞതും അതുവരെയുണ്ടാക്കിയ പണക്കൂമ്പാരത്തിന് തീവയ്ക്കാൻ തോന്നി. എല്ലാം വെറുതെയായയെന്നൊരു തോന്നൽ.

ട്രീറ്റ്മെന്റുകളും നേർച്ചകളും വഴിപാടുകളും പലവിധം തുടർന്നു. എല്ലാം വെറുതെയായി. ആയിടക്കാണ് ഒരു സുഹൃത്തിന്റെ റെക്കമെന്റേഷൻ വഴി ഡോക്ടർ മാലിനിക്കു മുന്നിലും തുടർന്ന് കണ്ണകിക്കു മുന്നിലും എത്തിയത്. മാധവിയുടെ ശബ്ദം ചിന്തകൾക്ക് വിരാമമിട്ടു. പിന്നീടെല്ലാം ഒരൊഴുക്കായിരുന്നു. ആശുപത്രി ക്വാർട്ടേഴ്സിൽ നിന്ന് പരിസരത്തു തന്നെയുള്ള എല്ലാ സൗകര്യങ്ങളുമുള്ള ഒരു വീട്ടിലേക്ക് മാറാൻ ആദ്യം അവൾ സമ്മതിച്ചില്ലെങ്കിലും പിന്നീട് മാധവിയുടെ സ്നേഹപൂർവമുള്ള നിർബന്ധത്തിനു വഴങ്ങി. കണ്ണകിയും മാധവിയും ഒരേ മേൽക്കൂരക്കു കീഴിൽ താമസിച്ചപ്പോൾ അകാരണമായ ഒരു ഭയം കോവിലനെ വിഴുങ്ങി. പലപ്പോഴും മാധവിയുടെ നിർബന്ധത്തിനു വഴങ്ങി അവിടെ പോകേണ്ടി വന്നപ്പോ

ഴൊക്കെ ഒരിക്കലും കണ്ണകിയുടെ മുഖത്ത് നോക്കാതെ അവളുടെ വീർത്തു വീർത്തു വരുന്ന വയറിൽ മാത്രം നോക്കി അയാൾ ഇരുന്നു.

ഒരു ദിവസം കണ്ണകിക്ക് കനത്ത ബ്ലീഡിംഗ് തുടങ്ങിയതിനാൽ ഉടനെ ആശുപത്രിയിലെത്തിച്ചു, വേഗം വരണമെന്ന മാധവിയുടെ ഫോൺ കോളിനു പിന്നാലെ കോവിലനും അവിടെ കുതിച്ചെത്തി. നോർമൽ ഡെലിവറി നടക്കില്ല, ഓപ്പറേഷൻ തീയേറ്ററിൽ കയറ്റിയിട്ടുണ്ടെന്ന് അല്പം ഭീതിയോടെ പറഞ്ഞ മാധവിയുടെ മുഖത്തേക്ക് അയാൾ നിസ്സഹായതയോടെ നോക്കി.

വേഗത കൂടിയ ഹൃദയമിടിപ്പാടെയുള്ള കാത്തിരിപ്പിനൊടുവിൽ ഒരു പെൺകുഞ്ഞിനെ മാധവി ഏറ്റുവാങ്ങി. പണ്ട് തങ്ങളുടെ കുഞ്ഞിനായി കണ്ണകി കരുതിവച്ചിരുന്ന പേര യാൾ കുഞ്ഞിന്റെ കാതിൽ വിളിച്ചു. “മണിമേഘല ”

ഏതാനും മണിക്കൂറുകൾക്കു ശേഷം ഓപ്പറേഷൻ തീയേറ്ററിൽ നിന്നും പുറത്തേക്കുരുട്ടിക്കൊണ്ടുവന്ന ട്രോളിയിലെ വെള്ളപ്പുതപ്പ് മാറ്റി കോവിലൻ ഒന്നു നോക്കി. വിളറിയ സാന്ധ്യ നക്ഷത്രം പോലെ കണ്ണകിയുടെ ശാന്തമായ ചലനമറ്റ മുഖം.

എല്ലാ ഇലകളും ഒരുമിച്ചു കൊഴിഞ്ഞു പോയ ഒറ്റമരം പോലെ കോവിലൻ നിന്നു. വിദൂരതയിലെ വിടെയോ ഒരു ഒറ്റക്കൊലുസ്സ് നിർത്താതെ കിലുങ്ങിക്കൊണ്ടിരുന്നു. ●

**ഏറ്റവും ചുരുങ്ങിയ ചിലവിൽ ആവശ്യമുള്ള കോപ്പികൾ മാത്രം പ്രിന്റ് ചെയ്തു പ്രസിദ്ധീകരിക്കാനായി ഒരു നൂതന അവസരം...**

**Eka Thathwa 2021**
**New Venture**
**Print on Demand**

**പുസ്തക വില്പന ഓൺലൈനിലൂടെ ....**

**കൂടുതൽ അറിയാൻ വിളിക്കുക**
**9446443321, 9387118131**



# നുറുങ്ങുകവിതകൾ



**മുരളീധർ കൊല്ലത്ത്**
**9526714203, 9387475851**

**മാപ്പ്**
കാലൻ ഊതിക്കെടുത്തിയത്
ഞാൻ തെളിച്ച വിളക്ക്
വെളിച്ചമേ... മാപ്പ്

**മെഴുക്**
വെട്ടമേകാനാണ്
ഞാനുരുകിത്തീർന്നത്

**വെണ്ണീർ**
എനിയ്ക്ക് വിശക്കില്ല
കോരി കുടിയ്ക്കാൻ
ദുഃഖമുണ്ടല്ലൊ
എനിയ്ക്കു വിയർക്കില്ല
കോരിയൊഴിയ്ക്കാൻ
കണ്ണീരുമുണ്ട്.
വിറകു മാത്രം മതി
വെണ്ണീറാകാൻ

**തോൽവി**
ഞാൻ തോല്ക്കാൻ നിന്നു
തന്നപ്പോഴാണ് നീ ജയിച്ചത്
ചില ജയം അങ്ങിനെയാണ്
അങ്ങ് ജയിപ്പിച്ചു വിടും
തോൽവിയുടെ രുചി നുണഞ്ഞ്
നുണഞ്ഞ് ഞാനങ്ങനെ... ഹാ...

**ഇഷ്ടം**
ഇഷ്ടമില്ലെങ്കിൽ നിനക്കീ ജന്മത്തെ
നഷ്ടപ്പെടുത്തി ചിരിയ്ക്കാം
ചുറ്റിലും കൂർത്ത പരിഹാസ്സ
മുള്ളുകൾ ഹൃത്തടത്തിൽ
കുത്തിനിർത്താം.

**ചൂണ്ട**
ചൂണ്ടയുണ്ടെന്റെ കൈയ്യിൽ
ചോർത്തും മൂല്യങ്ങളെ ഞാൻ

**ചെണ്ട**
തല്ലുകൊണ്ടു കരയുന്ന പൂരമേ
നിന്റെ പേരോ ചെണ്ട

**പ്രണയം**
അടങ്ങാ പ്രണയത്തിൻ
സാക്ഷി പത്രം അക്ഷരം

**അഴക്**
കേവലം മുളന്തണ്ടല്ല
ഞാനൊരു
മൂളുന്നൊരോടക്കുഴലഴക്

**പേടി**
അന്ധകാരം എന്നെ
പേടിപ്പെടുത്തുന്നേയില്ല
എന്നാൽ അനുരാഗം അങ്ങിനെയല്ല

## കുറുങ്കവിതകൾ

**തമിഴിൽ സായ് വൈഷ്ണവി**
**പരിഭാഷ ദിനേഷ് കന്നിമാരി**
**9048913350**





### കാത്തിരിപ്പ്

നിനക്ക് വേണമെങ്കിൽ
കംപ്യൂട്ടറിനെ പ്രേമിക്കാം
പക്ഷെ ഞാൻ ജീവനുള്ള
ഒരു കവിതയ്ക്കായി
കാത്തിരിക്കുകയാണ്

### വിഴുങ്ങാൻ കഴിയാത്ത കവിതകൾ

എനിക്ക് വിശക്കുന്നു
ഞാൻ കവിതകളെ ഭക്ഷിച്ച്
വിശപ്പടക്കുന്നു
ചവച്ചരച്ച് വിഴുങ്ങാൻ പോലും
സാവകാശമില്ല
അവ തൊണ്ടയിൽ കുടുങ്ങി
അസ്വസ്ഥത അനുഭവിക്കുന്നു
ഖലീൽ ജിബ്രാന്റെ
കവിതകളെപ്പോലെ.

# രണ്ട് ആണുങ്ങൾ

**ഒന്നാമൻ**

“.... നയാപൈസ സ്ത്രീധനം വാങ്ങാതെ ഇതുപോലൊരു കരിമന്തിയെ കെട്ടിയെടുത്തതിന് ലോക സഹന അവാർഡ് എനിക്ക് തരണം. നിന്റെ തന്ത, വീടും സ്വത്തും എന്റെ പേർക്ക് തന്നെങ്കി പറയാനെന്തിരിക്കുന്നു. ഇത്ര അന്തസ്സുള്ള ഉദ്യോഗവും മമ്മൂട്ടിയെ പോലെ ലുക്കും ആർക്ക്ണ്ടെടി നിന്റെ കുടുംബത്ത്? എടീ അസത്തേ നിന്നോടാ.. നിന്റൊക്കെ മോന്ത കണ്ടാ എങ്ങനാ മനുഷ്യന്... പറഞ്ഞിട്ട് ന്ത് കാര്യം. എന്റെ തലേലെഴുത്ത്.. കുറെ പണി ചെയ്യിപ്പിക്കുന്നൂന്ന് കാട്ടാൻ രാവിലെ തൊട്ട് രാത്രി വരെ കിടന്നോടിക്കോളും മറ്റുള്ളോരെ ബോധിപ്പിക്കാൻ. ഉണ്ടാക്കണ ഒരു വസ്തു വായീവെക്കാൻ കൊള്ളില്ല. മൂശേട്ട...”

പാത്രങ്ങൾ കഴുകി പിറ്റേന്നത്തേക്കുള്ള തോരന് കറി കഷണങ്ങൾ നുറുക്കുമ്പോഴും അയാളുടെ ശകാരങ്ങൾ അവൾ കേൾക്കുന്നുണ്ടായിരുന്നു.

“അയ്യോ.. എടീ വേഗം ഓടി വാ.. നാശം പിടിച്ചവൾക്ക് വിളിച്ചാലും കേക്കില്ല. ടീ മൂധേവീ ഒന്ന് വാടീ വേഗം...”

വലിയ ധൃതിയൊന്നും കാട്ടാതെ ടീപ്പോയിൽ നിന്ന് ഒരു പേപ്പറെടുത്ത് ചുരുട്ടി അവൾ മുറിയിലേക്ക് നടന്നു. കട്ടിലിൽ ചുരുണ്ടു കൂടിയിരിക്കുന്ന അയാളെ സഹതാപത്തോടെ നോക്കിയശേഷം കയ്യിലെ പേപ്പർ ചുരുട്ട് ചുമരിന്റെ മൂലയിലേക്ക് ശക്തിയായടിച്ചു. ഈ ചെയ്തികൾക്ക് ഇങ്ങനൊക്കെത്തന്നെ താൻ ശിക്ഷയനുഭവിക്കണമായിരിക്കും. പ്രാർത്ഥനയോടെ മാപ്പപേക്ഷിച്ച് കൊന്ന ചിലന്തിയേയും കൊണ്ട് പുറത്തേക്ക് നടക്കുമ്പോൾ പിന്നേയും വിറയ്ക്കുന്ന ഒച്ചയിൽ ആ പിറുപിറുപ്പ് അവൾക്ക് തുണ വന്നു..

“...ങ്ഹും, ഒന്നിനും കൊള്ളാത്ത ശവം. വെല്യ ധൈര്യശാലീന്നാ വിചാരം...”



**ഇന്ദു മാരാത്ത്**
**9947678213**

**രണ്ടാമൻ**

*“... അമ്മയാണു പാരിടത്തിൽ*
*നമ്മൾ കാണും ദൈവം*
*അമ്മയെ മറക്കരുതേ*
*ജീവനുള്ള കാലം...”*

അച്ഛമ്മ പകർന്നു കൊടുത്ത പ്രാർത്ഥനാ ഗാനം അച്ഛനിൽ നിന്നും മകനേറ്റു ചൊല്ലുന്നത് അയാൾ നിറമിഴികളോടെ നോക്കി നിന്നു.

സ്കൂൾ വാർഷികാഘോഷങ്ങൾക്ക് ശേഷം കൈ നിറയെ സമ്മാനങ്ങളുമായി ഓടി വന്ന രണ്ടാം ക്ലാസുകാരനെ ആ അച്ഛൻ വാരിപ്പുണർന്നു.

“.. ഇതൊക്കെ അച്ഛനുള്ളതാ. അച്ഛനല്ലേ കവിതയും, അക്ഷരശ്ലോകവും, നാടൻപാട്ടുമൊക്കെ പഠിപ്പിച്ചു തന്നത്. അമ്മയുണ്ടെങ്കി അച്ഛനിത്ര കഷ്ടമുണ്ടാവില്ലാ. ഒക്കെ ബാക്കീള്ളോർടെപോലെ അമ്മ പറഞ്ഞു തരുമായിരുന്നു.”

അച്ഛനെ വിഷമിപ്പിക്കാതെ തന്നെ അവന്റെ കുഞ്ഞാഗ്രഹവും സൂചിപ്പിച്ചത് അയാൾ ചിരിയിൽ മറച്ചു. അതവന് അടുത്ത ചോദ്യത്തിനുള്ള പ്രേരണയായി.

“എന്റമ്മ ഗൾഫീന്നിനി എന്നാച്ഛാ വരുന്നേ.. ’

അയാൾ കുറച്ചിട കണ്ണുകളടച്ചിരുന്നു.

“അമ്മക്കവിടെ ജോലിത്തിരക്കുകള്ളേ മോനേ. അതൊക്കെയൊന്ന് ഒതുങ്ങിക്കഴിഞ്ഞാൽ...”

ഇതുതന്നെയാണ് അച്ഛനെന്നും അമ്മയെ പറ്റി ചോദിച്ചാൽ ആവർത്തിക്കുക എന്നവനറിയാമായിരുന്നു.

അവനെ തനിച്ചു വളർത്താനുള്ള അച്ഛന്റെ കഷ്ടപ്പാടുകളും അസുഖത്തിലുള്ള അവശതയും കണ്ട് അവന് വല്ലാത്ത സങ്കടമായിരുന്നു. അപ്പോഴും അച്ഛൻ വരച്ചു കൊടുത്ത അമ്മച്ചിത്രത്തിന്റെ ചാരുതയിൽ അവൻ പ്രതീക്ഷയോടെ നോക്കിയിരുന്നു.

അന്നവൻ കോളേജിൽ നിന്ന് വരുമ്പോൾ വീടിനകത്ത് നിന്നും അച്ഛന്റെ തളർന്ന ശബ്ദം..

“മോനൊന്നുമറിയില്ല.. ഓരോ പ്രഭാതത്തിലും നീ എന്നു വരുമെന്ന ചോദ്യം ചോദിച്ചാണ് അവനുണരുക.”

“മാപ്പ് യാചിക്കാൻ പോലും അർഹതയില്ലാത്ത പാപിയാണ് ഞാൻ. ചേട്ടനോടും എന്റെ പൊന്നുമോനോടും ചതി ചെയ്തവൾ. എന്നെ വെറുക്കാതിരിക്കാൻ എങ്ങനെയാവുന്നു. ഈ സ്നേഹമാണ് എന്റെ പാപത്തിനുള്ള ഏറ്റവും വലിയ ശിക്ഷ...”


അവൻ അകത്തേക്ക് കയറി അച്ഛന്റെ കാൽച്ചുവട്ടിലിരിക്കുന്ന ക്ഷീണിച്ച സ്ത്രീരൂപത്തെ നോക്കി. പിന്നെ, അച്ഛന്റെ ശാന്തമായ മുഖവും...

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## കാലം

കാലമാകെ മാറിയില്ലേ. കമ്പ്യൂട്ടർ യുഗമല്ലേ. വെറും ഈ കൈയ്യിലാ ഇപ്പോൾ ലോകം, ജീവിതവും.

വലത് കൈ ഉയർത്തി അവൻ ഫോണിലൂടെ ആരോടോ പറഞ്ഞതിന് അവൾ ആരോടെന്നില്ലാതെ മറുപടി നൽകി.

കയ്യിലും ചട്ടുകുമൊക്കെ തന്നെ പലരുടേയും ലോകം, ജീവിതവും. കാലം ഒട്ടും മാറിയിട്ടില്ല.

## കടുപ്പം

ഞാൻ ഇന്നലെ വൈകീട്ട് വിളിച്ചിരുന്നു നീയപ്പോൾ പരിധിയ്ക്ക് പുറത്ത്.

ആണോ സോറി... നീ പറയ്.

എയ് അത്ര വലിയ വിഷയമൊന്നുമല്ല. എന്നാൽ ചെറുതുമല്ല. എന്റെ ചെറിയ പയ്യനില്ലേ അവന് ഒരു കാര്യത്തിനുവേണ്ടിയാ.

ആർക്ക് റിജുവിനോ... എന്താ വേണ്ടത്.

ഒരു പ്രസംഗം തയ്യാറാക്കി തരണം. സോഷ്യൽ മീഡിയയുടെ ദോഷവശങ്ങൾ. ഒരു പരിപാടിയിൽ പങ്കെടുക്കാനാ. കടുപ്പമുള്ള വാക്കുകൾ കുറക്കണം ട്ടൊ. ചെക്കൻ ഏഴിലാ അത് മറക്കണ്ട. നിന്റെയാ സ്ഥിരം... അത്ര കട്ടി വേണ്ട എന്നാൽ അതിശക്തമായിരിക്കണം. പിന്നെ നിന്റെ പതിവ് ആ പരിപാടി ഉണ്ടല്ലോ രണ്ട് ഭാഗവും തലോടി ഗുണവുമുണ്ട് ദോഷവുമുണ്ട് നല്ല രീതിയിൽ ഉപയോഗിച്ചാൽ എന്നൊക്കെ പറയുന്ന ഒരു സ്റ്റൈൽ അതും വേണ്ട. ദോഷവശങ്ങൾ മാത്രം ശക്തമായിട്ട് പറഞ്ഞ് കടുത്ത വിമർശനത്തിലൂടെ പുതുതലമുറയെ പൂർണ്ണമായി വഴി തെറ്റിക്കും എന്ന് തന്നെ സ്ഥാപിക്കണം.

ഓകെ. എന്നത്തേക്ക് വേണം. നമ്മൾ എപ്പോൾ കാണും.

എന്നത്തേക്കെന്നോ... കൊള്ളാം ഇന്ന് കിട്ടണം. അതിന് ഇനി കാണാൻ വരികയൊന്നുമില്ല നീ എഴുതി വാട്സ് അപ് ചെയ്യ്...

## നിലപാട്

വാരികയിൽ കവിത വന്നോ എന്നന്വേഷിച്ച് ആശങ്കപ്പെടുന്ന മൂത്തവനേക്കാൾ റേഷൻ പീടികയിൽ അരിവന്നോ എന്നന്വേഷിച്ച് ആശങ്കപ്പെടുന്ന ഇളയവനെയാണെനിക്കിഷ്ടം.

അമ്മയുടെ ഉറച്ച നിലപാട്.

## സഹായി

ദേവകിയേടത്ത്യേ...ദാ ങ്ങടെ ഗോപാലേട്ടൻ... ഒന്ന് പിടിക്കിൻ താഴെയെറക്കട്ടെ.

എവിടന്നാ പ്രകാശാ അണക്ക് ഇതിനെ കിട്ടീത്...

ഒന്നും പറയണ്ട. കാലോണ്ട് വയ്യാന്ന് കർതീട്ട് അണക്ക് ഒരു വിഷമോം വേണ്ട ട്ടൊ. അണക്ക് എന്ത് സഹായത്തിനും ഞാൻ ണ്ട് എന്നും പറഞ്ഞ് എന്റെ വീട്ടിൽക്ക് കയറി വന്നതാ. കുടിച്ച് പൂക്കുറ്റിയായിട്ട്. വീടിന്റെ ഉമ്മറം മുഴുവൻ ഛർദ്ദിച്ച് എരപ്പാക്കി. ഞാൻ ഒരുവിധം പിടിച്ച് വലിച്ച് ഈ വണ്ടീ മ്മ് പ്ല്ക്ക് കേറ്റി കൊണ്ടന്നതാ. എനിക്ക് തന്നെ നിൽക്കാൻ വയ്യ അപ്പഴാ... ഇതു പോലെ ഓരോന്ന്...

പ്രകാശന്റെ മുച്ചക്ര വണ്ടിയിൽ നിന്ന് ഒരുവിധം പിടിച്ചിറക്കി ഗോപാലേട്ടനെ കോലായിലിരുത്തുമ്പോൾ ദേവകിയേടത്തി സ്വയം പറഞ്ഞു.

ഇതന്നെ എന്നും സ്ഥിതി. മാരണം.

പ്രകാശൻ വണ്ടി തിരിക്കുമ്പോൾ ഗോപാലൻ കുഴഞ്ഞ ശബ്ദത്തിൽ വിളിച്ചു പറഞ്ഞു.

എടാ പ്രകാശാ യ്യ് ഇതൊന്നും കാര്യാക്കണ്ട കലോണ്ട് വയ്യാന്ന് കരുതി യ്യ് വിഷമിക്കണ്ട. അണക്ക് ഞാൻണ്ട്... എന്താവശ്യത്തിനും ഒരൊറ്റ വിളി... അപ്പൊ എത്തും... ട്ടൊ... മടിക്കർത്...

## പരാതികൾ

ഇപ്പോൾ അവനൊക്കെ വലിയ ആളായി. സാമ്പത്തികമായൊക്കെ നല്ല നിലയിലായി. തമ്മിൽ കണ്ടാലൊന്നും അറിയാതായി, മിണ്ടാൻ മടിയായി. അതൊക്കെ അങ്ങനെ തന്നെയാണ് ലോകം. പണ്ടൊക്കെ എപ്പഴും സഹായം ചോദിച്ച് വീട്ടിൽ വരും. അതൊക്കെ അവൻ മറന്നു.

അതൊക്കെ ശരി അന്ന് ചോദിച്ചു വന്നപ്പോൾ വല്ല സഹായവും ചെയ്തിരുന്നോ.

ഏയ്. അന്നൊക്കെ എങ്ങനെ വിശ്വസിച്ചു കൊടുക്കും നക്കുപ്പിനു ഗതിയില്ലാത്തോന്...

## അടിസ്ഥാനം.

അഭിപ്രായങ്ങളും വിമർശനങ്ങളും കേട്ട് മുന്നോട്ട് പോകണം അതാണ് എപ്പോഴും യഥാർത്ഥ വിജയത്തിന്റെ അടിസ്ഥാനം എന്ന് ഒന്നാമൻ.

തീർച്ചയായും എന്നാൽ ഈ അഭിപ്രായവും വിമർശനവും കാച്ചുന്നവന്റെ അവസ്ഥയും നിലവാരവും ഒക്കെ ഒന്ന് നോക്കണം അതാണ് എപ്പോഴും യഥാർത്ഥ വിവരത്തിന്റെ അടിസ്ഥാനം എന്ന് രണ്ടാമൻ.

## ഉഴപ്പൻ

പിന്നല്ലാതെ.... ആൾക്കാരുടെ ഇടയിൽ വെച്ചു തന്നെയാ പറഞ്ഞത്. എല്ലാവരും കേട്ടു. നീ വെറും ഉഴപ്പനാ... മടിയനാ ഒരു കാലത്തും നേരെയാവില്ല. നിന്നെ ഊണ് കഴിക്കാനും ഉറങ്ങാനും മാത്രമേ പറ്റൂ... ഇനി എന്നെ പറയാൻ ഒന്നും ബാക്കിയില്ല ആ വിവരം കെട്ടവൻ...

കഷ്ടം, വളരെ മോശമായല്ലോ അത്. എന്നിട്ട് നീയെന്തു ചെയ്തു

ഏയ് ഞാനൊന്നും ചെയ്തതുമില്ല ഒന്നും പറഞ്ഞതുമില്ല. എന്തിനാ വെറുതെ എന്നെ കൊണ്ടാവില്ല...



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# മഹാത്മാഗാന്ധി

**മഹാത്മാ** : 1914ൽ തെക്കേ ആഫ്രിക്കയിൽ വെച്ച് ലഭിച്ച വിശേഷണം.




1919 മാർച്ച് 10 :
**റൗളത്ത് നിയമം**
(ഗാന്ധിജിയുടെ പ്രവർത്തനങ്ങളെ പ്രതിരോധിക്കാൻ സമരത്തിൽ പങ്കെടുക്കുന്നവരെ കുറ്റവാളികളായി കണക്കാക്കി വിചാരണ കൂടാതെ ശിക്ഷിക്കാനുള്ള നിയമം)

**“ നാളെ നിങ്ങൾ മരിക്കുന്നതുപോലെ ജീവിക്കുക. നിങ്ങൾ എന്നെന്നും ജീവിക്കുന്നതുപോലെ പഠിക്കുക.”**

This space is sponsored by a well-wisher

കുശാഗ്രബുദ്ധിക്കായൊരു

## ചോദ്യം...




ഉത്തരം അടുത്ത ലക്കത്തിൽ...

കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റെ ഉത്തരം 118.

1st Row:- 8+8+8=24
2nd Row:-10+10+6=26 (Flower with 8 petals so 6)
3rd Row:- 3+10+8=21 (Bear with Bow =10, Bow=3)
4th Row:- (2x3)+(16x7)=118 so Answer =118



# പാഥേയം പങ്കിട്ടവർ

**അദ്ധ്യാപകനും സാഹിത്യകാരനുമായ ഇ. എൻ. നാരായണൻ സാറുടെ ആത്മകഥയിലെ പ്രസക്ത ഭാഗങ്ങൾ അടുത്ത ലക്കം മുതൽ ഏക തത്ത്വയിലൂടെ വായിക്കുക...**

# ഏക തത്ത്വ മാസിക

## വരിസംഖ്യ

ഒറ്റപ്രതി - 15 രൂപ

**ഒന്നിച്ചടയ്ക്കുമ്പോൾ**


ഒരു വർഷത്തിന് - 180 രൂപ
രണ്ടു വർഷത്തിന് - 340 രൂപ
മൂന്ന് വർഷത്തിന് - 500 രൂപ

മണിയോഡറായോ ബാങ്ക് ട്രാൻസ്ഫർ ആയോ പണമടയ്ക്കാവുന്നതാണ്.
അയക്കേണ്ട വിലാസം:
എ9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് - 678001

ഏക തത്ത്വ കറന്റ് അക്കൗണ്ട് നമ്പർ - 33077202787
എസ്. ബി. ഐ. സിവിൽ സ്റ്റേഷൻ ബ്രാഞ്ച്, പാലക്കാട്
IFS കോഡ് - SBIN 0004925

കെ. എസ്. എഫ്. ഇ. സുഗമ അക്കൗണ്ടിലൂടേയും പണമടയ്ക്കാവുന്നതാണ്.
അക്കൗണ്ട് നമ്പർ - 3337,
പാലക്കാട് ബ്രാഞ്ച് II

Published on 15/01/2020, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 11, Issue 3, February 2021, Rs. 15/-
Postal Regn No. KL/PGT/032/2020-2022, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2020-2022



Eka Thathwa Personalised Gift, Craft, Painting & Services on Demand

For Enquiries Use 9446443321, 9387118131